രജിസ്ട്രി നമ്പർ DL- 33004/99 **രജിസ്ട്രേഷൻ നമ്പർ ഡി. എൽ.-33004/99**

# ദി ഗസറ്റ് ഓഫ് ഇന്ത്യ

സിജി ഡിഎൽ എ-28012026-269620

**സിജി-ഡിഎൽ-ഇ-28012026-269620**

**അസാധാരണം**

**ഭാഗം II- വിഭാഗം 3 ഉപവിഭാഗം (ii)**

**അനുമതിപ്രകാരം പ്രസിദ്ധീകരിച്ചത്**

---

---

**നമ്പർ 360] ന്യൂഡൽഹി, ബുധൻ, 28 ജനുവരി 2026/മാഗ് 8, 1947**

## പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം

### അറിയിപ്പ്

**ന്യൂഡൽഹി, ജനുവരി 27, 2026**

**എസ്.ഒ. 388 (ഇ). ഖരമാലിന്യ-സംസ്കരണ ചട്ടങ്ങൾ, 2016-നെ മാറ്റിസ്ഥാപിക്കുന്നതിനായി 2024-ലെ ഖരമാലിന്യ-സംസ്കരണ ചട്ടങ്ങളുടെ കരട് അടങ്ങിയ വിജ്ഞാപനം, പ്രസ്തുത വിജ്ഞാപനം അടങ്ങിയ ഗസറ്റിന്റെ പകർപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ**

**തീയതി മുതൽ അറുപത് ദിവസത്തെ കാലാവധി അവസാനിക്കുന്നതിന് മുമ്പ്, ഇത് ബാധകമാകാൻ സാധ്യതയുള്ള എല്ലാ വ്യക്തികളിൽനിന്നും തടസ്സവാദങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതിനായി 2024 ഡിസംബർ 9-ന് അസാധാരണ ഇന്ത്യൻ ഗസറ്റ്, ഭാഗം II, വകുപ്പ് 3, ഉപവകുപ്പ് (ii)-ൽ വിജ്ഞാപന നമ്പർ G.S.R. 5369 (E) പ്രകാരം പ്രസിദ്ധീകരിച്ചതിനാലും,**

**പ്രസ്തുത വിജ്ഞാപനം അടങ്ങിയ ഗസറ്റിന്റെ പകർപ്പുകൾ 2024 ഡിസംബർ 14-ആം തീയതി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതിനാലും; പ്രസ്തുത കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിനുള്ളിൽ പൊതുജനങ്ങളിൽ നിന്ന് ലഭിച്ച തടസ്സവാദങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ യഥാവിധി പരിഗണിച്ചതിനാലും;**

അതിനാൽ, 1986-ലെ പരിസ്ഥിതി (സംരക്ഷണ) ചട്ടത്തിലെ (1986-ലെ 29) വകുപ്പ് 3, 6, 25 എന്നിവ പ്രകാരം നൽകിയിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2016-ലെ ഖരമാലിന്യ-സംസ്കരണ ചട്ടങ്ങൾക്ക് റദ്ദാക്കിയും, അത്തരം റദ്ദാക്കലിന് മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ ഒഴികെ, ഖരമാലിന്യ-സംസ്കരണത്തിനായി കേന്ദ്ര സർക്കാർ ഇനിപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ നിർമ്മിക്കുന്നു, അതായത്:-

## അധ്യായം I

1. **ചുരുക്കപ്പേരും പ്രാരംഭവും** .—(1) ഈ ചട്ടങ്ങളെ ഖരമാലിന്യപരിപാലന ചട്ടങ്ങൾ, 2026 എന്ന് വിളിക്കാവുന്നതാണ്.

(2) അവ 2026 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**2. ബാധകമാകുന്നത് :—ഈ ചട്ടങ്ങൾ, നഗര, ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സർക്കാർ, സ്വകാര്യ മേഖല അല്ലെങ്കിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നതോ പരിപാലിക്കപ്പെടുന്നതോ ആയ എല്ലാ സ്ഥാപനങ്ങളും; പ്രത്യേക വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾ; വിജ്ഞാപനം ചെയ്യപ്പെട്ട വ്യാവസായിക മേഖലകൾ അല്ലെങ്കിൽ ടൗൺഷിപ്പുകൾ; പ്രത്യേക സാമ്പത്തിക മേഖലകൾ; ഭക്ഷ്യ പാർക്കുകൾ; ഇന്ത്യൻ റെയിൽവേയുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളായ റെയിൽവേ സ്റ്റേഷനുകൾ, റെയിൽവേ ട്രാക്കുകൾ, റെയിൽവേ ട്രാക്കുകൾക്ക് സമീപമുള്ള ലാൻഡ് പാഴ്സലുകൾ; വിമാനത്താവളങ്ങൾ; എയർബേസുകൾ; ഡ്രൈ പോർട്ടുകൾ ഉൾപ്പെടെയുള്ള പോർട്ടുകൾ, തുറമുഖങ്ങൾ; പ്രതിരോധ സ്ഥാപനങ്ങൾ; പൊതു, സ്വകാര്യ സ്ഥാപനങ്ങൾ; സംസ്ഥാന, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ; തീർത്ഥാടനവും മതവുമായി ബന്ധപ്പെട്ടതും ചരിത്രപരമായ പ്രാധാന്യമുള്ളതുമായ സ്ഥലങ്ങൾ, ഭൂമി കൈവശം വച്ചിരിക്കുന്ന പൊതു, അല്ലെങ്കിൽ സ്വകാര്യ, വ്യക്തി അല്ലെങ്കിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾ; ഓരോ ഗാർഹികവും, സ്ഥാപനപരവും, വാണിജ്യപരവും, മറ്റ് ഏതെങ്കിലും പാർപ്പിടേതരവുമായ ഖരമാലിന്യത്തിന്റെ ഉത്പാദകർ എന്നിവയ്ക്ക് ബാധകമാകുന്നതായിരിക്കും. 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമപ്രകാരം രൂപപ്പെടുത്തിയ പ്രത്യേക ചട്ടങ്ങൾക്ക് കീഴിൽ വരുന്ന വ്യാവസായിക മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ, അപകടകരമായ രാസവസ്തുക്കൾ, ബയോ-മെഡിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, ബാറ്ററി മാലിന്യങ്ങൾ, റേഡിയോ-ആക്ടീവ് മാലിന്യങ്ങൾ എന്നിവ ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ല.**

**3. നിർവചനങ്ങൾ**.— (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ,—

(a) **“എയറോബിക് കമ്പോസ്റ്റിംഗ്”** എന്നാൽ, ഓക്സിജന്റെ സാന്നിധ്യത്തിൽ ജൈവവസ്തുക്കളുടെ മൈക്രോബിയൽ വിഘടനം ഉൾപ്പെടുന്ന ഒരു നിയന്ത്രിത പ്രക്രിയ എന്നാണ് അർത്ഥമാകുന്നത്;

(b) "കാർഷിക അവശിഷ്ടം" എന്നാൽ, വിളകളുടെ വിളവെടുപ്പിനുശേഷം കാർഷിക, അല്ലെങ്കിൽ ഉദ്യാന വിളകളുടെ വയലുകളിൽ നിന്നോ തോട്ടത്തിൽ നിന്നോ ഉണ്ടാകുന്ന വിള അവശിഷ്ടങ്ങൾ, അല്ലെങ്കിൽ വിള മാലിന്യങ്ങൾ എന്നാണ് അർത്ഥമാകുന്നത്, ഉദാഹരണത്തിന് വയ്ക്കോൽ, തൊണ്ട് മുതലായവ.

(c) **“നിർവായു ജൈവ-വിഘടനം”** (അനെയ്റോബിക് ഡൈജഷൻ) എന്നാൽ, ഓക്സിജന്റെ അഭാവത്തിൽ ജൈവവസ്തുക്കളുടെ സൂക്ഷ്മ-മൈക്രോബിയൽ വിഘടനം ഉൾപ്പെടുന്ന ഒരു നിയന്ത്രിത പ്രക്രിയ എന്നാണ് അർത്ഥമാകുന്നത്;

(d) **"അധികാരാനുമതി"** എന്നാൽ, ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ, അതതുസംഗതിപോലെ, ഈ ചട്ടങ്ങൾ പ്രകാരം, മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഉത്തരവാദിത്തമുള്ള, ഒരു ഫെസിലിറ്റിയ്ക്കോ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ മറ്റേതെങ്കിലും ഏജൻസിയ്ക്കോ നൽകുന്ന അനുമതി എന്നാണ് അർത്ഥമാകുന്നത്;

(e) **"ജൈവ മാലിന്യം"** എന്നാൽ, സൂക്ഷ്മാണുക്കൾക്ക്, കൂടുതൽ ലളിതമായ സ്ഥിരതയുള്ള സംയുക്തങ്ങളാക്കി വിഘടിപ്പിക്കാൻ കഴിയുന്ന ഏതെങ്കിലും ജൈവവസ്തുവാണ്;

(f) **"ബയോ-മെത്തനേഷൻ**" എന്നാൽ, മീഥെയ്ൻ സമ്പുഷ്ടമായ ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് സൂക്ഷ്മജീവാണുക്കൾ

എൻസൈമുകൾ മുഖേന ജൈവവസ്തുക്കളെ വിഘടപ്പിക്കുന്ന ഒരു പ്രക്രിയയാണ്;

(g) **"ബ്രാൻഡ് ഉടമ"** എന്നാൽ, രജിസ്റ്റർ ചെയ്ത ബ്രാൻഡ് ലേബലിന് കീഴിൽ ഏതെങ്കിലും ഉൽപ്പന്നം വിൽക്കുന്ന ഒരു വ്യക്തിയോ കമ്പനിയോ ആണ്;

(h) **"ബഫർ സോൺ"** എന്നാൽ, പ്രതിദിനം അഞ്ചു ടണ്ണിൽ കൂടുതൽ സ്ഥാപിതശേഷിയുള്ള ഖരമാലിന്യ സംസ്കരണ, നിർമ്മർജ്ജന സംവിധാനങ്ങൾക്കുചുറ്റും പരിപാലിക്കേണ്ടതായ ഒരു മേഖല എന്നാണ് അർത്ഥമാകുന്നത്. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിന്, ബഫർ സോണിന്റെ വലുപ്പത്തിനും നടത്തേണ്ട പ്രവർത്തനങ്ങൾക്കുമനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ശേഷിയുടെയും മലിനീകരണത്തോതിന്റെയും അടിസ്ഥാനത്തിൽ, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് തയാറാക്കേണ്ടതും, ഖരമാലിന്യ സംസ്കരണ, നിർമ്മാർജ്ജന സംവിധാനത്തിനായി അനുവദിച്ച മൊത്തം പ്രദേശത്തിനുള്ളിൽ തന്നെ ബഫർ സോൺ നിലനിർത്തേണ്ടതുമാണ്;

(i) **“വൻകിട മാലിന്യ ഉത്പാദകർ”** എന്നാൽ (മാലിന്യങ്ങൾ വലിയ അളവിൽ ഉത്പാദിപ്പിക്കുന്നവർ), താഴെ പറയുന്ന ഏതെങ്കിലും ഒരു മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ,

(i) 20,000 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ; അല്ലെങ്കിൽ

(ii) പ്രതിദിനം 40000 ലിറ്റർ ജല ഉപഭോഗം; അല്ലെങ്കിൽ

(iii) പ്രതിദിനം 100 കിലോഗ്രാം അജൈവമാലിന്യ ഉത്പാദനം, അതായത്:-

(a) കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപന ഉപയോക്താക്കൾ,-/ താഴെ പറയുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന സ്ഥാപന ഉപയോക്താക്കൾ

(i) കേന്ദ്ര സർക്കാർ വകുപ്പുകൾ, അല്ലെങ്കിൽ സംരംഭ ങ്ങൾ, സംസ്ഥാന സർക്കാർ വകുപ്പുകൾ, അല്ലെങ്കിൽ സംരംഭങ്ങൾ;

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ;

(iii) പൊതുമേഖലാ സ്ഥാപനങ്ങൾ, അല്ലെങ്കിൽ സ്വകാര്യ കമ്പനികൾ;

(iv) സ്കൂളുകൾ, കോളെജുകൾ, സർവകലാശാലകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ; എന്നിവയും.

(v) സാമൂഹിക കേന്ദ്രങ്ങൾ അല്ലെങ്കിൽ അതുപോലെയുള്ളവയും;

(b) താഴെപ്പറയുന്നവ ഉൾക്കൊള്ളുന്ന വാണിജ്യ ഉപയോക്താക്കൾ;-

(i) റെയിൽവേ, ബസ് സ്റ്റേഷനുകൾ, അല്ലെങ്കിൽ ഡിപ്പോകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങൾ;

(ii) വ്യാവസായിക യൂണിറ്റുകളും വ്യാവസായിക മേഖലകളും;

(iii) മാളുകൾ, മൾട്ടിപ്ലെക്സുകൾ;

(iv) ഹോട്ടലുകൾ;

(v) ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ;

(vi) ഹോസ്റ്റലുകൾ;

(vii) കാർഷിക, ഉദ്യാന  ഉത്പ്പന്നങ്ങൾ, മത്സ്യം, മാംസം എന്നിവയ്ക്കായുള്ള മൊത്ത വില്പന കേന്ദ്രങ്ങൾ ,മാർക്കറ്റുകൾ

(viii) സ്റ്റേഡിയം, സ്പോർട്ട്സ്  കോംപ്ലക്സുകൾ;

(ix) കമ്മ്യൂണിറ്റി ഹാളുകൾ, കൺവെൻഷൻ ഹാളുകൾ, ഓഡിറ്റോറിയം;

(x) വിവാഹ, അല്ലെങ്കിൽ വിരുന്ന് ഹാളുകൾ;

(xi) കോൺഫറൻസ് സെന്ററുകൾ, എക്സ്പോ സെന്ററുകൾ, എക്സിബിഷൻ സ്ഥലങ്ങൾ;എന്നിവയും

(xii) വിനോദ സഞ്ചാര സ്ഥലങ്ങളും

(c) റെസിഡെൻഷ്യൽ അസ്സോസിയേഷനുകൾ

(j) "**ബൈ-ലോ" (ഉപ-നിയമങ്ങൾ**) എന്നാൽ, സെൻസസ് ടൗൺ, വിജ്ഞാപിത ഏരിയ ടൗൺഷിപ്പുകൾ എന്നിവയുൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം അവയുടെ അധികാരപരിധിയിൽ ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിജ്ഞാപനം ചെയ്ത നിയന്ത്രണ ചട്ടക്കൂട് എന്നാണ് അർത്ഥമാകുന്നത്;

(k) "**സെൻസസ് ടൗൺ**" എന്നാൽ, രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ നിർവചിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു നഗര പ്രദേശം എന്നാണ് അർത്ഥമാകുന്നത്;

(l) "**കംബസ്റ്റിബിൾ മാലിന്യം**" (കത്തിച്ച് സംസ്കരിക്കാവുന്ന മാലിന്യം) എന്നാൽ, 1500 കിലോ കലോറി/കിലോഗ്രാമിൽ കൂടുതലുള്ളതും ക്ലോറിനേറ്റ് ചെയ്ത വസ്തുക്കൾ ഒഴികെയുള്ളതുമായ ജൈവവിഘടനം സാധ്യമല്ലാത്തതും, പുന:ചംക്രമണ യോഗ്യമല്ലാത്തതും, പുനരുപയോഗിക്കാൻ കഴിയാത്തതും, അപകടകരമല്ലാത്തതുമായ അജൈവ മാലിന്യമാണ്;

(m) "**കമ്പോസ്റ്റിംഗ്**" എന്നാൽ, ജൈവവസ്തുക്കളുടെ സൂക്ഷ്മ-ജൈവിക വിഘടനം സംഭവിക്കുന്ന ഒരു നിയന്ത്രിത പ്രക്രിയയാണ്;

(n) "**കോൺട്രാക്ടർ**" എന്നാൽ, സേവനം നൽകുന്ന അതോറിറ്റിക്ക് സേവനം നൽകുന്നതിനോ ജോലി ചെയ്യുന്നതിനോ സാധന സാമഗ്രികൾ നൽകുന്നതിനോ തൊഴിലാളികളെ നൽകുന്നതിനോ കരാർ ഏറ്റെടുക്കുന്ന ഒരു വ്യക്തി, അല്ലെങ്കിൽ സ്ഥാപനം എന്നാകുന്നു ;

(o) "**സഹ-സംസ്കരണം**" എന്നാൽ, വ്യാവസായിക പ്രക്രിയകളിൽ, പ്രകൃതിദത്ത ധാതു വിഭവങ്ങൾക്കും ഫോസിൽ (പുരാതന സസ്യ

മൃഗാവശിഷ്ടങ്ങൾ) ഇന്ധനങ്ങൾക്കും പകരമായി ജൈവവിഘടനം സാധ്യമല്ലാത്തതും, പുന:ചംക്രമണയോഗ്യമല്ലാത്തതുമായ 1500 kcal/kg-ൽ കൂടുതൽ കലോറി മൂല്യമുള്ള ഖരമാലിന്യങ്ങൾ അസംസ്കൃത വസ്തുവായോ ഊർജ്ജ സ്രോതസ്സായോ ഉപയോഗിക്കുകയോ അനുബന്ധമായി ചേർക്കുകയോ ചെയുന്നത് ;

(p) **"വികേന്ദ്രീകൃത സംസ്കരണം"** എന്നാൽ, ഖരമാലിന്യത്തിന്റെയോ ഉദ്യാനത്തോട്ട മാലിന്യത്തിന്റെയോ പരിപാലനവും അതോടൊപ്പം പുന:ചംക്രമണം അല്ലെങ്കിൽ സംസ്കരണം, അല്ലെങ്കിൽ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് മാലിന്യ നീക്കം പരമാവധി മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന വിധത്തിൽ, ഉത്പാദന സ്രോതസ്സിനോട് ഏറ്റവും അടുത്തുള്ള അജൈവ മാലിന്യം (dry waste), സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിവയുടെ വേർതിരിക്കലും തരംതിരിക്കലും പരമാവധിയാക്കുന്നതിനുള്ള ഫെസിലിറ്റികൾ ഒന്നിലധികം സ്ഥലങ്ങളിൽ സ്ഥാപിക്കുക എന്ന് അർത്ഥമാകുന്നു.

(q) **"നിർമാർജനം"** എന്നാൽ ഭൂഗർഭജലം, ഉപരിതല ജലം, അന്തരീക്ഷ വായു എന്നിവയുടെ മലിനീകരണം തടയുന്നതിനും മൃഗങ്ങളുടെയോ പക്ഷികളുടെയോ ആകർഷണം തടയുന്നതിനും ഷെഡ്യൂൾ II-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, സംസ്കരിച്ച ശേഷം ശേഷിക്കുന്ന ഖരമാലിന്യങ്ങളുടെയും, തെരുവ് തൂത്തുവാരലിലെ നിഷ്ക്രിയമാലിന്യങ്ങളുടെയും സാനിറ്ററി ലാൻഡ്ഫില്ലിലെ ഉപരിതല അഴുക്കുചാലുകളിൽ നിന്നുള്ള ചെളിയുടെയും അന്തിമവും സുരക്ഷിതവുമായ സംസ്കരണം എന്നാണ് അർത്ഥമാക്കുന്നത്;

(r) "**വാതിൽപ്പടി ശേഖരണം**" എന്നാൽ, വീടുകളിലെയും. കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ, അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പാർപ്പിടേതര സ്ഥലങ്ങൾ എന്നിവയിലെയും വാതിൽപ്പടി

ഖരമാലിന്യ ശേഖരണം എന്നാണ് അർത്ഥമാകുന്നത്. കൂടാതെ, ഒരു ഹൗസിംഗ് സൊസൈറ്റി, ബഹുനില കെട്ടിടം, അല്ലെങ്കിൽ അപ്പാർട്ടുമെന്റുകൾ, വലിയ റെസിഡെൻഷ്യൽ, വാണിജ്യ അല്ലെങ്കിൽ സ്ഥാപന സമുച്ചയം, അല്ലെങ്കിൽ പരിസരം എന്നിവയുടെ പ്രവേശന കവാടത്തിൽ നിന്നോ താഴെ നിലയിലെ ഒരു നിയുക്ത സ്ഥലത്തു നിന്നോ ഉള്ള മാലിന്യ ശേഖരണവും ഇതിൽ ഉൾപ്പെടുന്നു;

(s) "**അജൈവ മാലിന്യം**" എന്നാൽ, ജൈവ /അഴുകുന്ന മാലിന്യം ഒഴികെയുള്ള മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിവയാണ്, ഇതിൽപുന:ചംക്രമണയോഗ്യമായ മാലിന്യവും, പുന:ചംക്രമണയോഗ്യമല്ലാത്ത മാലിന്യവും ഉൾപ്പെടുന്നു;

(t) "**ഡമ്പ് സൈറ്റുകൾ**" എന്നാൽ, കരഭൂമിയിലെ ഖരമാലിന്യ നിക്ഷേപത്തിന്റെ തത്വങ്ങൾ പാലിക്കാതെ ഖരമാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനം ഉപയോഗിക്കുന്ന ഭൂമി എന്നാണ് അർത്ഥമാകുന്നത്;

(u) " **സൌകര്യം** " എന്നാൽ, തരംതിരിക്കൽ, പുനരുപയോഗം, സംഭരണം, ശേഖരണം, പുന:ചംക്രമണം, സംസ്കരണം, നിർമ്മാർജനം അല്ലെങ്കിൽ സുരക്ഷിതമായ നിർമ്മാർജനം എന്നിവയ്ക്കായുള്ള ഖരമാലിന്യ പരിപാലന പ്രക്രിയകൾ നടത്തുന്ന ഏതൊരു സ്ഥാപിത ഫെസിലിറ്റി എന്നാണ് അർത്ഥമാകുന്നത്;

(v) "**പിഴ**" എന്നാൽ, ഈ ചട്ടങ്ങളിലോ ഉപനിയമങ്ങളിലോ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാത്തതിന് ഉപനിയമങ്ങൾ പ്രകാരം മാലിന്യ ഉത്പാദകർക്കോ മാലിന്യ സംസ്കരണ, നിർമ്മാർജ്ജന

സംവിധാനങ്ങളുടെ നടത്തിപ്പുകാർക്കോ ചുമത്തുന്ന പെനാൽറ്റിയെയാണ്  പിഴ എന്നതു കൊണ്ട്  അർത്ഥമാകുന്നത്;

(w) "**ഫോറം**" എന്നാൽ, ഈ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള ഒരു ഫോറം എന്നാണ് അർത്ഥമാകുന്നത്;

(x) "**കൈകാര്യം ചെയ്യൽ**" എന്നതിൽ, ഖരമാലിന്യത്തിന്റെ വേർതിരിക്കൽ, തരംതിരിക്കൽ, മെറ്റീരിയൽ റിക്കവറി, ശേഖരണം, രണ്ടാംഘട്ട സംഭരണം,  ഷ്രഡിങ്, ബെയ്‌ലിങ്, ക്രഷിങ്, കയറ്റിറക്ക്, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു;

(y) "**ഹോർട്ടിക്കൾച്ചറൽ (ഉദ്യാനക്കൃഷി മാലിന്യം**" എന്നാൽ, പാർക്കുകൾ, ഉദ്യാനങ്ങൾ, ട്രാഫിക് ഐലൻഡുകൾ, റോഡ് മീഡിയനുകൾ മുതലായവയിൽ നിന്നുള്ള സസ്യാധിഷ്ഠിത മാലിന്യങ്ങൾ എന്നാണ് അർത്ഥമാകുന്നത്. ഇതിൽ, ജൈവ മാലിന്യങ്ങൾക്കായുള്ള ദൈനംദിന ശേഖരണ സംവിധാനത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത പുല്ല്, മരച്ചീളുകൾ, കളകൾ, കൊമ്പുകൾ, ശാഖകൾ, മരക്കഷണങ്ങൾ, ചുള്ളിക്കമ്പുകൾ, വൈക്കോൽ അല്ലെങ്കിൽ കരിയിലകൾ , മരഭാഗങ്ങൾ  എന്നിവ ഉൾപ്പെടുന്നു,

(z) "**നിഷ്ക്രിയ മാലിന്യങ്ങൾ**" എന്നാൽ, ജൈവ-വിഘടനം സംഭവിക്കാത്ത, പുന:ചംക്രമണയോഗ്യമല്ലാത്ത, അല്ലെങ്കിൽ കത്തിക്കാൻ കഴിയാത്ത തെരുവ് ചവറുകൾ  അല്ലെങ്കിൽ ഉപരിതല അഴുക്കുചാലുകളിൽ നിന്ന് പൊടിയും എക്കലും നീക്കം ചെയ്ത മാലിന്യങ്ങൾ എന്നാണ് അർത്ഥമാകുന്നത്;

(za) "**ഇൻസിനറേഷൻ**" എന്നാൽ, ഉയർന്ന താപനിലയിൽ മാലിന്യ വസ്തുക്കളെ താപീകരിച്ചു വിഘടിപ്പിക്കുന്നതിന് ഖരമാലിന്യങ്ങൾ കത്തിക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന ഒരു പ്രക്രിയയാണ്;

(zb) "**അനൗപചാരിക മാലിന്യ ശേഖരണക്കാർ**" എന്നതിൽ, പുന:ചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ ഉൾപ്പെടെയുള്ള പാഴ് വസ്തുക്കളുടെ ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, വിൽപ്പന, വാങ്ങൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അസോസിയേഷനുകൾ, അല്ലെങ്കിൽ പാഴ് വസ്തു വ്യാപാരികൾ എന്നിവ ഉൾപ്പെടുന്നു;

(zc) "**ലീച്ചേറ്റ്**" എന്നാൽ, ഖരമാലിന്യത്തിലൂടെയോ മറ്റ് മാധ്യമങ്ങളിലൂടെയോ ഊറുന്ന ദ്രാവകം എന്നാണ് അർത്ഥമാകുന്നത്, അതിൽ, അവയിൽ നിന്ന് ലയിച്ചതോ അടിഞ്ഞുകൂടിയതോ ആയ വസ്തുക്കളുടെ സത്ത് അടങ്ങിയിരിക്കുന്നു;

(zd) "**തദ്ദേശ സ്ഥാപനം**" എന്നതിൽ, മുനിസിപ്പൽ കോർപ്പറേഷൻ, നഗർ നിഗാം, മുനിസിപ്പൽ കൗൺസിൽ, നഗരപാലിക, മുനിസിപ്പൽ ബോർഡ്, നഗര പഞ്ചായത്ത്, ടൗൺ പഞ്ചായത്ത്, സെൻസസ് പട്ടണങ്ങൾ, വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ, വിജ്ഞാപനം ചെയ്ത വ്യവസായ ടൗൺഷിപ്പുകൾ, അതതു സംഗതിപോലെ, ഗ്രാമ പഞ്ചായത്ത്, പഞ്ചായത്ത് സമിതി, ജില്ലാ പരിഷത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് ഉൾപ്പെടുന്ന പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

(ze) "**മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി**" എന്നാൽ, ജൈവ മാലിന്യങ്ങളും ഉദ്യാന/തോട്ട മാലിന്യങ്ങളും ഒഴികെയുള്ള ഖരമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും

സ്ഥാപനത്തിനോ താൽക്കാലികമായി സംഭരിക്കാൻ കഴിയുന്ന ഒരു സൗകര്യമാണ്, ഇത് ജൈവ-വിഘടിത പ്ലാസ്റ്റിക്, മണ്ണിൽ ലയിച്ചു ചേരുന്ന പ്ലാസ്റ്റിക്ക് എന്നിവയുൾപ്പെടെയുള്ള ശേഖരിച്ച മാലിന്യങ്ങൾ വേർതിരിക്കുന്നതിനും തരംതിരിക്കുന്നതിനും, പുനഃചംക്രമണ യോഗ്യമായതും, പനഃചംക്രമണ യോഗ്യമല്ലാത്തതുമായവ, അംഗീകൃത പുനഃചംക്രമണക്കാർക്കോ മാലിന്യ സംസ്കരണക്കാർക്കോ മാലിന്യത്തിന്റെ വിവിധ ഘടകങ്ങളിൽ നിന്ന് കൈമാറുന്നതിനും സഹായിക്കുന്നു;

(zf) "**ജൈവ-വിഘടിത സാധ്യമല്ലാത്ത മാലിന്യം**" എന്നാൽ സൂക്ഷ്മാണുക്കൾക്ക് കൂടതൽ ലളിതമായ സ്ഥിരതയുള്ള സംയുക്തങ്ങളിലേക്ക് വിഘടിപ്പിക്കാൻ കഴിയാത്ത ഏതെങ്കിലും മാലിന്യം എന്നാണ് അർത്ഥമാകുന്നത്;

(zg) "**ഒരു ഫെസിലിറ്റിയുടെ നടത്തിപ്പുകാരൻ**" എന്നാൽ, ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ഫെസിലിറ്റി സ്വന്തമായി ഉള്ളതോ പ്രവർത്തിപ്പിക്കുന്നതോ ആയ ഒരു വ്യക്തി, അല്ലെങ്കിൽ സ്ഥാപനം എന്നാണ് അർത്ഥമാകുന്നത്, അതിൽ, തദ്ദേശസ്വയംഭരണ സ്ഥാപനവും തദ്ദേശസ്വയംഭരണ സ്ഥാപനം നിയോഗിച്ച മറ്റേതെങ്കിലും സ്ഥാപനം അല്ലെങ്കിൽ ഏജൻസി എന്നിവയും ഉൾപ്പെടുന്നു;

(zh) "**പ്രാഥമിക ശേഖരണം**" എന്നാൽ, വീടുകൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ, അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വ്യാവസായിക മേഖലകൾ ഉൾപ്പെടെയുള്ള മറ്റ് ഏതെങ്കിലും പാർപ്പിടേതര പരിസരങ്ങൾ, അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വ്യക്തമാക്കിയ ഏതെങ്കിലും നിയുക്ത ശേഖരണ കേന്ദ്രങ്ങളിൽ നിന്ന് രണ്ടാം ഘട്ട സംഭരണ കേന്ദ്രങ്ങളിലേക്കോ രണ്ടാംഘട്ട കൈമാറ്റ കേന്ദ്രത്തിലേക്കോ

അതുപോലെയുള്ളവയിലേക്കോ ഉള്ള ശേഖരണം എന്നാണ് അർത്ഥമാകുന്നത്.

(zi) "**സംസ്കരണം**" എന്നാൽ, പുനഃചംക്രമണം, പുനരുപയോഗം, അല്ലെങ്കിൽ പുതിയ ഉത്പന്നങ്ങളാക്കി മാറ്റുന്നതിനായി വേർതിരിക്കപ്പെട്ട ഖരമാലിന്യം കൈകാര്യം ചെയ്യുന്ന ഏതെങ്കിലും ശാസ്ത്രീയപ്രക്രിയ എന്നാണ് അർത്ഥമാകുന്നത്;

(zj) "**പുനഃചംക്രമണം**" എന്നാൽ, വേർതിരിക്കപ്പെട്ട ജൈവ-വിഘടിതമല്ലാത്ത ഖരമാലിന്യത്തെ പുതിയ വസ്തുവോ ഉത്പന്നമോ ആക്കി മാറ്റുന്ന പ്രക്രിയയാണ്, അല്ലെങ്കിൽ യഥാർത്ഥ ഉത്പന്നങ്ങളുമായി സാമ്യമുള്ളതോ അല്ലാത്തതോ ആയ പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായി മാറ്റുന്ന പ്രക്രിയയാണ്;

(zk) "**പുനർവികസനം**" എന്നാൽ, നിലവിലുള്ള കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തകർന്ന അതേ സ്ഥലത്ത് പഴയ റെസിഡൻഷ്യൽ അല്ലെങ്കിൽ വാണിജ്യ കെട്ടിടങ്ങളുടെ പുനർനിർമ്മാണം എന്നാണ് അർത്ഥമാകുന്നത്;

(zl) “**റെഫ്യൂസ്ഡ് ഡിറൈവ്ഡ് ഫ്യൂവൽ**” എന്നാൽ പ്ലാസ്റ്റിക്, മരം, പൾപ്പ് അല്ലെങ്കിൽ ക്ലോറിനേറ്റഡ് അല്ലാത്ത അജൈവ മാലിന്യങ്ങൾ തുടങ്ങിയ ഖരമാലിന്യങ്ങളിലെ കത്തുന്ന സ്വഭാവമുള്ള ഭാഗങ്ങളിൽ നിന്നും; ഉണക്കൽ, പൊടിക്കൽ (shredding), ജലാംശം നീക്കൽ, ചെറുഗുളികകളുടെയോ (pellets) അല്ലെങ്കിൽ പഞ്ഞിപോലെയുള്ള രൂപത്തിലോ (fluff) കട്ടിയാക്കി മാറ്റുന്നതിലൂടെയോ ഉൽപ്പാദിപ്പിക്കുന്ന ഇന്ധനത്തെയാണ് അർത്ഥമാക്കുന്നത്

(zm) **"രജിസ്റ്റർ ചെയ്ത പരിസ്ഥിതി ഓഡിറ്റർ"** എന്നാൽ, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട പരിസ്ഥിതി ഓഡിറ്റ് ചട്ടങ്ങൾ പ്രകാരം നിർവചിച്ചിരിക്കുന്ന പരിസ്ഥിതി ഓഡിറ്റർ എന്നാണ് അർത്ഥമാകുന്നത്

(zn) "**അവശിഷ്ട ഖരമാലിന്യം**" എന്നാൽ, പുന:ചംക്രമണത്തിനോ അധികമായ സംസ്കരണത്തിനോ അനുയോജ്യമല്ലാത്ത ഖരമാലിന്യ-സംസ്കരണ സൗകര്യങ്ങളിൽ നിന്നുള്ള മാലിന്യങ്ങളും തിരസ്കൃത മാലിന്യങ്ങളും ഉൾപ്പെടുന്നു;

(zo) "**സാനിറ്ററി ലാൻഡ് ഫില്ലിങ്**" എന്നാൽ, ഭൂഗർഭജലം, ഉപരിതല ജലം എന്നിവയുടെ മലിനീകരണം, അന്തരീക്ഷത്തിലേക്ക് പറന്നുയരുന്ന പൊടിപടലങ്ങൾ, കാറ്റിൽ പറക്കുന്ന മാലിന്യങ്ങൾ, ദുർഗന്ധം, തീപിടുത്തത്തിനുള്ള സാധ്യത, മൃഗങ്ങളുടെയും പക്ഷികളുടെയും ശല്യം, കീടങ്ങൾ അല്ലെങ്കിൽ എലികൾ, ഹരിതഗൃഹ വാതക പുറന്തള്ളൽ, ദീർഘകാലം നിലനിൽക്കുന്ന ജൈവ മലിനീകാരികൾ (Persistent Organic Pollutants -), ചരിവുകളുടെ അസ്ഥിരത, മണ്ണൊലിപ്പ് എന്നിവയ്ക്കെതിരെയുള്ള സംരക്ഷണ നടപടികളോടെ രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു സൌകര്യത്തിൽ അവശിഷ്ട ഖരമാലിന്യങ്ങളും നിഷ്ക്രിയ്യ മാലിന്യങ്ങളും ഭൂമിയിൽ അന്തിമമായും സുരക്ഷിതമായും നിക്ഷേപിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്.

(zp) "**സാനിറ്ററി മാലിന്യം**" എന്നാൽ, ഉപയോഗിച്ച ഡയപ്പറുകൾ, സാനിറ്ററി മാലിന്യ ഉപകരണങ്ങൾ, ടവ്വലുകൾ അല്ലെങ്കിൽ നാപ്കിനുകൾ, ടാംപോണുകൾ, കോണ്ടം, വിസർജ്യ-സഹായക (Incontinence) ഷീറ്റുകൾ, മറ്റ് സമാനമായ മാലിന്യങ്ങൾ എന്നിവ അടങ്ങിയ മാലിന്യമാണ്;

(zq) "**സാനിറ്ററി ഉത്പ്ന്നങ്ങൾ**" എന്നാൽ, ഡയപ്പറുകൾ, കോണ്ടം, സാനിറ്ററി ടവ്വലുകൾ, അല്ലെങ്കിൽ നാപ്കിനുകൾ, ടാംപോണുകൾ, വിസർജ്യ-സഹായക ഷീറ്റുകൾ എന്നിവ അടങ്ങിയ ഉത്പന്നങ്ങൾ എന്നാണ് അർത്ഥമാകുന്നത്;

(zr) "**ഷെഡ്യൂൾ**" എന്നാൽ, ഈ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള ഷെഡ്യൂൾ എന്നാണ് അർത്ഥമാകുന്നത്;

(zs) "**രണ്ടാംഘട്ട സംഭരണം**" എന്നാൽ, സംസ്കരണ, അല്ലെങ്കിൽ നിർമ്മാർജ്ജന കേന്ദ്രത്തിലേക്ക് മാലിന്യങ്ങൾ നേരിട്ട് എത്തിക്കുന്നതിന്, അവ രണ്ടാം ഘട്ട മാലിന്യ സംഭരണ കേന്ദ്രങ്ങളിലോ മെറ്റിരിയൽ റിക്കവറി ഫെസിലിറ്റികളിലോ ബിന്നുകളിലോ ശേഖരിച്ചതിനുച്ചതിനുശേഷമുള്ള ഖരമാലിന്യത്തിന്റെ താൽക്കാലികമായ സംഭരണം എന്നാണ് അർത്ഥമാകുന്നത്.

(zt) "**തരംതിരിക്കൽ**" എന്നാൽ, കാർഷിക, ക്ഷീരോത്പന്ന മാലിന്യങ്ങൾ, പുന:ചംക്രമണയോഗ്യമായ ഖരമാലിന്യം, പുനഃചംക്രമണയോഗ്യമല്ലാത്ത കത്തിക്കേണ്ട മാലിന്യം, സാനിറ്ററി മാലിന്യം, പുന:ചംക്രമണ യോഗ്യമല്ലാത്ത നിഷ്ക്രിയ മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യം, നിർമ്മാണത്തിന്റെയും പൊളിക്കലിന്റെയും മാലിന്യങ്ങൾ എന്നിവയുൾപ്പെടുന്ന വിവിധ ഖരമാലിന്യ ഘടകങ്ങളുടെ തരംതിരിക്കലും പ്രത്യേക സംഭരണവും എന്നാണ് അർത്ഥമാകുന്നത്.

(zu) "**സേവന ദാതാവ്**" എന്നാൽ, വെള്ളം, ലീച്ചേറ്റ് കൈകാര്യം ചെയ്യൽ, വൈദ്യുതി, ടെലിഫോൺ, റോഡുകൾ, ഡ്രെയിനേജ് മുതലായവ പോലെയുള്ള പൊതു ഉപയോഗ സേവനങ്ങൾ നൽകുന്ന ഒരു അതോറിറ്റി എന്നാണ് അർത്ഥമാകുന്നത്;

(zy) "**ഖരമാലിന്യം**"പ്രാദേശിക അധികാരികളുടെയും റൂൾ 2-ൽ പരാമർശിച്ചിരിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഖരരൂപത്തിലോ അല്ലെങ്കിൽ അർദ്ധ-ഖരരൂപത്തിലോ ഉള്ള ഗാർഹിക മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, വാണിജ്യ മാലിന്യങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, കാറ്ററിംഗ്-മാർക്കറ്റ് മാലിന്യങ്ങൾ, മറ്റ് പാർപ്പിടേതര മാലിന്യങ്ങൾ, തെരുവ് തൂത്തുവാരിയുള്ള അവശിഷ്ടങ്ങൾ, ഉപരിതല ഓടകളിൽ നിന്ന് നീക്കം ചെയ്തതോ ശേഖരിച്ചതോ ആയ ചെളി, ഹോർട്ടികൾച്ചർ (തോട്ടവിള) മാലിന്യങ്ങൾ, കാർഷിക-ക്ഷീര വ്യവസായ മാലിന്യങ്ങൾ, സംസ്കരിച്ച ബയോ-മെഡിക്കൽ മാലിന്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് **'ഖരമാലിന്യം' (Solid waste)**. എന്നാൽ ഇതിൽ വ്യാവസായിക മാലിന്യങ്ങൾ, സംസ്കരിക്കാത്ത ബയോ-മെഡിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ (e-waste), ബാറ്ററി മാലിന്യങ്ങൾ, റേഡിയോ ആക്ടീവ് മാലിന്യങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല ;

(zw) "**തരംതിരിക്കൽ**" എന്നാൽ, പേപ്പർബോർഡ്, പ്ലാസ്റ്റിക്, ലോഹം, ഗ്ലാസ് മുതലായവ ഉൾപ്പെടെയുള്ള പേപ്പർ പോലെയുള്ള പുന:ചംക്രമണയോഗ്യമായതും പുന:ചംക്രമണ യോഗ്യമല്ലാത്തതുമായ വിവിധ ഘടകങ്ങളുടെയും വിഭാഗങ്ങളുടെയും മാലിന്യത്തിൽനിന്നുള്ള പുന:ചംക്രമണം, അല്ലെങ്കിൽ സംസ്കരണം, അല്ലെങ്കിൽ നിർമ്മാർജ്ജനം എന്നിവ സുഗമമാക്കുന്നതിന് അവയെ ഉചിതമായ രീതിയിൽ വേർതിരിക്കുക എന്നാണ് അർത്ഥമാകുന്നത്;

(zx) "**പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം** " എന്നതും അതിലുൾപ്പെടുന്നതും, ഉപേക്ഷിക്കപ്പെട്ട പെയിന്റ് ഡ്രമ്മുകൾ, കീടനാശിനി ക്യാനുകൾ അല്ലെങ്കിൽ പാത്രങ്ങൾ അല്ലെങ്കിൽ കുപ്പികൾ, കോംപാക്റ്റ് ഫ്ലൂറസെന്റ് വിളക്ക് അല്ലെങ്കിൽ ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, കാലഹരണപ്പെട്ട മരുന്നുകൾ, പൊട്ടിയ മെർക്കുറി തെർമോമീറ്ററുകൾ, പാഴ് ബാറ്ററികൾ, ഉപയോഗിച്ചതോ ഉപയോഗശൂന്യമോ ആയ സൂചികൾ, സിറിഞ്ചുകൾ, മലിനമായ ഗേജ്,

അല്ലെങ്കിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതും വീടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്നതുമായ മറ്റേതെങ്കിലും മാലിന്യങ്ങൾ എന്നിവ ആകുന്നു.

(zy) "**സ്ഥിരതപ്പെടുത്തൽ**" എന്നാൽ, ജൈവ-വിഘടിത മാലിന്യങ്ങളെ സ്ഥിരമായ ഒരു അവസ്ഥയിലേക്ക് ജൈവികമായി വിഘടിപ്പിക്കുക എന്നതാണ്, അവിടെ, അത് ലീച്ചേറ്റ് അല്ലെങ്കിൽ അസഹ്യമായ ദുർഗന്ധം സൃഷ്ടിക്കുന്നില്ല, കൂടാതെ, കൃഷിഭൂമിയിൽ പ്രയോഗിക്കുന്നതിനും മണ്ണൊലിപ്പ് നിയന്ത്രണം, മണ്ണ് സംസ്കരണം എന്നിവയ്ക്കും അനുയോജ്യവുമാണ്;

(zz) "**സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ്"** എന്നാൽ, (വാട്ടർ പ്രിവെൻഷൻ ആൻഡ് കൺട്രോൾ ഓഫ് പൊലൂഷൻ) ആക്റ്റ് 1974 (1974-ലെ 6)-ന്റെ വകുപ്പ് 4 പ്രകാരം രൂപീകരിച്ച സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് എന്നാണ് അർത്ഥമാകുന്നത്, കൂടാതെ കേന്ദ്രഭരണ പ്രദേശവുമായി ബന്ധപ്പെട്ട് മലിനീകരണ-നിയന്ത്രണ കമ്മിറ്റിയും ഇതിൽ ഉൾപ്പെടുന്നു;

(zza) "**തെരുവ് കച്ചവടക്കാരൻ**" എന്നാൽ, ഒരു തെരുവ്, ലെയ്ൻ, പർശ്വപാത , ഫുട്ട്പാത്ത്, നടപ്പാത, പൊതു പാർക്ക്, അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുസ്ഥലം, സ്വകാര്യ സ്ഥലം, താൽക്കാലികമായി നിർമ്മിച്ച ഒരു കേന്ദ്രം എന്നിവയിൽ വച്ചോ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് നീങ്ങിക്കൊണ്ടോ പൊതുജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ, ചരക്കുകൾ, വസ്തുക്കൾ, ഭക്ഷ്യവസ്തുക്കൾ, അല്ലെങ്കിൽ ദൈനംദിന ഉപയോഗ വസ്തുക്കൾ എന്നിവയുടെ വ്യാപാരം നടത്തുന്നതോ സേവനങ്ങൾ നൽകുന്നതോ ആയ ഏതൊരു വ്യക്തിയും എന്ന് അർത്ഥമാകുന്നു. ഇതിൽ തെരുവുവ്യാപാരി, ചില്ലറക്കച്ചവടക്കാർ, അനധികൃതകച്ചവടക്കാർ, തദ്ദേശീയമായോ പ്രദേശപരമായ പ്രത്യേകതയുള്ളതോ ആയ മറ്റ് എല്ലാ സമാനവിഭാഗങ്ങളും ഉൾപ്പെടുന്നു; "തെരുവ് കച്ചവടം" എന്ന പദങ്ങൾ

അവയുടെ വ്യാകരണ വ്യതിയാനങ്ങളും സമാന പദപ്രയോഗങ്ങളും ഉള്ളതിനാൽ, അതനുസരിച്ച് വ്യാഖ്യാനിക്കണം;

(zzb) "**ടിപ്പിംഗ് ഫീസ്**" എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അധികാരികളോ സംസ്ഥാന സർക്കാരോ കേന്ദ്രഭരണപ്രദേശഭരണകൂടമോ അധികാരപ്പെടുത്തിയ ഏതെങ്കിലും സംസ്ഥാന ഏജൻസിയോ നിർണ്ണയിക്കുന്ന ഫീസ്, അല്ലെങ്കിൽ താങ്ങുവിലയാണ്; ഇത് മാലിന്യ-സംസ്കരണ സൗകര്യത്തിന്റെ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യക്തി (കൺസഷനെയർ) മൂന്നാം കക്ഷി എന്നിവർക്കോ, മാലിന്യ സംസ്കരണ ഫെസിലിറ്റി ഓപ്പറേറ്റർക്കോ, ലാന്റ്ഫില്ലിൽ ശേഷിക്കുന്ന ഖരമാലിന്യം സംസ്കരിക്കുന്നതിനോ നൽകേണ്ടതാണ്;

(zzc) "**ട്രാൻസ്ഫർ സ്റ്റേഷൻ"** എന്നാൽ, ശേഖരണ സ്ഥലങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ സ്വീകരിക്കുന്നതിനും, മൂടിയ വാഹനങ്ങളിലോ കണ്ടെയ്നറുകളിലോ മാലിന്യ സംസ്കരണത്തിലേക്കോ, അല്ലെങ്കിൽ നിർമാർജന കേന്ദ്രത്തിലേക്കൊ മൊത്തത്തിൽ കൊണ്ടുപോകുന്നതിനും വേണ്ടി ഒരുക്കിയ ഒരു സൗകര്യമാണ്;

(zzd) "**ഗതാഗതം**" എന്നാൽ, ദുർഗന്ധം, മാലിന്യം തള്ളൽ, വൃത്തികെട്ട സാഹചര്യങ്ങൾ എന്നിവ തടയുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തതും മൂടിയതുമായ ഗതാഗത സംവിധാനത്തിലൂടെ പരിസ്ഥിതി-സൗഹൃദപരമായ രീതിയിൽ ഒന്നുകിൽ ശുദ്ധീകരിച്ചതോ ഭാഗികമായി ശുദ്ധീകരിച്ചതോ, അല്ലെങ്കിൽ ശുദ്ധീകരിക്കാത്തതോ ആയ ഖരമാലിന്യങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുക എന്നാണ് അർത്ഥമാകുന്നത്;

(zze) "**ട്രീറ്റ്മെന്റ്**" എന്നാൽ, ഏതെങ്കിലും മാലിന്യം ഉണ്ടാക്കുന്ന ദോഷം പരിമിതപ്പെടുത്താനായി അതിന്റെ അളവും കാഠിന്യവും കുറയ്ക്കുന്നതിന്, അതിന്റെ ഭൗതികമോ, രാസപരമോ, ജൈവശാസ്ത്രപരമോ ആയ സ്വഭാവസവിശേഷതകളിലോ ഘടനയിലോ മാറ്റം വരുത്തുന്നതിനായി രൂപകൽപ്പന ചെയ്ത രീതി, സാങ്കേതികത അല്ലെങ്കിൽ പ്രക്രിയ എന്ന് അർത്ഥമാകുന്നു.

(zzf) "**ഉപയോക്തൃ ഫീസ്**" എന്നാൽ, ഖരമാലിന്യ ശേഖരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജന സേവനങ്ങൾ എന്നിവ നൽകുന്നതിനുള്ള പൂർണ്ണമായോ ഭാഗികമായോ ചെലവ് വഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനം മാലിന്യ ഉത്പാദകനിൽ ചുമത്തുന്ന ഫീസ് എന്നാണ് അർത്ഥമാകുന്നത്;

(zzg) "**മണ്ണിരവളം നിർമ്മാണം"** എന്നാൽ, മണ്ണിരകളെ ഉപയോഗിച്ച് ജൈവ-വിഘടിത മാലിന്യത്തെ കംപോസ്റ്റാക്കി മാറ്റുന്ന പ്രക്രിയ എന്നാണ് അർത്ഥമാകുന്നത്;

(zzh) "**മാലിന്യ ഉത്പാദകൻ"** എന്നതും അതിൽ ഉൾക്കൊള്ളുന്നതും, ഖരമാലിന്യം ഉത്പാദിപ്പിക്കുന്ന ഓരോ വ്യക്തിയും, വ്യക്തികളുടെ കൂട്ടവും, ഓരോ പാർപ്പിട പരിസരങ്ങളും ഇന്ത്യൻ റെയിൽവേയ്സ്, പ്രതിരോധ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പാർപ്പിടേതര സ്ഥാപനങ്ങളും എന്നാകുന്നു.

(zzi) "**മാലിന്യ ശ്രേണി**" എന്നാൽ, ഖരമാലിന്യപരിപാലനത്തിൽ അനുവർത്തിക്കേണ്ട മുൻഗണനാക്രമമാണ്. ഒഴിവാക്കൽ, കുറവുവരുത്തൽ, പുനരുപയോഗം, പുന:ചംക്രമണം, വീണ്ടെടുക്കൽ, നിർമ്മാർജ്ജനം എന്നിങ്ങനെയാണ് ഈ ക്രമം. ഇതിൽ, ഒഴിവാക്കൽ ഏറ്റവും ഉയർന്ന മുൻഗണന അർഹിക്കുന്നു, ലാൻഡ്ഫില്ലിംഗ്

വഴിയുള്ള നിർമ്മാർജ്ജനത്തിന് ഏറ്റവും കുറഞ്ഞ മുൻഗണനയാണ് നല്കേണ്ടത്.

(zzj) "**ആക്രികാരൻ (Waste Pickers)**" എന്നാൽ, പുനരുപയോഗിക്കാവുന്നതും പുന:ചംക്രമണ സാധ്യതയുള്ളതുമായ ഖരമാലിന്യങ്ങൾ തെരുവുകൾ, ബിന്നുകൾ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ, സംസ്കരണ, മാലിന്യ-നിർമ്മാർജ്ജന കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെയുള്ള മാലിന്യ ഉറവിടങ്ങളിൽനിന്ന് ശേഖരിച്ചു നേരിട്ട്, അല്ലെങ്കിൽ ഇടനിലക്കാർ വഴി പുന:ചംക്രമണം നടത്തുന്നവർക്ക് വിറ്റ് തങ്ങളുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവർ എന്നാണ്.

(zzk)**'വേസ്റ്റ് ടു എനർജി'** ഇതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു: ഉയർന്ന കലോറി മൂല്യമുള്ളതും (high calorific value), ജൈവവിഘടനത്തിന് വിധേയമല്ലാത്തതും, പുനരുപയോഗിക്കാൻ കഴിയാത്തതുമായ ഖരമാലിന്യ ഭാഗങ്ങൾ ഇൻസിനറേഷൻ വഴി ചൂട് ഉൽപ്പാദിപ്പിച്ച് അതുവഴി വൈദ്യുതി നിർമ്മിക്കുന്നതിനുള്ള സഹ-സംസ്കരണം. അല്ലെങ്കിൽ, ഖരമാലിന്യത്തിലെ ജൈവവിഘടനത്തിന് വിധേയമാകുന്ന ഭാഗങ്ങൾ അനെയ്റോബിക് ഡൈജഷൻ (വായുവില്ലാത്ത അവസ്ഥയിലുള്ള ജീർണ്ണിക്കൽ അല്ലെങ്കിൽ ബയോമെഥനേഷൻ) വഴി ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നത്. ഇതിൽ കംപ്രസ്ഡ് ബയോഗ്യാസ്, ബയോ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് എന്നിവ ഉൾപ്പെടുന്നു. ഇവ നേരിട്ടോ അല്ലെങ്കിൽ അനുയോജ്യമായ ജനറേറ്ററുകൾ ഉപയോഗിച്ച് വൈദ്യുതിയാക്കി മാറ്റിയോ ഉപയോഗിക്കാവുന്നതാണ്

(zzl) "**ജൈവ മാലിന്യം** " എന്നാൽ അതിൽ ഉൾക്കൊള്ളുന്നതും അടുക്കള മാലിന്യങ്ങൾ, ഭക്ഷണ മാലിന്യങ്ങൾ, പച്ചക്കറി മാലിന്യങ്ങൾ, മാംസ മാലിന്യങ്ങൾ, പഴം-മാലിന്യങ്ങൾ, പുഷ്പ മാലിന്യങ്ങൾ, അത്തരം സമാന മാലിന്യങ്ങൾ, ജൈവ-വിഘടിതമാലിന്യങ്ങൾ എന്നിവയുൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ എന്നിവയും ആകുന്നു.

(2) ഇവിടെ ഉപയോഗിച്ചിരിക്കുന്നതും എന്നാൽ, നിർവചിക്കപ്പെട്ടിട്ടില്ലാത്തതും, 1986-ലെ പരിസ്ഥിതി (സംരക്ഷണ) ചട്ടം, 1974-ലെ ജല (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1981-ലെ വായു (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ് എന്നിവയിൽ നിർവചിച്ചിരിക്കുന്നതമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അതത് ചട്ടങ്ങളിൽ നൽകിയിരിക്കുന്ന അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

**4. ഖരമാലിന്യ നിർമ്മാർജ്ജനം:—** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാരപരിധിയിൽ നടത്തുന്ന ഖരമാലിന്യ മാനേജ്മെന്റിൽ, അജൈവ മാലിന്യം, ജൈവമാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം, സാനിറ്ററി മാലിന്യം, ഉദ്യാനമാലിന്യം തുടങ്ങിയ ഖരമാലിന്യങ്ങളുടെ പരിസ്ഥിതി-സൗഹൃദ സംസ്കരണം, സാനിറ്ററി ലാൻഡ്ഫിൽ മാനേജ്മെന്റ്, നിലവിലുള്ളതോ പാരമ്പരാഗതമയാതോ ആയ മാലിന്യ ഡംപ് സെറ്റ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടും.

## അദ്ധ്യായം II

## പരിസ്ഥിതി-സൗഹൃദപരമായ ഖരമാലിന്യ പരിപാലനം

**5. മാലിന്യ ഉത്പാദകന്റെ കടമകൾ** . — (1) ഓരോ മാലിന്യ ഉത്പാദകനും,-

(a) ഖര മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം തടയുന്നതിനോ കുറയ്ക്കുന്നതിനോ നടപടികൾ സ്വീകരിക്കണം;

(b) ഉറവിടത്തിൽത്തന്നെ ജൈവമാലിന്യം, അജൈവമാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിങ്ങനെ നാല് വ്യത്യസ്ത വിഭാഗങ്ങളിലായി അവർ ഉത്പാദിപ്പിക്കുന്ന മാലിന്യം വേർതിരിച്ച് സംഭരിക്കുക; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരമോ അറിയിപ്പുപ്രകാരമോ അംഗീകൃത വേസ്റ്റ് പിക്കർ/ മാലിന്യശേഖരണക്കാർ എന്നിവർക്ക് വേർതിരിക്കപ്പെടുന്ന മാലിന്യം കൈമാറുക;

(c) ഡയപ്പറുകൾ, സാനിറ്ററി പാഡുകൾ തുടങ്ങിയ ഉപയോഗിച്ച സാനിറ്ററി മാലിന്യങ്ങൾ ഈ ഉത്പന്നങ്ങളുടെ നിർമ്മാതാക്കളോ ബ്രാൻഡ് ഉടമകളോ നൽകുന്ന പൗച്ചുകളിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അധികാരികളോ നിർദ്ദേശിച്ചതുപോലെ അനുയോജ്യവും സുരക്ഷിതവുമായി പൊതിഞ്ഞ്, അജൈവ മാലിന്യം, ജൈവമാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിവയ്ക്കു വേണ്ടിയുള്ള ബിന്നുകളിലല്ലാതെ, സാനിറ്ററി മാലിന്യ ബിന്നിൽ സ്ഥാപിക്കണം;

(d) നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങൾ അവ ഉണ്ടാകുന്ന സമയങ്ങളിൽ, അവരുടെ സ്വന്തം പരിസരത്ത് പ്രത്യേകം സംഭരിക്കുകയും പരിസ്ഥിതി (നിർമ്മാണവും, പൊളിക്കലും) മാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾ, 2025 പ്രകാരം സംസ്കരിക്കുകയും വേണം;

(e) അവരുടെ പരിസരത്തോ ഭൂമിയിലോ ഉത്പാദിപ്പിക്കുന്ന ഉദ്യാന മാലിന്യങ്ങൾ, അല്ലെങ്കിൽ പൂന്തോട്ട മാലിന്യങ്ങൾ അവരുടെ സ്വന്തം പരിസരത്ത് പ്രത്യേകം സംഭരിക്കുകയും കാലാകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്കരിക്കുകയും ചെയ്യുക;

(f) അവർ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യങ്ങൾ തെരുവുകളിലോ, തങ്ങളുടെ പരിസരത്തിന് പുറത്തുള്ള പൊതു ഇടങ്ങളിലോ വലിച്ചെറിയുകയോ കത്തിക്കുകയോ കുഴിച്ചിടുകയോ അഴുക്കുചാലുകളിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുകയോ ചെയ്യരുത്;

(g) ഓരോ തെരുവ് കച്ചവടക്കാരനും തന്റെ പ്രവർത്തനത്തിനിടയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംഭരിക്കുന്നതിന് അനുയോജ്യമായ സംഭരണികൾ സൂക്ഷിക്കണം, അതായത് ഭക്ഷണാവശിഷ്ടങ്ങൾ, ഡിസ്പോസിബിൾ പ്ലേറ്റുകൾ, കപ്പുകൾ, ക്യാനുകൾ, റാപ്പറുകൾ, ചിരട്ടകൾ, ബാക്കിവരുന്ന ഭക്ഷണം, പച്ചക്കറികൾ, പഴങ്ങൾ മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിലോ സംഭരണിയിലോ വാഹനത്തിലോ നിക്ഷേപിക്കണം;

(h) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചട്ടങ്ങൾ നിർദ്ദേശിക്കുന്ന ഉപയോക്തൃ ഫീസ് ഖരമാലിന്യ സംസ്കരണത്തിനായി അടയ്ക്കണം;

(i) തരംതിരിച്ച ഖര മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിങ്ങനെ തരംതിരിക്കപ്പെട്ട അംഗീകൃത മാലിന്യ ശേഖരണക്കാർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയിക്കുന്ന തരത്തിൽ മാലിന്യ ശേഖരണ വാഹനങ്ങൾ വഴിയോ സംഭരിക്കുന്നതിന് അനുയോജ്യമായ സംഭരണികൾ സൂക്ഷിക്കുക;

(j) നൂറിലധികം ആളുകളുടെ ഒരു പരിപാടിയോ ഒത്തുചേരലോ ലൈസൻസില്ലാത്ത ഏതെങ്കിലും സ്ഥലത്ത് നടത്തുമ്പോൾ കുറഞ്ഞത് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാതെ സംഘടിപ്പിക്കാൻ പാടില്ലാത്തതും, അത്തരം വ്യക്തികളോ അത്തരം പരിപാടിയുടെ സംഘാടകരോ

ഉറവിടത്തിൽത്തന്നെ മാലിന്യം വേർതിരിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദേശിക്കുന്ന മാലിന്യ ശേഖരണക്കാരനോ ഏജൻസിക്കോ വേർതിരിക്കപ്പെടുന്ന മാലിന്യങ്ങൾ കൈമാറേണ്ടതും, ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഈ ചട്ടങ്ങൾ പ്രകാരം നിർദിഷ്ടമാക്കിയിട്ടുള്ള രീതിയിൽ സംസ്കരിക്കുകയും വേണം.

(K) ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ (2016) പ്രകാരം ഒരു 'ഒക്യുപ്പയർ' (Occupier) ആയി അംഗീകരിക്കപ്പെട്ടിട്ടുള്ളവർ, പ്രസ്തുത ചട്ടപരിധിയിൽ വരുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ സാധാരണ ഖരമാലിന്യങ്ങളുമായി കലർത്താൻ പാടുള്ളതല്ല.

(2) 5,000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ ഗേറ്റഡ് കമ്യൂണിറ്റി സ്ഥാപനങ്ങളും. പ്രദേശത്തെ എല്ലാ റെസിഡെൻസ് വെൽഫെയർ സംഘടനകളും, മാർക്കറ്റ് സംഘടനകളും, ഹോട്ടലുകളും, റസ്റ്റോറന്റുകളും, ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങളിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച്, ഈ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, മാലിന്യ ഉത്പാദകർ ഉറവിടത്തിൽ മാലിന്യം വേർതിരിക്കുന്നത് ഉറപ്പാക്കുക, വേർതിരിക്കപ്പെടുന്ന മാലിന്യങ്ങൾ പ്രത്യേക വിഭാഗങ്ങളായി ശേഖരിക്കാൻ സഹായിക്കുകയും, പുനരുപയോഗിക്കാവുന്ന വസ്തുക്കൾ അംഗീകൃത മാലിന്യ ശേഖരണക്കാർക്കോ അംഗീകൃത പുന:ചംക്രമണക്കാർക്കോ കൈമാറുകയും, ജൈവ-വിഘടിത മാലിന്യങ്ങൾ കഴിയുന്നത്രയും പരിസരത്തിനുള്ളിൽ കമ്പോസ്റ്റിംഗ് അല്ലെങ്കിൽ ബയോ-മെത്തനേഷൻ വഴി സംസ്കരിക്കുകയും കൈമാറുകയും നിർമ്മാർജ്ജനം ചെയ്യുകയും വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന പ്രകാരം അവശിഷ്ട മാലിന്യങ്ങൾ മാലിന്യ ശേഖരണക്കാർക്കോ ഏജൻസിക്കോ നൽകേണ്ടതുമാണ്.

**6. വൻകിട മാലിന്യ ഉത്പാദകരുടെ കടമകൾ.**—ഓരോ വൻകിട മാലിന്യ ഉത്പാദകനും,-

(a) കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സ്വയം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സാധുവായി തുടരുന്നതിന് പാലിക്കേണ്ട വ്യവസ്ഥകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്തു നൽകുന്ന വിവരങ്ങളിലും രജിസ്ട്രേഷനിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളിലും ഉണ്ടാകുന്ന ഏതൊരു മാറ്റവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്;

(b) അജൈവ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ ഏജൻസിക്കോ കൈമാറുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്;

(c) കമ്പോസ്റ്റിംഗ്, അല്ലെങ്കിൽ ബയോമെത്തനേഷൻ, അല്ലെങ്കിൽ മറ്റേതെങ്കിലും അംഗീകൃത സാങ്കേതികവിദ്യ വഴി വികേന്ദ്രീകൃത രീതിയിൽ അവർ ഉത്പാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ, ഉദ്യാന മാലിന്യങ്ങൾ ബാധകമാകുമെങ്കിൽ അതും, ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക;

(d) എല്ലാ പുതിയ വൻകിട മാലിന്യ ഉത്പാദകരുടെടെയും കാര്യത്തിൽ, അവർ ഉത്പാദിപ്പിക്കുന്ന ഉദ്യാന മാലിന്യങ്ങൾ ഉൾപ്പെടെയുള്ള പൂർണ്ണമായ ജൈവ മാലിന്യത്തിന്റെ സംസ്കരണം ഉറപ്പാക്കുന്നതിന് മതിയായ ശേഷിയുള്ള ജൈവ മാലിന്യ-സംസ്കരണ ഫെസിലിറ്റി സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാണ്.

വികേന്ദ്രീകൃത ജൈവ മാലിന്യ-സംസ്കരണ ഫെസിലിറ്റി സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും കഴിയാത്ത നിലവിലുള്ള വൻകിട മാലിന്യ ഉത്പാദകരുടെ കാര്യത്തിൽ, അവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ഇളവ് ലഭിക്കും, കൂടാതെ, അത്തരം വൻകിട മാലിന്യ ഉത്പാദകർ അവർ ഉത്പാദിപ്പിക്കുന്ന പൂർണ്ണമായ ജൈവ മാലിന്യത്തിന് തുല്യമായ ജൈവ മാലിന്യ-സംസ്കരണം ഉറപ്പാക്കുന്നവിധത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് വൻകിട മാലിന്യ ഉത്പാദകർക്കായുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ വാങ്ങണം;

(e) (i) ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനും (ii) ശേഖരിച്ച അജൈവ മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിവയുടെ പരിസ്ഥിതി-സൗഹൃദപരമായ സംസ്കരണം ഉറപ്പാക്കുന്നതിനുമുള്ള വൻകിട മാലിന്യ ഉത്പാദകർക്കുള്ള ഉത്തരവാദിത്തം നിറവേറ്റേണ്ടതാണ്. വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത ബാധ്യത കണക്കാക്കുന്നത്, ഭവന, നഗരകാര്യ മന്ത്രാലയവുമായും കുടിവെള്ള, ശുചിത്വ കാര്യ വകുപ്പുമായും കൂടിയാലോചിച്ച് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയിരിക്കേണ്ടതാണ്.

(f) അജൈവ മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും ഗതാഗതവും വഴി പരിസ്ഥിതി-സൗഹൃദപരമായ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനും, വൻകിട മാലിന്യ ഉത്പാദകർ ജൈവ മാലിന്യങ്ങൾ സംസ്കരിക്കാത്ത സാഹചര്യത്തിൽ, രജിസ്റ്റർ ചെയ്ത മാലിന്യ-സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യത്തിന്റെ അധിക സംസ്കരണത്തിനും ശുദ്ധീകരണത്തിനുമായി അവ അയയ്ക്കുന്നതിനും തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിൽനിന്ന് വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ വങ്ങേണ്ടതാണ്;

(g) ഈ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ലാത്ത ഒരു സ്ഥാപനവുമായും ഇടപെടാൻ പാടില്ല;

(h) വൻകിട മാലിന്യ ഉത്പാദകർ ഉത്പാദിപ്പിക്കുന്ന കണക്കാക്കപ്പെട്ട മൊത്തം ഖരമാലിന്യം ഉൾപ്പെടെയുള്ളതിനുള്ള വൻകിട മാലിന്യ ഉത്പാദകർക്കായുള്ള വിപുലീകൃത ഉത്തരവാദിത്ത ബാധ്യതയുമായി ബന്ധപ്പെട്ട്, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ എല്ലാ വർഷവും ജൂൺ 30-ന് മുമ്പ് വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതാണ്, കൂടാതെ, വാർഷിക റിട്ടേണുകൾ അധിക സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുകയും അത് വാർഷികാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പൊതുസഞ്ചയത്തിൽ ലഭ്യമാക്കുകയും വേണം;

(i) വികേന്ദ്രീകൃത മാലിന്യ-സംസ്കരണ ഫെസിലിറ്റികളുടെ കാര്യത്തിൽ മാലിന്യസംസ്കരണ സമയത്ത് ഉത്പാദിപ്പിക്കപ്പെടുന്നതോ നിഷ്ക്രിയമായതോ ആയ അവശിഷ്ട ഖരമാലിന്യം അംഗീകൃത മാലിന്യ ശേഖരണക്കാർക്കോ തദ്ദേശസ്വയംഭരണ സ്ഥാപനമോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ ഒരു ഏജൻസിക്കോ നൽകേണ്ടതാണ്;

(j) പുതിയ കെട്ടിട യൂണിറ്റുകളുടെ നിർമ്മാണത്തിന്റെ കാര്യത്തിൽ, അവ ഉത്പാദിപ്പിക്കുകയും നിർമ്മാണ സമയത്ത് ഉപേക്ഷിക്കുകയും ചെയ്യുന്ന ഖരമാലിന്യം ഉടനടി വൃത്തിയാക്കി നീക്കം ചെയ്യുകയും ഈ ചട്ടങ്ങൾ പാലിച്ചുകൊണ്ട് അത് കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്;

(k) ഗതാഗത സമയത്ത് ഖരമാലിന്യം അലക്ഷ്യമായി തള്ളുന്നില്ലെന്നും യാത്രയ്ക്കിടയിലും ബസ് സ്റ്റേഷനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം, റോഡ് വേ, റെയിൽവേയും ഉൾപ്പെടെ പൊതുഗതാഗതത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ, ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കുക;

(l) റെസിഡെൻഷ്യൽ, സ്ഥാപന മേഖലകൾ, കമ്മ്യൂണിറ്റി സൗകര്യകേന്ദ്രങ്ങൾ, റോഡുകൾ, ട്രാൻസ്മിഷൻ ലൈനുകൾ പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനവും പുനർവികസനവും ഉൾപ്പെടെയുള്ള നിർമ്മാണ പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെയോ, വിമാനത്താവളങ്ങൾ, ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ പൊതു സൗകര്യങ്ങളുടെ പ്രവർത്തനത്തിലും മാനേജ്മെന്റിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെയോ കാര്യത്തിൽ, പ്രസക്തമായ നിയമങ്ങൾക്കനുസൃതമായി, വിവിധതരം ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും, അല്ലെങ്കിൽ നീക്കം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക;

(m) ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ (2016) പ്രകാരം ഒരു 'ഒക്യുപയർ' (Occupier) ആയി അംഗീകരിക്കപ്പെട്ടിട്ടുള്ളവർ, പ്രസ്തുത ചട്ടപരിധിയിൽ വരുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ സാധാരണ ഖരമാലിന്യങ്ങളുമായി കലർത്താൻ പാടുള്ളതല്ല. അത്തരം കേസുകളിൽ, ബയോ-മെഡിക്കൽ മാലിന്യ ഉത്പാദകൻ വാർഷിക റിട്ടേൺ സമർപ്പിക്കുമ്പോൾ, ഉത്പാദിപ്പിച്ച ബയോ-മെഡിക്കൽ മാലിന്യത്തിന്റെ അളവിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും, ആ

മാലിന്യം അധികാരപ്പെട്ട ബയോ-മെഡിക്കൽ മാലിന്യ ശുചീകരണവും നിർമാർജനവും നടത്തുന്ന സൗകര്യത്തിന് ശേഖരണം, ചികിത്സ, നിർമാർജനം എന്നിവയ്ക്കായി കൈമാറുകയും ചെയ്യേണ്ടതാണ്

**7.ഖരമാലിന്യ-സംസ്കരണ ഫെസിലിറ്റികൾ പ്രവർത്തിപ്പിക്കുന്നവരുടെ കടമകൾ.-** ഓരോ മാലിന്യ-സംസ്കരണ ഫെസിലിറ്റികളുടെയും ഓപ്പറേറ്റർ:-

(a) ജൈവ മാലിന്യം, അജൈവ മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം, ഉദ്യാന മാലിന്യസംസ്കരണ ഫെസിലിറ്റികൾ, വേസ്റ്റ് ടു എനർജി കംപ്രസ്ഡ് ബയോ-ഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ്, ഇൻസിനറേറ്ററുകൾ, സാധാരണ ബയോ-മെഡിക്കൽ മാലിന്യ സൗകര്യകേന്ദ്രങ്ങൾ എന്നിവയുൾപ്പെടെയുള്ളവയെ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്;

(b) സംസ്കരണ മാനദണ്ഡങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ഒരു ദോഷവും വരുത്തുന്നില്ലെന്നും, ഷെഡ്യൂൾ II, ഷെഡ്യൂൾ III എന്നിവയിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കുക;

(c) തൊട്ടടുത്ത പാദവർഷത്തിന്റെ ആദ്യ മാസം 15-നകം ത്രൈമാസ റിട്ടേണുകളും, എല്ലാ വർഷവും ജൂൺ 30-നകം വാർഷിക റിട്ടേണുകളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഫാറം III-ൽ സമർപ്പിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്മേൽ അടുത്ത നടപടി എടുക്കുന്നതിനു മുമ്പ്, സംസ്കരണത്തിനായി ലഭിച്ച ജൈവമാലിന്യം, അജൈവ മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം, സാനിറ്ററി മാലിന്യം, ഉദ്യാനമാലിന്യം എന്നിവയുടെ തൂക്കം

അല്ലെങ്കിൽ അളവ്, അതതു സംഗതിപോലെ, സംസ്കരിച്ച അജൈവമാലിന്യത്തിന്റെ അളവ്; സാനിറ്ററി മാലിന്യം, അല്ലെങ്കിൽ പ്രവർത്തനത്തിലുള്ള ലാൻഡ്ഫില്ലുകളിലേക്ക് അയയ്ക്കുന്ന പുന:ചംക്രമണയോഗ്യമല്ലാത്തതും ഊർജ്ജം വീണ്ടെടുക്കാനാകാത്തതുമായ അജൈവ മാലിന്യങ്ങളുടെയും നിഷ്ക്രിയ വസ്തുക്കളുടെയും വിശദാംശങ്ങൾ; ജൈവ മാലിന്യങ്ങളുടെയും ഉദ്യാന മാലിന്യങ്ങളുടെയും സംസ്കരണത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ വളത്തിന്റെയോ കമ്പോസ്റ്റിന്റെയോ ലഭ്യത, ഗുണനിലവാരം, വിൽപ്പന അല്ലെങ്കിൽ ഉപയോഗം; മറ്റ് പ്രസക്തമായ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് റിട്ടേണുകളിലുള്ള വിവരങ്ങൾ സ്ഥിരീകരിക്കേണ്ടതാണ്. അത്തരം ഡാറ്റ പൊതുസഞ്ചയത്തിൽ ലഭ്യമാക്കേണ്ടതും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്;

(d) മാലിന്യ-സംസ്കരണ സമയത്ത് ഉത്പാദിപ്പിക്കപ്പെടുന്ന അവശിഷ്ട മാലിന്യമോ നിഷ്ക്രിയ വസ്തുക്കളോ അംഗീകൃത മാലിന്യ ശേഖരണക്കാർക്കോ തദ്ദേശ സ്വയംഭരണസ്ഥാപനം അധികാരപ്പെടുത്തിയ ഒരു ഏജൻസിക്കോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനോ നൽകേണ്ടതാണ്;

(e) കാലാകാലങ്ങളിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഈ കാര്യത്തിൽ പുറപ്പെടുവിക്കുന്ന സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങളും കേന്ദ്ര പൊതുജനാരോഗ്യ പരിസ്ഥിതി എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ (CPHEEO), ഭവന-നഗര കാര്യവകുപ്പ് എന്നിവയും, അല്ലെങ്കിൽ കുടിവെള്ളവും ശുചിത്വകാര്യവും വകുപ്പോ (DDWS) തയ്യാറാക്കിയ ഖരമാലിന്യ മാനേജ്മെന്റിനെക്കുറിച്ചുള്ള മാന്വലും അനുസരിച്ച് സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യുകയും സജ്ജീകരിക്കുകയും ചെയ്യേണ്ടതാണ്.

(f) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിൽ നിന്ന്, മാലിന്യ-സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനം വഴി അപേക്ഷാ ഫാറം I-ൽ അപേക്ഷ നൽകി ഈ ചട്ടങ്ങൾ പ്രകാരം അംഗീകാരം നേടേണ്ടതാണ്;

(g) ഈ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡും ഭവന, നഗരകാര്യ മന്ത്രാലയമോ ഡ്രിങ്കിങ് വാട്ടർ & സാനിട്ടേഷൻ വകുപ്പോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾപാലിച്ചും ഖരമാലിന്യ-സംസ്കരണ ഫെസിലിറ്റികളുടെ സുരക്ഷിതവും പരിസ്ഥിതി-സൗഹൃദപരവുമായ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കേണ്ടതാണ്.

(i) ഗോബർധൻ പോർട്ടലിൽ എല്ലാ ബയോ-മെത്തനേഷൻ, അല്ലെങ്കിൽ കംപ്രസ്ഡ് ബയോഗ്യാസ്, അല്ലെങ്കിൽ ബയോഗ്യാസ് പ്ലാന്റുകളും രജിസ്റ്റർ ചെയ്യുകയും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലുമായി ലിങ്ക് ചെയ്യുകയും ചെയ്യുക;

(j) ഈ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധിതമാക്കാത്ത മറ്റ് മാലിന്യ-സംസ്കരണ സംവിധാനങ്ങളുമായി ഇടപെടരുത്;

(k) മാലിന്യ-സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനത്തിനായി പരിശീലനം ലഭിച്ച മനുഷ്യവിഭവശേഷിയുടെ ഉപയോഗം ഉറപ്പാക്കുക;

**8. ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, ഗതാഗതം എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ**— ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, ഗതാഗതം

എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം, അല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യക്തി (കൺസഷനെയർ)അല്ലെങ്കിൽ മൂന്നാം കക്ഷി അധികാരപ്പെടുത്തിയവർ,-

(a) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ സ്വമേധയാ രജിസ്റ്റർ ചെയ്യേണ്ടാതാണ്;

(b) ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, ഗതാഗതം, സംസ്കരണം എന്നിവ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡും ഭവന, നഗരകാര്യ മന്ത്രാലയവും, അല്ലെങ്കിൽ ഡ്രിങ്കിങ് വാട്ടർ & സാനിട്ടേഷൻ വകുപ്പും (ഡി ഡി ഡബ്ല്യു എസ്) പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിസ്ഥിതി-സൗഹൃദപരമായ രീതിയിലാണ് നടക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്;

(c) ശേഖരിച്ച ഖരമാലിന്യങ്ങൾ, രജിസ്റ്റർ ചെയ്യപ്പെട്ട മാലിന്യ-സംസ്കരണ സംവിധാനത്തിന് കൈമാറുന്നതിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്;

(d) ഈ ചട്ടങ്ങളിലെ ചട്ടം 39-ന്റെ ഉപ-ചട്ടം 38 -ൽ നൽകിയിരിക്കുന്ന പദ്ധതി പ്രകാരം, വൻകിട മാലിന്യ ഉത്പാദകർക്ക് മാലിന്യം സംഭരിക്കുന്നതിനായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കേണ്ടതാണ്

(e)ജൈവ മാലിന്യങ്ങളുടെയും ഉദ്യാന (പൂന്തോട്ട) മാലിന്യങ്ങളുടെയും കാര്യത്തിൽ വൻകിട മാലിന്യ ഉത്പാദകർക്ക് നൽകുന്ന വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ, ജൈവ മാലിന്യങ്ങളുടെ

ശുചീകരണം അല്ലെങ്കിൽ സംസ്കരണം നടത്തുന്നതിനായി രജിസ്ട്രേഷൻ ലഭിക്കുകയും അംഗീകാരം നേടിയിട്ടുള്ള പരിചരണ, സംസ്കരണ അല്ലെങ്കിൽ പുനഃചംക്രമണ സൗകര്യങ്ങൾ ഉള്ളവർക്ക് മാത്രമേ നൽകാവൂ; കൂടാതെ, ജൈവ മാലിന്യങ്ങളുടെയും ഉദ്യാന (പൂന്തോട്ട) മാലിന്യങ്ങളുടെയും അളവുസംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ചതിനു ശേഷമേ അത്തരം സർട്ടിഫിക്കറ്റുകൾ നൽകാവൂ.

(f) ജൈവ മാലിന്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള മാലിന്യ പരിചരണ/സംസ്കരണ സൗകര്യങ്ങളിലേക്കും, അജൈവ മാലിന്യങ്ങൾ രജിസ്റ്റർ ചെയ്ത മെറ്റീരിയൽ റിക്കവറി സൗകര്യങ്ങളിലേക്കോ സംസ്കരണ സൗകര്യങ്ങളിലേക്കോ, സാനിറ്ററി മാലിന്യവും പ്രത്യേക പരിചരണം ആവശ്യമായ മാലിന്യവും രജിസ്റ്റർ ചെയ്ത റീസൈക്ലർ, പ്രോസസ്സർ, ഇൻസിനറേറ്റർ അല്ലെങ്കിൽ സാധാരണ ബയോ-മെഡിക്കൽ മാലിന്യ ശുചീകരണവും നിർമാർജനവും നടത്തുന്ന സൗകര്യങ്ങളിലേക്കോ, അല്ലെങ്കിൽ രണ്ടാംഘട്ട സംഭരണ കേന്ദ്രങ്ങളിലേക്കോ കൈമാറ്റ സ്റ്റേഷനുകളിലേക്കോ കൊണ്ടുപോകുന്നത് ഉറപ്പാക്കേണ്ടതാണ്.

(g) തൊട്ടടുത്ത പാദവർഷത്തിന്റെ ആദ്യ മാസത്തിലെ 15-ാം തീയതിക്കകം ത്രൈമാസ റിട്ടേണുകളും, ഓരോ വർഷവും ജൂൺ 30-നകം വാർഷിക റിട്ടേണുകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്; സമർപ്പിച്ച റിട്ടേണുകളിൽ, മാലിന്യ ഉത്പാദകരിൽ നിന്നോ വൻകിട മാലിന്യ ഉത്പാദകരിൽനിന്നോ ലഭിച്ച ജൈവമാലിന്യം, അജൈവ മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം, സാനിറ്ററി മാലിന്യം എന്നിവയുടെ തൂക്കം അല്ലെങ്കിൽ അളവ്; ഈ മാലിന്യങ്ങൾ ശേഖരിച്ച ഓരോ മാലിന്യ ഉത്പാദകരുടേയും വൻകിട മാലിന്യ ഉത്പാദകരുടേയും വിശദാംശങ്ങൾ; കൂടാതെ, ജൈവ, അജൈവ, പ്രത്യേക പരിചരണം ആവശ്യമായ, സാനിറ്ററി, ഉദ്യാന മാലിന്യങ്ങൾ സംസ്കരണത്തിനായി കൈമാറിയ രജിസ്റ്റർ ചെയ്തതോ

അംഗീകൃതമോ ആയ മാലിന്യ ശുചീകരണ, സംസ്കരണ അല്ലെങ്കിൽ പുനഃചംക്രമണ സംവിധാനങ്ങളുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. തദ്ദേശസ്ഥാപനം ഈ വിവരങ്ങൾ അനന്തര നടപടികൾക്ക് മുമ്പ് പരിശോധിച്ച് സ്ഥിരീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഡാറ്റ പൊതുസഞ്ചയത്തിൽ ലഭ്യമാക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

(h) ഇനിപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദിത്വമുണ്ടായിരിക്കും,-

(i) കേന്ദ്ര പൊതുജനാരോഗ്യ പരിസ്ഥിതി എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ, ഭവന, നഗരകാര്യ മന്ത്രാലയം എന്നിവയുടെ മുനിസിപ്പൽ ഖരമാലിന്യ മാനേജ്മെന്റിനെക്കുറിച്ചുള്ള മാന്വൽ (കൈപ്പുസ്തകം), കേന്ദ്രമലിനീകരണ-നിയന്ത്രണ ബോർഡിന്റെയും കുടിവെള്ള, ശുചിത്വ വകുപ്പിന്റെയും (DDWS) കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതിന്റെ ചുമതലകൾ നിർവഹിക്കേണ്ടതാണ് ;

(ii) ഖരമാലിന്യങ്ങൾ ചിതറിപ്പോകുന്നതും, ഒഴുകിപ്പോകുന്നതും, ഒലിച്ചുപോകുന്നതും തടയുന്നതിനുള്ള നടപടികളും, അല്ലെങ്കിൽ പരിസ്ഥിതി മലിനീകരണം തടയുന്നതിനുള്ള മറ്റ് നടപടികളും സ്വീകരിക്കേണ്ടതാണ്;

(iii) മാലിന്യ ഉത്പാദകരിൽ നിന്ന് ഖരമാലിന്യ ശേഖരണം കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;

(iv) ഖരമാലിന്യ ശേഖരണത്തിനും ഗതാഗതത്തിനും ഉപയോഗിക്കുന്ന വാഹനങ്ങൾ ഉചിതമായ വലുപ്പത്തിലും ശേഷിയിലും സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജൈവ മാലിന്യത്തിനും അജൈവ മാലിന്യത്തിനും പ്രത്യേക അറകൾ

സജ്ജീകരിക്കേണ്ടതാണ്; സാനിറ്ററി മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, ഉദ്യാനമാലിന്യങ്ങൾ അല്ലെങ്കിൽ കാർഷിക മാലിന്യങ്ങൾ എന്നിവ പ്രത്യേകം ശേഖരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

(v) ശേഖരണ, ഗതാഗത സമയങ്ങളിൽ വിവിധ തരം മാലിന്യങ്ങൾ തമ്മിൽ കൂടിക്കലരുന്നില്ലെന്ന് ഉറപ്പാക്കുക;

(vi) നിർദ്ദിഷ്ട മാലിന്യ-സംസ്കരണ സംവിധാനങ്ങളിൽ എത്തിക്കുന്നതുവരെ, വിവിധ വിഭാഗങ്ങളിൽപ്പെടുന്ന മാലിന്യങ്ങൾ തരംതിരിക്കപ്പെട്ട അവസ്ഥയിൽ തുടരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്;

(vii) ശേഖരണത്തിലും ഗതാഗതത്തിലും ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്ക് ഉചിതമായ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക.

(viii) ഖരമാലിന്യ സംസ്കരണം ഏറ്റെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യക്തി (കൺസഷനെയർ) അല്ലെങ്കിൽ മൂന്നാം കക്ഷി, കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നതും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡും ഭവന, നഗരകാര്യ മന്ത്രാലയവും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നതും, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കണമെന്നതും ഉറപ്പാക്കുക.

(ix)50,000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിൽ ശേഖരണവും ഗതാഗതവും സംബന്ധിച്ച പ്രവർത്തനങ്ങളിൽ

ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങളിൽ, ട്രാക്കിംഗ് ഉപകരണങ്ങൾ സജ്ജീകരിച്ചിരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ആവശ്യകത അനുസരിച്ച്, 50,000-ത്തിൽ താഴെ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ വ്യവസ്ഥ ബാധകമാക്കാവുന്നതാണ്.

**9. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിൽ പുന:ചംക്രമണ യോഗ്യമുള്ളതോ, പുന:ചംക്രമണ യോഗ്യമല്ലാത്തതോ ആയ മാലിന്യങ്ങൾ വേർതിരിക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെ കടമകൾ.—** (1) മുഖ്യമായും മാലിന്യത്തെ പുന:ചംക്രമണ യോഗ്യമായതോ പുന:ചം ക്രമണ യോഗ്യമല്ലാത്തതോ ആയി വേർതിരിക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോ സ്ഥാപനവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം.

(2) സ്ഥാപനത്തിന്റെ ഉത്തരവാദിത്തം,-

(a) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ്; ഭവന, നഗരകാര്യ മന്ത്രാലയം എന്നിവ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഒരു ഫെസിലിറ്റി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്;

(b) സ്ഥാപനത്തിന്റെ ഏതെങ്കിലും പ്രവർത്തനംമൂലം ഉണ്ടാകുന്ന അപകടകരമായ മാലിന്യങ്ങൾ 2016-ലെ ഹസാർഡസ് ആന്റ് അദർ വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ട്രാൻസ്ബൗണ്ടറി മൂവ്മെന്റ്) ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(3) തരംതിരിച്ച പുന:ചംക്രമണ സാധ്യതയുള്ളതോ പുന:ചംക്രമണ സാധ്യതയില്ലാത്തതോ ആയ മാലിന്യങ്ങൾ രജിസ്റ്റർ ചെയ്ത

മാലിന്യ-സംസ്കരണ സ്ഥാപനങ്ങൾക്കോ പുനഃചംക്രമണ സ്ഥാപനങ്ങൾക്കോ കൈമാറേണ്ടതാണ്

(4) തൊട്ടടുത്ത പാദവർഷത്തിലെ ആദ്യ മാസം 15-ാം തീയതിക്കുള്ളിൽ, സ്വീകരിച്ച ഖരമാലിന്യത്തിന്റെ അളവ്, തരംതിരിച്ച് രജിസ്റ്റർ ചെയ്ത മാലിന്യ സംസ്കരണശാലകളിലേക്കോ സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലുകളിലേക്കോ കൈമാറുന്ന ഖരമാലിന്യത്തിന്റെ അളവ് എന്നിവ ത്രൈമാസാടിസ്ഥാനത്തിൽ ഓൺലൈൻ പോർട്ടൽ വഴി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(5) ഈ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത മറ്റ് ഏതെങ്കിലും സ്ഥാപനവുമായി ഫെസിലിറ്റിയോ സ്ഥാപനമോ ഇടപെടരുത്.

(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തനത്തിനായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.

(7) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം, പ്രത്യേകിച്ചും വിപുലീകൃത ഉത്പാദക ഉത്തരവാദിത്തം നിർബന്ധമാക്കിയിട്ടുള്ള മാലിന്യ വിഭാഗങ്ങളിൽ, സാധ്യമാകുന്നിടത്തെല്ലാം, രജിസ്റ്റർ ചെയ്ത മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ മാലിന്യ സംസ്കരണത്തിനായി മാലിന്യം എത്തിക്കുന്നതിനായി ഇനിപ്പറയുന്ന സേവനങ്ങൾ നൽകേണ്ടതാണ്:-

(i) പ്ലാസ്റ്റിക് മാലിന്യ സംസ്കരണക്കാർക്കോ അല്ലെങ്കിൽ മാലിന്യ സംസ്കരണക്കാർക്കോ ഇ-വേസ്റ്റ് പോലെയുള്ള മറ്റ് മാലിന്യങ്ങളുടെ സംസ്കരണക്കാർക്കോ, ഉത്പാദകർ,

ഇറക്കുമതിക്കാർ, ബ്രാൻഡ് ഉടമകൾ എന്നിവർക്കോ, പരിസ്ഥിതി (സംരക്ഷണ) നിയമത്തിനു കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം വിപുലീകൃത ഉത്പാദക ഉത്തരവാദിത്തം നിറവേറ്റാൻ നിർബന്ധിതമാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്കോ ആയുള്ള ഒരു ശേഖരണ കേന്ദ്രമായി പ്രവർത്തിക്കുക;

(ii) പരിസ്ഥിതി സംരക്ഷണ നിയമത്തിനു കീഴിൽ പ്രത്യേക ചട്ടങ്ങൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഇ-മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം, സാനിറ്ററി മാലിന്യം അല്ലെങ്കിൽ മറ്റ് മാലിന്യങ്ങൾ എന്നിവ സംസ്കരണത്തിനായി കൊണ്ടുപോകുന്ന വഴിയിൽ അവയുടെ ഒരു നിക്ഷേപ കേന്ദ്രമായി പ്രവർത്തിക്കുക.

(iii) 'കുറവുവരുത്തൽ, പുനരുപയോഗം, പുന:ചംക്രമണം എന്ന തത്വം പാലിച്ചുകൊണ്ട് മാലിന്യത്തിന്റെ ചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രങ്ങളോ നിക്ഷേപകേന്ദ്രങ്ങളോ ആയി പ്രവർത്തിക്കുക.

(8) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി നൽകുന്ന സേവനച്ചെലവും, മുകളിൽ ഉപചട്ടം (7)-ൽ പരാമർശിച്ചിരിക്കുന്നതുപ്രകാരം ശേഖരിക്കുന്ന മാലിന്യത്തിന്റെ വിലയും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർണ്ണയിക്കേണ്ടതാണ്.

**10**. മാലിന്യ സംസ്കരണത്തിനുള്ള വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ്.—

(1) ചട്ടം 39-ലെ ഉപചട്ടം (38)-ൽ നൽകിയിരിക്കുന്ന സ്കീം അനുസരിച്ച് വൻകിട മാലിന്യ ഉത്പാദകർക്കുള്ള ഉത്തരവാദിത്ത ബാധ്യത നിറവേറ്റുന്നതിനായി കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത

സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മാത്രമേ മാൻഡേറ്റ് ഉണ്ടായിരിക്കു.

(2) വൻകിട മാലിന്യ ഉത്പാദകരിൽനിന്ന് ഖരമാലിന്യം ശേഖരിച്ച് രജിസ്റ്റേർഡ് പ്രോസസിങ് ഫെസിലിറ്റിക്കോ റീസൈക്ലർമാർക്കോ കൈമാറുന്നതിന് വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു മുമ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം.

(3) വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ കണക്കാക്കാൻ ഇനിപ്പറയുന്ന ഫോർമുല ഉപയോഗിക്കണം:

വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ (കിലോഗ്രാം) = തദ്ദേശ സ്വയംഭരണ സ്ഥാപനം ശേഖരിച്ച്, രജിസ്റ്റർ ചെയ്ത സംസ്കരണക്കാർക്കോ പുനഃചംക്രമണക്കാർക്കോ എത്തിച്ചു കൊടുത്ത ഖരമാലിന്യത്തിന്റെ അളവ് (കിലോഗ്രാം).

(4) മാലിന്യം കൈമാറ്റം ചെയ്യപ്പെട്ട ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത ജൈവ മാലിന്യ പരിചരണ, അല്ലെങ്കിൽ സംസ്കരണ ഫെസിലിറ്റികൾ, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അവ സ്വീകരിച്ചതും സംസ്കരിച്ചതുമായ ജൈവ മാലിന്യത്തിന്റെ അളവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ, തദ്ദേശ സ്വയംഭരണ സ്ഥാപനം ജൈവ മാലിന്യത്തിന്റെ കാര്യത്തിലുള്ള വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ ജനറേറ്റ് ചെയ്യുവാൻ പാടുള്ളൂ.

(5) അത്തരം എല്ലാ ഇടപാടുകളും, റിട്ടേണുകൾ ഫയൽ ചെയ്യുന്ന സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനമോ രജിസ്റ്റർ ചെയ്ത മൂന്നാം കക്ഷിയോ അല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന

വ്യക്തിയോ (കൺസഷനെറിയോ) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്തുകയും സമർപ്പിക്കുകയും വേണം.

(6) ഒരു പ്രത്യേക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ, വൻകിട മാലിന്യ ഉത്പാദകരുടെ ബാധ്യതകൾ നിറവേറ്റുന്നതിന് മൂന്ന് വർഷത്തേക്ക് സാധുതയുള്ളതായിരിക്കും.

(7) തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കുന്ന വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത മാലിന്യ ഉത്പാദക സർട്ടിഫിക്കറ്റിന്റെ വില, ഭവന, നഗരകാര്യ മന്ത്രാലയവുമായും ഡ്രിങ്കിങ് വാട്ടർ & സാനിട്ടേഷൻ വകുപ്പുമായും (DDWS) കൂടിയാലോചിച്ച് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അന്തിമമാക്കും.

(8) വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത ബാധ്യതകൾ നിറവേറ്റുന്നതിനായി വൻകിട മാലിന്യ ഉത്പാദകരിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം വൻകിട മാലിന്യ ഉത്പാദകർക്കയുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകളുടെ വില ശേഖരിക്കേണ്ടതാണ്.

(9) വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റിനായി ഈടാക്കുന്ന വില തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട കൺസഷനെയറുമായോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ മൂന്നാം കക്ഷിയുമായോ, അതോടൊപ്പം സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുമായോ പങ്കിടുകയോ, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഇക്കാര്യത്തിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഖരമാലിന്യ ശേഖരണം, ഗതാഗതം, സംസ്കരണ അടിസ്ഥാന ഫെസിലിറ്റികൾ, സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് നടത്തുന്ന കൺസഷനെയറുടെയോ മൂന്നാം കക്ഷിയുടെയോ ഓഡിറ്റ്

എന്നിവയുടെ വികസനത്തിനും പരിപാലനത്തിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

(10) ചുമതലപ്പെടുത്തപ്പെട്ട സ്ഥാപനം മുമ്പത്തെ ചട്ടങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ, പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്.

**11. ഖരമാലിന്യത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന റെഫ്യൂസ്ഡ് ഡിറൈവ്ഡ് (RDF) പ്ലാന്റുകളിൽ നിന്ന് നിർദ്ദിഷ്ട ദൂരപരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വ്യാവസായിക യൂണിറ്റുകളുടെയും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളുടെയും ചുമതലകൾ :-**

(1) ഖര ഇന്ധനം ഉപയോഗിക്കുന്ന വ്യാവസായിക യൂണിറ്റുകൾ താഴെ നൽകിയിരിക്കുന്ന പട്ടിക പ്രകാരം, തിരസ്കൃത മാലിന്യത്തിൽനിന്നു നിർമ്മിക്കുന്ന ഇന്ധനമോ, വേർതിരിച്ച ജ്വലനയോഗ്യമായ ഭാഗങ്ങളോ (segregated combustible fraction) കാർഷിക അവശിഷ്ടമോ ഉപയോഗിക്കേണ്ടതാണ്. ഖര ഇന്ധനം ഉപയോഗിക്കുന്നതും ഖരമാലിന്യത്തിൽ നിന്ന് മാലിന്യ ഇന്ധനമുത്പാദിപ്പിക്കുന്ന പ്ലാന്റിൽനിന്ന് നിശ്ചിത ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ വ്യാവസായിക യൂണിറ്റുകൾ, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന, ഖരമാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വേർതിരിച്ച ജ്വലനയോഗ്യമായ ഭാഗങ്ങൾ (segregated combustible fraction) ഉപയോഗപ്പെടുത്തി അവയുടെ ഖര ഇന്ധന ആവശ്യകതയ്ക്ക് പകരം ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

പട്ടിക

| ക്രമ നമ്പർ | ഖരമാലിന്യത്തിന്റെ ജ്വലനയോഗ്യമായ മാലിന്യ ഭാഗം | കലോറിഫിക് മൂല്യം | ഉദ്ദേശിക്കുന്ന ഉപയോഗം | വ്യക്തമാക്കപ്പെട്ട ദൂരം | ഇന്ധന സബ്സ്റ്റിറ്റ്യൂഷൻ ഷെഡ്യൂൾ |
|---|---|---|---|---|---|
| (1) | (2 | (3) | (4) | (5) | (6) |
| 1 | വേർതിരിക്കപ്പെട്ട ജ്വലനയോഗ്യമായ മാലിന്യഭാഗം, അല്ലെങ്കിൽ കാർഷിക അവശിഷ്ടം | > 1500 Kcal / kg net | ചൂടാക്കൽ ആവശ്യമുള്ള ബോയിലറുകൾ ഉള്ള ഊർജ്ജ പ്ലാന്റുകളിലേക്കോ വ്യവസായങ്ങളിലേക്കോ ഉള്ള മാലിന്യങ്ങൾ | 100 km | • ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിന്നുള്ള ഏറ്റവും കുറഞ്ഞ ഇന്ധന ഉപയോഗം ആറ് ശതമാനം<br>• ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷത്തിനു ശേഷമുള്ള ഏറ്റവും കുറഞ്ഞ ഇന്ധന ഉപയോഗം പത്ത് ശതമാനം<br>• ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ആറ് വർഷം കഴിഞ്ഞുള്ള ഏറ്റവും കുറഞ്ഞ ഇന്ധന ഉപയോഗം പതിനഞ്ച് ശതമാനം |
| 2 | തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിച്ച ഇന്ധനം ഗ്രേഡ് I | > 4500 Kcal / kg net | സിമൻറ് ചൂളകളിൽ നേരിട്ടുള്ള സഹ-പ്രോസസ്സിംഗിനായി | 400 km | |

| | | | | | |
|---|---|---|---|---|---|
| 3 | തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിച്ച ഇന്ധനം ഗ്രേഡ് II | 3750 to 4500 Kcal / kg net | സിമൻറ് ചൂളകളിൽ നേരിട്ടുള്ള സഹ-സംസ്കരണത്തിനായി | 400 km | |
| 4 | തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിച്ച ഇന്ധനം ഗ്രേഡ് III | 3000 to 3750 Kcal / kg net | സിമൻറ് ചൂളകളിൽ മറ്റ് മാലിന്യ വസ്തുക്കളുമായി നേരിട്ടോ സംസ്കരിച്ചതിനു ശേഷമോ ഉള്ള സഹ സംസ്കരണത്തിന് | 400 km | |

(2) അത്തരം എല്ലാ വ്യാവസായിക യൂണിറ്റുകളും ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്യുകയും, തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിച്ച ഇന്ധനം (RDF), അല്ലെങ്കിൽ വേർതിരിച്ച ജ്വലന യോഗ്യമായ വസ്തുക്കൾ (SCF), അല്ലെങ്കിൽ കാർഷിക അവശിഷ്ടം എന്നിവയുടെ ഉപയോഗത്തെക്കുറിച്ചുള്ള വാർഷിക റിട്ടേണുകൾ എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി സമർപ്പിക്കുകയും വേണം.

(3) തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന എല്ലാ പ്ലാന്റുകളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും തിരസ്കൃത മാലിന്യ

ഇന്ധന പ്ലാന്റുകളും ചേർന്ന പ്ലാന്റുകളും, ഭവന, നഗരകാര്യ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ലഭ്യമായ മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഇന്ധനത്തിന്റെയോ, വേർതിരിച്ച ജ്വലന ഭാഗങ്ങൾ എന്നിവയുടെയോ ഗുണനിലവാര റിപ്പോർട്ടിനൊപ്പം തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിച്ച ഇന്ധനത്തിന്റെ ലഭ്യതയും റിപ്പോർട്ട് ചെയ്യുകയും, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ഓരോ മാസവും റിപ്പോർട്ട് ചെയ്യുകയും വേണം.

(4) തിരസ്കൃത മാലിന്യത്തിൽ നിന്ന് ഇന്ധനം ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിച്ച ഇന്ധനത്തിന്റെ ലഭ്യതയും വിൽപ്പനയും അതതു സമയം റിപ്പോർട്ട് ചെയ്യണം.

(5) തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിച്ച ഇന്ധനം, അല്ലെങ്കിൽ വേർതിരിച്ച ജ്വലന യോഗ്യ ഭാഗങ്ങൾ എന്നിവയുടെ സംസ്കരണ പ്ലാന്റുകൾ വേസ്റ്റ് ടു എനർജി പ്ലാന്റുകളിലേക്ക് വിതരണം ചെയ്യുന്ന മാലിന്യത്തിന്റെ കലോറിഫിക് മൂല്യം കുറഞ്ഞത് 1500 Kcal/kg ആണെന്ന് ഉറപ്പാക്കേണ്ടതാണ്.

(6) തിരസ്കൃത മാലിന്യത്തിൽ നിന്ന് ഉത്പാദിപ്പിച്ച ഇന്ധനവും അല്ലെങ്കിൽ വേർതിരിച്ച ജ്വലന യോഗ്യ ഭാഗങ്ങളുടെ സംസ്കരണവും നടത്തുന്ന പ്ലാന്റുകൾ സിമന്റ് പ്ലാന്റുകളിലേക്ക് മാലിന്യം വിതരണം ചെയ്യുമ്പോൾ കലോറിഫിക് മൂല്യം 3000 Kcal/kg ആണെന്നത് ഉറപ്പാക്കേണ്ടതാണ്.

**12. കുന്നിൻ പ്രദേശങ്ങളിലും ദ്വീപ് പ്രദേശങ്ങളിലും ഖരമാലിന്യ സംസ്കരണത്തിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും നടപടികളും.—** കുന്നിൻ പ്രദേശങ്ങളിലും ദ്വീപ് പ്രദേശങ്ങളിലും, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും താഴെപ്പറയുന്നവയാണ്,-

(i) ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവയുടെ നിർമ്മാർജ്ജനത്തിനുമായി, സന്ദർശകരിൽനിന്നോ വിനോദസഞ്ചാരികളിൽനിന്നോ (മുനിസിപ്പൽ പരിധിയിലെ സ്ഥിര താമസക്കാരല്ലാത്തവരിൽ നിന്ന്) ഫീസ് ഈടാക്കുകയും ശേഖരിക്കുകയും ചെയ്യാം, കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യസംസ്കരണ ശേഷിക്ക് അനുസൃതമായി സന്ദർശകരുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്;

(ii) കുന്നിൻ പ്രദേശങ്ങളിലും ദ്വീപ് പ്രദേശങ്ങളിലും ലാൻഡ്ഫിൽ നിർമ്മാണം ഒഴിവാക്കേണ്ടതാണ്. സംസ്കരണ കേന്ദ്രത്തിൽ നിന്നുള്ള തിരസ്കൃത മാലിന്യങ്ങളും നിഷ്ക്രിയ മാലിന്യങ്ങളും ശേഖരിക്കുന്നതിന് അനുയോജ്യമായ ഒരു ചുറ്റുമതിലുള്ള സ്ഥലത്ത് ഒരു കൈമാറ്റ സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്. ഒരു സാനിറ്ററി മാലിന്യ ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് കുന്നിൻ താഴെയുള്ള സമതല പ്രദേശങ്ങളിൽ 25 കിലോമീറ്ററിനുള്ളിൽ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തേണ്ടതാണ്. കൈമാറ്റ സ്റ്റേഷനിൽ നിന്നുള്ള അവശിഷ്ട മാലിന്യങ്ങൾ ഈ സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലിൽ സംസ്കരിക്കണം;

(iii) അത്തരം ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, നിഷ്ക്രിയവും തിരസ്കൃതവുമായ മാലിന്യങ്ങൾക്കായി പ്രാദേശിക സാനിറ്ററി മാലിന്യ ലാൻഡ്ഫിൽ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്;

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനം ബൈ-ലോ (ഉപ നിയമങ്ങൾ) രൂപപ്പെടുത്തുകയും, പൗരജനങ്ങൾ ഖരമാലിന്യങ്ങൾ തെരുവുകളിൽ

വലിച്ചെറിയുന്നത് നിരോധിക്കുകയും, കടലാസ്, കുടിവെള്ളക്കുപ്പികൾ, മദ്യക്കുപ്പികൾ, സോഫ്റ്റ് ഡ്രിങ്ക്സ് കുപ്പികൾ ഉൾപ്പെടെയുള്ള പാനീയ പാത്രങ്ങൾ, ക്യാനുകൾ, ടെട്രാ പായ്ക്കുകൾ, മറ്റ് പ്ലാസ്റ്റിക്, അല്ലെങ്കിൽ പേപ്പർ മാലിന്യങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ കുന്നിൻ പ്രദേശങ്ങളിലോ കുന്നിൻ താഴെയോ നിക്ഷേപിക്കരുതെന്ന് വിനോദസഞ്ചാരികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും, പകരം അത്തരം ഖരമാലിന്യങ്ങൾ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥാപിക്കുന്ന ചവർ ബിന്നുകളിൽ നിക്ഷേപിക്കാൻ നിർദ്ദേശിക്കുകയും വേണം;

(v) തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്റെ ബൈലോ പ്രകാരം, കുന്നിൻ പ്രദേശങ്ങളിലും ദ്വീപ് പ്രദേശങ്ങളിലും സന്ദർശിക്കുന്ന എല്ലാ വിനോദസഞ്ചാരികളേയും, പ്രവേശന പോയിന്റിലും അവർ താമസിക്കുന്ന ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവയിലൂടെയും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അനുയോജ്യമായ പരസ്യബോർഡുകൾ സ്ഥാപിച്ചും, ഖരമാലിന്യ-സംസ്കരണ വ്യവസ്ഥകൾ അറിയിക്കാനുള്ള ക്രമീകരണം നടത്തേണ്ടതാണ്;

(vi) ഖരമാലിന്യ-സംസ്കരണ സേവനങ്ങൾ സുസ്ഥിരമാക്കുന്നതിന്, വിനോദസഞ്ചാരികളിൽ നിന്ന് പ്രവേശന കവാടത്തിൽവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഖരമാലിന്യ-സംസ്കരണ ചാർജ് ഈടാക്കാവുന്നതാണ്;

(vii) വികേന്ദ്രീകൃത മാലിന്യ-സംസ്കരണ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിന് ഭൂമി വിതരണം ചെയ്യുന്നതിന്റെ ചുമതലയുള്ള വകുപ്പ്, കുന്നുകളിലും ദ്വീപുകളിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി അനുവദിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം അത്തരം ഫെസിലിറ്റികൾ സ്ഥാപിക്കേണ്ടതാണ്. കുന്നിൻ

പ്രദേശത്തിന്റെ പരമാവധി ഉപയോഗത്തിനായി സ്റ്റെപ്പ്-ഗാർഡൻ ഫെസിലിറ്റി സ്വീകരിക്കാവുന്നതാണ്;

(viii) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, തരംതിരിക്കപ്പെട്ട അജൈവമാലിന്യങ്ങൾ തുടർന്നുള്ള സംസ്കരണത്തിനായി ദ്വീപുകളിലെ ഗ്രാമങ്ങൾക്ക് താൽക്കാലികമായി സംഭരിക്കുന്നതിനുള്ള നിശ്ചിത മാലിന്യ ശേഖരണ ഫെസിലിറ്റികൾ ഉണ്ടായിരിക്കണം;

(ix) ദ്വീപുകളിലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ, ബോട്ട് ഓപ്പറേറ്റർമാർ, ടൂറിസം ഓപ്പറേറ്റർമാർ എന്നിവർ, അവർ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ, തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച ഏജൻസിക്കോ മാലിന്യം കൈമാറുകവഴിയോ, നിശ്ചിത ശേഖരണ ഫെസിലിറ്റികളിൽ നിക്ഷേപിച്ചുകൊണ്ടോ ഉത്തരവാദിത്തത്തോടെ അവ കൈകാര്യം ചെയ്യേണ്ടതാണ്, തീരത്തോ കടലിലോ മാലിന്യം തള്ളരുത്;

(x) ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ വികസിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഹോട്ടലുകളും റെസ്റ്റോറന്റുകളും ഓരോന്നിനും നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് വികേന്ദ്രീകൃത മാലിന്യത്തിന്റെ സംസ്കരണം പ്രോത്സാഹിപ്പിക്കണം.

**13. മാലിന്യം ഊർജ്ജ പ്രക്രിയയിലേക്ക് മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ**.-—(1) 1500 കിലോ കലോറി/കിലോഗ്രാമോ അതിൽ കൂടുതലോ കലോറി മൂല്യമുള്ള പുന:ചംക്രമണയോഗ്യമല്ലാത്ത മാലിന്യം

ലാൻഡ് ഫില്ലുകളിൽ സംസ്കരിക്കാൻ പാടില്ലാത്തതും, തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിച്ച ഇന്ധനം ഉപയോഗിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനു മാത്രം ഉപയോഗിക്കാൻ പാടുള്ളതുമാകുന്നു, അല്ലെങ്കിൽ, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി തിരസ്കൃത മാലിന്യത്തിൽ നിന്ന് ഇന്ധനം നിർമ്മിക്കുന്നതിനുള്ള ഫീഡ്സ്റ്റോക്കായി നൽകാവുന്നതുമാണ്.

(2) ചട്ടം 11-ലെ ഉപചട്ടം (1)-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉയർന്ന കലോറിമൂല്യമുള്ള മാലിന്യങ്ങൾ സിമന്റ്, അല്ലെങ്കിൽ താപവൈദ്യുത നിലയങ്ങളിലെ സഹ-സംസ്കരണത്തിനോ, അല്ലെങ്കിൽ മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന നിലയങ്ങളോ, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് അംഗീകരിച്ച മറ്റ് വ്യവസായങ്ങളോ ഉപയോഗിക്കണം. തുടർച്ചയായ പ്രവർത്തനത്തിനായി അത്തരം യൂണിറ്റുകൾ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പാരിസ്ഥിതിക മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

(3) തദ്ദേശ സ്വയംഭരണ സ്ഥാപനമോ, അല്ലെങ്കിൽ കിലോഗ്രാമിന് 1500 കിലോ കലോറിയോ അതിൽ കൂടുതലോ കലോറി മൂല്യമുള്ള മാലിന്യോർജ്ജ ഉത്പാദന പ്ലാന്റ് സ്ഥാപിക്കാൻ നിർദ്ദേശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം നിയുക്തമാക്കിയ ഫെസിലിറ്റിയുടെ ഓപ്പറേറ്ററോ, ചട്ടങ്ങൾ പ്രകാരമുള്ള അംഗീകാരത്തിനായി, ഫാറംI-ൽ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന് അപേക്ഷ സമർപ്പിക്കണം. മാലിന്യത്തിൽനിന്ന് ഊർജ്ജം ഉത്പാദിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ, സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് അത് പരിശോധിച്ച് അറുപത് ദിവസത്തിനുള്ളിൽ അനുമതി നൽകേണ്ടതാണ്.

(4) മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഇക്കാര്യത്തിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് അനുമതി നൽകേണ്ടതാണ്.

## അദ്ധ്യായം III

## സാനിറ്ററി ലാൻഡ്ഫില്ലുകൾ

**14. സാനിറ്ററി ലാൻഡ്ഫില്ലുകളുടെ സ്ഥാപിക്കലും, പ്രവർത്തനവും, പരിപാലനവും:**— (1) നഗരവികസന വകുപ്പ്, അല്ലെങ്കിൽ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ, അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുള്ള വകുപ്പ്, അതോടൊപ്പം, ഗ്രാമവികസന വകുപ്പ്, അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള വകുപ്പ്, അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശ ഭരണകൂടം, അല്ലെങ്കിൽ പഞ്ചായത്തീരാജ് വകുപ്പ് എന്നിവ സംസ്ഥാന ഖരമാലിന്യ മാനേജ്മെന്റ് നയവും നഗര - ഗ്രാമ പ്രദേശങ്ങളിലെ തന്ത്രവും അനുസരിച്ച് പ്രാദേശിക അല്ലെങ്കിൽ ക്ലസ്റ്റർ സമീപനത്തിന് അനുസൃതമായി സാനിറ്ററി ലാൻഡ്ഫില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തേണ്ടതാണ്.

(2) ജില്ലാ തലത്തിൽ ഭൂ-പതിവിന്റെ ചുമതലയുള്ള വകുപ്പിന്, സംസ്ഥാന സർക്കാർ, കേന്ദ്രഭരണ പ്രദേശ ഭരണകൂടം, നഗര വികസന വകുപ്പ്, അല്ലെങ്കിൽ ബന്ധപ്പെട്ട നഗര സ്വയംഭരണസ്ഥാപന പരിധിയിലുള്ള ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള

വകുപ്പ്, അല്ലെങ്കിൽ ലഭ്യമായ ഭൂമിയുടെ അധികാരമുള്ള നഗര - ഗ്രാമ സ്വയംഭരണ സ്ഥാപനം എന്നിവ കണ്ടെത്തിയ ഭൂമി, എന്നിവർക്ക് കൺസഷനെയർക്കോ മൂന്നാം കക്ഷിക്കോ ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

(3) ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി അനുസരിച്ച് ഷെഡ്യൂൾ II പ്രകാരമുള്ള സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനും, നിർമ്മിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം യോഗ്യരായ ഏജൻസികളെ കണ്ടെത്തണം ;

(4)ഉപയോഗയോഗ്യമല്ലാത്തതും, പുന:ചംക്രമണയോഗ്യമല്ലാത്തതും, ജൈവ വിഘടിതമല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ, ജ്വലന ക്ഷമമല്ലാത്തതും ഊർജ്ജം വീണ്ടെടുക്കാൻ കഴിയാത്തതുമായ അജൈവ മാലിന്യം, പ്രതിപ്രവർത്തനക്ഷമമല്ലാത്ത നിഷ്ക്രിയ മാലിന്യങ്ങൾ, മാലിന്യ-സംസ്കരണ ഫെസിലിറ്റികളിലെ സംസ്കരണത്തിനുമുമ്പുള്ള തിരസ്കൃത മാലിന്യങ്ങളും അടിച്ചിലുകളും, അവശിഷ്ട മാലിന്യങ്ങൾ, നിഷ്ക്രിയ മാലിന്യങ്ങൾ എന്നിവ മാത്രമേ സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലുകളിൽ സംസ്കരിക്കാവൂ. അഴുകുന്ന ജൈവ മാലിന്യങ്ങളോ നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങളോ സാനിറ്ററി ലാൻഡ്ഫില്ലുകളിൽ, താഴെപ്പറയുന്ന വ്യവസ്ഥകളിലല്ലാതെ, നിക്ഷേപിക്കരുത്:

സാനിറ്ററി ലാൻഡ്ഫില്ലിലേക്ക്, നിർമ്മാർജ്ജനം ചെയ്യാനായി അയയ്ക്കുന്ന വേർതിരിക്കാത്ത മാലിന്യങ്ങൾ പുന:ചംക്രമണ യോഗ്യമായ ഊർജ്ജം വീണ്ടെടുക്കാവുന്ന മാലിന്യങ്ങൾ സംസ്കരണം നടത്താത്ത ജൈവ മാലിന്യങ്ങൾ, നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങൾ എന്നിവയുടെ അളവ് അനുസരിച്ച്, ഉചിതമായ മാലിന്യ-സംസ്കരണ ഫെസിലിറ്റികൾ

സ്ഥാപിക്കുന്നതുവരെ, ബന്ധപ്പെട്ട നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ മൂന്നാം കക്ഷിക്കോ, അല്ലെങ്കിൽ നഗര, അല്ലെങ്കിൽ ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനം നിയുക്തമാക്കിയിട്ടുള്ള കൺസഷനെയറിക്കോ സാനിറ്ററി ലാൻഡ്ഫിൽ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി, ബന്ധപ്പെട്ട വകുപ്പ് തൂക്കത്തിന്റെ അടിസ്ഥാനത്തിൽ ഉപയോക്തൃ ഫീസ് നിശ്ചയിക്കേണ്ടതും, അത് അവരെ അറിയിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ തരത്തിലുള്ള ഫെസിലിറ്റികൾ സ്ഥാപിച്ചു കഴിഞ്ഞാൽ, തരംതിരിക്കപ്പെടാത്ത മാലിന്യങ്ങൾ സാനിറ്ററി ലാൻഡ്ഫില്ലിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുന്നതല്ല എന്നതിനു വിധേയമായി.

സാനിറ്ററി മാലിന്യ ലാൻഡ്ഫിൽ ഓപ്പറേറ്റർ, തരംതിരിക്കപ്പെടാത്ത മാലിന്യങ്ങൾ, അല്ലെങ്കിൽ പുന:ചംക്രമണയോഗ്യമായതോ ഊർജ്ജം വീണ്ടെടുക്കാവുന്നതോ ആയ മാലിന്യങ്ങൾ, അല്ലെങ്കിൽ സംസ്കരിക്കാത്ത ജൈവ/അഴുകുന്ന മാലിന്യങ്ങൾ, അല്ലെങ്കിൽ നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങൾ എന്നിവ അധിക സംസ്കരണത്തിനായി അതത് സംസ്കരണ ഫെസിലിറ്റികളിലേക്ക് അയയ്ക്കണം എന്നതിനു വിധേയമായി.

മാലിന്യ സംസ്കരണവുമായി സാനിറ്ററി ലാൻഡ്ഫിൽ ഓപ്പറേറ്റർക്ക് നിലവിൽ ബന്ധമില്ലാത്ത സാഹചര്യത്തിൽ, ബന്ധപ്പെട്ട നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ, നഗര, അല്ലെങ്കിൽ ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള മൂന്നാം കക്ഷിക്കോ കരാർ നല്കിയിട്ടുള്ള വ്യക്തിക്കോ (കൺസഷനെയറിനോ)അത്തരം മാലിന്യങ്ങൾ പ്രവർത്തനക്ഷമമായ ലാൻഡ്ഫില്ലുകളിൽ നിക്ഷേപിക്കാൻ അനുവാദമില്ല എന്നതിനു വിധേയമായി;

(5) സാനിറ്ററി ലാൻഡ്ഫിൽ ഇടുന്ന തരംതിരിക്കാത്ത മാലിന്യങ്ങൾ, അല്ലെങ്കിൽ പുന:ചംക്രമണ യോഗ്യമോ അല്ലെങ്കിൽ ഊർജ്ജം വീണ്ടെടുക്കാവുന്നതോ ആയ മാലിന്യങ്ങൾ, സംസ്കരിക്കാത്ത ജൈവ-വിഘടിത മാലിന്യങ്ങൾ, അല്ലെങ്കിൽ നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങൾ എന്നിവയ്ക്കായി ഈടാക്കുന്ന ഉപയോക്തൃ ഫീസ്, ശേഖരണ, ഗതാഗത, മാലിന്യ-സംസ്കരണ ചെലവുകളേക്കാൾ കൂടുതലായിരിക്കണം. അങ്ങനെ ശേഖരിക്കുന്ന ഉപയോക്തൃ ഫീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനം കൈകാര്യം ചെയ്യുന്ന ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, അത് സാനിറ്ററി ലാൻഡ്ഫില്ലിൽ തരംതിരിക്കാത്ത മാലിന്യങ്ങൾ, പുന:ചംക്രമണയോഗ്യമായതോ ഊർജ്ജം വീണ്ടെടുക്കാവുന്നതോ ആയ മാലിന്യങ്ങൾ, സംസ്കരിക്കാത്ത ജൈവ-വിഘടിത മാലിന്യങ്ങൾ എന്നിവയുടെ സംസ്കരണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കേണ്ടതുമാണ്.

(6) സാനിറ്ററി ലാൻഡ്ഫിൽ പ്രവർത്തിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ മൂന്നാം കക്ഷിയോ, അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ കരാർ നല്കിയിട്ടുള്ള വ്യക്തിക്കോ (കൺസഷനെയറിയോ) സാനിറ്ററി ലാൻഡ്ഫില്ലിൽ സംസ്കരിക്കുന്ന നിഷ്ക്രിയ മാലിന്യങ്ങൾക്കും മറ്റ് അനുവദനീയ മാലിന്യങ്ങൾക്കും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന്റെ ശിപാർശകൾക്കും അനുസൃതമായി ഫീസ് ഈടാക്കേണ്ടതാണ്. അത്തരം സാനിറ്ററി ലാൻഡ്ഫിൽ ഉപയോക്തൃ ഫീസ് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി നഗരവികസന വകുപ്പോ സംസ്ഥാന സർക്കാരിന്റെയും കേന്ദ്രഭരണ പ്രദേശങ്ങളിലെ

സർക്കാരിന്റെയും മുനിസിപ്പൽ ഭരണത്തിന് ഉത്തരവാദിത്തമുള്ള വകുപ്പോ നിർണ്ണയിക്കേണ്ടതാണ് .

(7) പുന:ചംക്രമണ യോഗ്യമല്ലാത്തതും ഊർജ്ജം വീണ്ടെടുക്കാനാകാത്തതുമായ അജൈവ മാലിന്യത്തിന്റെയും നിഷ്ക്രിയ മാലിന്യത്തിന്റെയും പരിസ്ഥിതി-സൗഹൃദപരമായ സംസ്കരണത്തിനായി ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ, രജിസ്റ്റർ ചെയ്ത പരിസ്ഥിതി ഓഡിറ്ററോ സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലിന്റെ പ്രവർത്തനത്തെക്കുറിച്ച് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഓഡിറ്റ് നടത്തേണ്ടതാണ്. ഒരു പ്രത്യേക സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അടുത്ത സാമ്പത്തിക വർഷം ഡിസംബർ 31-നകം സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.

(8) സാനിറ്ററി ലാൻഡ്ഫില്ലിന്റെ ഓപ്പറേറ്റർ, ഈ ചട്ടങ്ങൾ പ്രകാരം കേന്ദ്രീകൃത പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ, നിക്ഷേപിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് നിശ്ചയിക്കപ്പെട്ട പ്രൊഫോർമയിൽ വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(9) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പരിസ്ഥിതി-സൗഹൃദപരമായ രീതിയിൽ സാനിറ്ററി ലാൻഡ്ഫിൽ പ്രവർത്തിപ്പിക്കണം.

(10) സാനിറ്ററി ലാൻഡ്ഫിൽ ഓപ്പറേറ്റർ സാനിറ്ററി ലാൻഡ്ഫില്ലിന്റെ പ്രവർത്തന വിശദാംശങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് മൂന്നുമാസം കൂടുമ്പോൾ ജില്ലാ മജിസ്ട്രേറ്റിനും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിലും സമർപ്പിക്കണം.

(11) ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് സാനിറ്ററി ലാൻഡ്ഫിൽ പ്രവർത്തിക്കുന്നതെന്ന് ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേറ്റ് ഉറപ്പാക്കണം.

**15. സ്ഥാപനാധികാരപരിധിയിലുള്ള ഭൂമിയിൽ തള്ളുന്ന ഖരമാലിന്യങ്ങൾ ഉൾപ്പെടെ, നിലവിലുള്ള ഖരമാലിന്യങ്ങളുടെ ഡംപിംഗ് സ്ഥലങ്ങളുടെ പരിസ്ഥിതി-സൗഹൃദ മാനേജ്മെന്റ്:-**

(1) നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നിലവിലുള്ള എല്ലാ **ഖരമാലിന്യ** ഡംപിംഗ് സൈറ്റുകളോ, മാലിന്യങ്ങൾ വർദ്ധിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളോ 2026-ഒക്ടോബർ 31-നകം ഭൗമികാടിസ്ഥാനത്തിൽ അടയാളപ്പെടുത്തേണ്ടതും (ജിയോ-ടാഗിങ്) ഖരമാലിന്യങ്ങൾ കുന്നുകൂടുന്നത് വിലയിരുത്തേണ്ടതുമാണ്. അവരുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് ഇത് ചെയ്യേണ്ടത്. ഈ വിവരങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും ലഭ്യമാക്കേ ണ്ടതാണ്.

(2) ബയോ മൈനിംഗ്, ബയോ-റെമഡിയേഷൻ എന്നിവയ്ക്ക് വിധേയമാക്കേണ്ട എല്ലാ പാരമ്പര്യ **ഖര**മാലിന്യ ഡംപിംഗ് സൈറ്റുകളും പ്രായോഗികമായി സാധ്യമാകുന്നിടത്തോളം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും അതിന്റെ പുരോഗതി അടുത്ത പാദവർഷത്തിന്റെ ആദ്യ മാസം 30-നകം പ്രസിദ്ധീകരിക്കണം.

(3) പരമ്പരാഗത മാലിന്യങ്ങളുടെ (legacy waste) നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി ബയോ മൈനിംഗ്, അല്ലെങ്കിൽ ഡംപ്-സൈറ്റുകളുടെ ബയോ-റെമഡിയേഷൻ എന്നിവയ്ക്കായി ഒരു കർമ്മപദ്ധതി തയ്യാറാക്കേണ്ടതും, അത് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

(4) പാരമ്പരാഗത മാലിന്യ ഡംപിംഗ് സ്ഥലങ്ങളുടെ ബയോ മൈനിംങ്ങും ബയോ-റെമഡിയേഷനും ഏറ്റെടുക്കുമ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം ഇനിപ്പറയുന്നവ ഉറപ്പാക്കേണ്ടതാണ് :

(i) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിരിക്കുന്നതുപോലെ, നീക്കം ചെയ്യലിനോ ഉപയോഗത്തിനോ മുമ്പു പരിശോധനക്ക് വിധേയമാക്കപ്പെട്ട വിവിധ ഘടകവസ്തുക്കൾ, തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിക്കുന്ന ഇന്ധനം ( RDF), നേർത്ത മണ്ണ്, ജൈവ മണ്ണ് (bio earth) തുടങ്ങിയവയുടെ അവലോകനം.

(ii) ഉപയോഗത്തിനു മുമ്പു പരിശോധനക്ക് വിധേയമാക്കപ്പെട്ട ഘടകങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ അവയുടെ നിർമ്മാർജ്ജനത്തിനോ ഉള്ള പദ്ധതി തയ്യാറാക്കൽ

(iii) തിരസ്കൃത മാലിന്യത്തിൽ നിന്നു ലഭിക്കുന്ന ഇന്ധനം, അല്ലെങ്കിൽ, നേർത്ത മണ്ണ്, മറ്റ് വസ്തുക്കൾ എന്നിവയുടെ സംസ്കരണത്തിനോ ഉപയോഗത്തിനോ വേണ്ടിയുള്ള രേഖകളുടെയോ പ്രമാണങ്ങളുടെയോ പരിപാലനം.

(iv) ലീച്ചേറ്റ് സംസ്കരണത്തിനുള്ള മതിയായ വ്യവസ്ഥകൾ

(v) ഷെഡ്യൂൾ IV-ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, ഡംപിംഗ് സ്ഥലങ്ങളിൽ തീപ്പിടിത്തം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

(5) നേർത്ത മണ്ണ്, തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമിക്കുന്ന ഇന്ധനം, നിർമ്മാണം-പൊളിക്കൽ മാലിന്യം തുടങ്ങിയ പാരമ്പരാഗത മാലിന്യ കൂമ്പാരങ്ങളിൽ നിന്ന് ബയോ മൈൻ ചെയ്ത ഖരമാലിന്യങ്ങളിലെ വ്യത്യസ്ത ഘടകങ്ങൾക്കായി ഉപയോഗിക്കേണ്ട നിർദ്ദിഷ്ട ലക്ഷ്യസ്ഥാനം, അല്ലെങ്കിൽ പ്രക്രിയകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രോജക്റ്റ് നിർവ്വഹണ ഏജൻസിയെക്കൊണ്ട് നിർബന്ധിതമായി പരസ്യപ്പെടുത്തേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ഏറ്റെടുക്കേണ്ടതാണ്.

(6) മാലിന്യ ഡംപിംഗ് സ്ഥലങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ലീച്ചേറ്റും, കാർഷിക മേഖലകളിൽ ഉപയോഗിക്കുന്നതിന് അയയ്ക്കുന്ന ഏതു നേർത്ത മണ്ണും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡമനുസരിച്ച് പരിസ്ഥിതി സൗഹൃദമാണോയെന്നു പരിശോധിക്കേണ്ടതാണ്. തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിക്കുന്ന ഇന്ധനം ഊർജ്ജ വീണ്ടെടുക്കലിനായി ഉപയോഗിക്കുന്നതും, നിർമ്മാണ-പൊളിക്കൽ മാലിന്യങ്ങൾ സംസ്കരണത്തിനായി അയയ്ക്കുന്നതും കേന്ദ്ര-മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായിട്ടായിരിക്കണം.

(7) തദ്ദേശ സ്വയംഭരണ ബയോമൈനിങ്ങോ ബയോ റെമഡിയേഷനോ നടന്നുവരുന്ന പരമ്പരാഗത മാലിന്യ ഡംപിംഗ് സ്ഥലങ്ങളിൽ പുതിയ ഖരമാലിന്യങ്ങളോ നിർമ്മാണ- പൊളിക്കൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് മാലിന്യങ്ങളോ നിക്ഷേപിക്കാൻ പാടില്ല.

(8) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് അധികാരപ്പെടുത്തിയ ഒരു മൂന്നാം കക്ഷി വഴി, പരമ്പരഗത

മാലിന്യങ്ങളുടെ ബയോ മൈനിംഗും ബയോ-റെമഡിയേഷനും ഈ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ പരിസ്ഥിതി-സൗഹൃദപരമായ രീതിയിലാണ് നടക്കുന്നതെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതും, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും ത്രൈമാസ റിട്ടേണുകൾ തുടർന്നുള്ള മാസം 30-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

(9) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന രീതിയിൽ ബയോമൈനിങ്, ബയോ-റെമഡിയേഷൻ, ക്ലോഷർ (അടച്ചു പൂട്ടൽ) എന്നിവയ്ക്കുള്ള നിർദ്ദിഷ്ട പാരിസ്ഥിതിക മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതാണ്.

(10) ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ, അല്ലെങ്കിൽ അത് അധികാരപ്പെടുത്തിയ രജിസ്റ്റർ ചെയ്ത പരിസ്ഥിതി ഓഡിറ്ററോ, നിലവിലുള്ള ഡംപിംഗ് സ്ഥലങ്ങളുടെ ബയോ മൈനിംഗ്, ബയോ-റെമഡിയേഷൻ, അല്ലെങ്കിൽ ഡംപിംഗ് സ്ഥലങ്ങൾ അടച്ചുപൂട്ടുന്നതിൽ കൈവരിച്ച പുരോഗതി എന്നിവയിന്മേൽ വാർഷിക ഓഡിറ്റ് നടത്തേണ്ടതാണ്. ഒരു പ്രത്യേക സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ അടുത്ത സാമ്പത്തിക വർഷം ഡിസംബർ 31-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും അപ്‌ലോഡ് ചെയ്യണം.

(11) മാലിന്യമോ പാരമ്പര്യ മാലിന്യമോ നീക്കം ചെയ്തതിനുശേഷം, ഖരമാലിന്യ മാനേജ്മെന്റിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി, ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനോ ഭൂമിയുടെ

ഉടമസ്ഥതയുള്ള ഏജൻസിക്കോ മാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന ഡംപിംഗ് ഭൂമി പ്രസക്തമായ ചട്ടങ്ങൾക്കു വിധേയമായി ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## അധ്യായം IV

## നടപ്പിലാക്കൽ ചട്ടക്കൂട്

**16. കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ.** — (1) ഈ ചട്ടങ്ങൾ പ്രകാരം എല്ലാ ചുമതലപ്പെട്ട സ്ഥാപനങ്ങളുടെയും രജിസ്ട്രേഷനും അതുപോലെ വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിനുമായി ഈ ചട്ടങ്ങൾ പ്രകാരം ആറ് മാസത്തിനുള്ളിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഒരു ഓൺലൈൻ ഫെസിലിറ്റി സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യും. ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറു മാസങ്ങൾക്കുള്ളിൽ തദ്ദേശ സ്ഥാപനങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളും ഖരമാലിന്യ സംസ്കരണത്തിനായുള്ള രജിസ്ട്രേഷനും വാർഷിക റിട്ടേണുകളുടെ സമർപ്പണവും ഉറപ്പാക്കും.

(2) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിന്റെ ഡാഷ്ബോർഡിൽ, നഗര തദ്ദേശ സ്ഥാപനങ്ങളുടെയും ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുന്ന, ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്നതും, ശേഖരിക്കപ്പെടുന്നതും, സംസ്കരിച്ചതും, ലാൻഡ്ഫിൽ ചെയ്യുന്നതുമായ ഖരമാലിന്യ മാനേജ്മെന്റിന്റെ

വിശദാംശങ്ങൾ നൽകണം. അത്തരം വിവരങ്ങൾ പൊതുസമൂഹത്തിൽ ലഭ്യമാക്കേണ്ടതാണ്.

(3) സാനിറ്ററി ലാൻഡ്ഫില്ലുകളുടെയും പാരമ്പര്യ മാലിന്യ ലാൻഡ്-ഫില്ലുകളുടെയും വിശദാംശങ്ങൾ പോർട്ടൽ ലഭ്യമാകും. അത്തരം ഡാറ്റാ പൊതുസമൂഹത്തിലും ലഭ്യമാക്കേണ്ടതാണ്.

(4) ചുമതലപ്പെട്ട സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡും, തദ്ദേശ സ്ഥാപനങ്ങളോ അധികാരികളോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ ഉപയോഗിക്കേണ്ടതാണ്. ഖരമാലിന്യ-സംസ്കരണ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നതിന് ചുമതലപ്പെട്ട സ്ഥാപനങ്ങൾക്കായി പോർട്ടലിൽ പ്രത്യേക മൊഡ്യൂളുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(5) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ഏകീകൃത ഡാറ്റാ ശേഖരമായി കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ പ്രവർത്തിക്കും.

(6) സംസ്കരണ സ്ഥാപനങ്ങളിലേക്കും സാനിറ്ററി മാലിന്യ ലാൻഡ്ഫിൽ കേന്ദ്രങ്ങളിലേക്കോ പ്രവർത്തനത്തിലുള്ള ലാൻഡ്ഫില്ലുകളിലേക്കോ, സ്വീകരിച്ചതും തരംതിരിച്ചതും അയച്ചതുമായ ഖരമാലിന്യത്തിന്റെ വിശദാംശങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ പ്രതിഫലിക്കേണ്ടതാണ്.

(7) ശേഖരണം, ശുദ്ധീകരണം, അല്ലെങ്കിൽ സംസ്കരണം, അല്ലെങ്കിൽ പുനഃചംക്രമണം, അല്ലെങ്കിൽ നിർമ്മാർജ്ജനം എന്നിവയുൾപ്പെടെ ഖരമാലിന്യ മാനേജ്മെന്റിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റിനെക്കുറിച്ചുള്ള വിശദാംശങ്ങളും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ പ്രതിഫലിക്കേണ്ടതാണ്.

(8) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ എന്നിവ ഒഴികെയുള്ളവയ്ക്കായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പോർട്ടലിന്റെ ഉപയോഗത്തിനായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് ചുമതലപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്.

(9) കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുന്നതിൽ ഭവന, നഗരകാര്യ മന്ത്രാലയം; കുടിവെള്ള, ശുചിത്വകാര്യ വകുപ്പ്; വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് എന്നിവ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിനെ സഹായിക്കേണ്ടതാണ്.

**17. പരിസ്ഥിതി നഷ്ടപരിഹാരം ചുമത്തൽ.—** (1) ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്ത വ്യക്തികളിൽ നിന്ന് 'മലിനീകരണം ഉണ്ടാക്കുന്ന വ്യക്തി ചെലവ് വഹിക്കുക (Polluter pays)' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കും, താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ:-

(a) ഈ ചട്ടങ്ങൾ പ്രകാരം നിർബന്ധിതമാക്കപ്പെട്ട രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ;

(b) ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതും, തെറ്റായ വിവരങ്ങൾ നൽകുന്നതോ അല്ലെങ്കിൽ വസ്തുതകൾ മനഃപൂർവ്വം മറച്ചുവെക്കുന്നതോ ആയ സ്ഥാപനങ്ങൾ;

(c) ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതും വ്യാജമായോ കൃത്രിമമായോ ഉള്ള രേഖകൾ സമർപ്പിക്കുന്നതുമായ സ്ഥാപനങ്ങൾ;

(d) ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, വേർതിരിക്കൽ, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ.

(2) ഈ ചട്ടങ്ങൾ പ്രകാരം കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് രൂപീകരിച്ച കേന്ദ്ര നിർവ്വഹണ സമിതി, ഈ ചട്ടങ്ങൾ ലംഘിക്കുകയോ പാലിക്കാതിരിക്കുകയോ ചെയ്യുന്നതായ, ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, ഗതാഗതം, സംസ്കരണം, അല്ലെങ്കിൽ നിർമ്മാർജ്ജനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തുന്നതിനും ശേഖരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

(3) ഈ ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഈ ചട്ടങ്ങൾ പ്രകാരം പറഞ്ഞിരിക്കുന്ന ഉത്തരവാദിത്തങ്ങളും കടമകളും പാലിക്കാത്തതിന് ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കും. സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ന്യായമായ സമയത്തിനുള്ളിൽ നടപടിയെടുക്കുന്നില്ലെങ്കിൽ, കേന്ദ്ര മലിനീകരണ- നിയന്ത്രണ ബോർഡ് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിക്കോ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

(4) പരിസ്ഥിതി നഷ്ടപരിഹാരമായി ശേഖരിക്കുന്ന ഫണ്ടുകൾ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ പ്രത്യേക എസ്ക്രോ അക്കൗണ്ടിൽ സൂക്ഷിക്കുകയും,

ശേഖരിക്കുന്ന ഫണ്ടുകൾ ഖരമാലിന്യ ശേഖരണം,തരംതിരിക്കൽ, ഗതാഗതം, ശുദ്ധീകരണം, അല്ലെങ്കിൽ സംസ്കരണം, നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ഖരമാലിന്യ സംസ്കരണത്തിനുള്ള ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള രീതികൾ കേന്ദ്ര നിർവ്വഹണ സമിതി ശിപാർശ ചെയ്യുകയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അത് അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

(5) ചട്ടം 17-ൽപ്പെട്ട ഉപചട്ടം (1)-ലെ പരിസ്ഥിതി നഷ്ടപരിഹാര വ്യവസ്ഥകൾക്കു പുറമേ, 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെ- വകുപ്പ് 15 പ്രകാരമുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

**18. കേന്ദ്രതലത്തിൽ ഫലപ്രദമായി നടപ്പിലാക്കലിനുള്ള കമ്മിറ്റി.—** (1) ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് ശുപാർശ ചെയ്യുന്നതിനായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് കമ്മിറ്റി നിരീക്ഷിക്കുകയും ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(3) ഓൺലൈൻ കേന്ദ്രീകൃത പോർട്ടൽ വികസിപ്പിച്ചെടുക്കുന്നതിനും, അതിന്റെ പ്രവർത്തനത്തിനുമുള്ള മാർഗ്ഗനിർദ്ദേശവും മേൽനോട്ടവും കമ്മിറ്റിയുടെ ചുമതലയായിരിക്കും.

(4) ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നോ, വകുപ്പുകളിൽനിന്നോ, എല്ലാ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിൽനിന്നോ, ദേശീയ പരിസ്ഥിതി എഞ്ചിനീയറിംഗ് ഗവേഷണ സ്ഥാപനം പോലെയുള്ള വിദഗ്ദ്ധ സ്ഥാപനങ്ങളിൽനിന്നോ, ചുമതലപ്പെട്ട സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന അസോസിയേഷനുകൾ പോലെയുള്ള പങ്കാളികളിൽ നിന്നോ, ചികിത്സാ-സൗകര്യ ദാതാക്കളിൽനിന്നോ, കമ്മിറ്റിയുടെ ചെയർമാൻ ക്ഷണിച്ച മറ്റ് പങ്കാളികളിൽനിന്നോ ഉള്ള പ്രതിനിധികൾ കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

**19. സംസ്ഥാന തലത്തിലുള്ള ഫലപ്രദമായ നടപ്പിലാക്കലിനുള്ള കമ്മിറ്റി.—** (1) ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിക്കോ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിനോ നടപടികൾ ശുപാർശ ചെയ്യുന്നതിന്, സാഹചര്യത്തിനനുസരിച്ച്, ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണ പ്രദേശത്തിന്റെയോ ചീഫ് സെക്രട്ടറിയുടെയോ കേന്ദ്രഭരണ പ്രദേശ ഭരണ മേധാവിയുടെയോ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് കമ്മിറ്റി നിരീക്ഷിക്കുകയും, സംസ്ഥാന തലത്തിൽ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(3) ബന്ധപ്പെട്ട സംസ്ഥാന വകുപ്പുകൾ, സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് അല്ലെങ്കിൽ മലിനീകരണ-നിയന്ത്രണ കമ്മിറ്റി, ദേശീയ പരിസ്ഥിതി എഞ്ചിനീയറിംഗ് ഗവേഷണ സ്ഥാപനങ്ങൾ, ചുമതലപ്പെട്ട സ്ഥാപനങ്ങൾ, മാലിന്യപരിചരണ ഫെസിലിറ്റി ദാതാക്കൾ, കമ്മിറ്റിയുടെ ചെയർമാൻ

ക്ഷണിച്ച മറ്റ് പങ്കാളികളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**20. വാർഷിക റിപ്പോർട്ട്.—** (1) രജിസ്റ്റർ ചെയ്ത ഓരോ വൻകിട മാലിന്യ ഉത്പാദകനും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന ഫോർമാറ്റിൽ ഓൺലൈൻ വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും, മാലിന്യ-സംസ്കരണ ഫെസിലിറ്റിയുടെ നടത്തിപ്പുകാരൻ എല്ലാ വർഷവും ജൂൺ 30-നകം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിക്കോ ഫാറം III-ൽ ഓൺലൈനായി ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(2) ജില്ലാ തലത്തിലുള്ള ഓരോ നഗര തദ്ദേശ സ്ഥാപനവും പഞ്ചായത്ത്, അല്ലെങ്കിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളും കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി യഥാക്രമം നഗരവികസന വകുപ്പിനും ഗ്രാമവികസന വകുപ്പിനും, കൂടാതെ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിക്കോ എല്ലാ വർഷവും ജൂൺ 30-നകം ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(3) ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിയോ നഗര തദ്ദേശ സ്ഥാപനങ്ങളും ജില്ലാതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സമർപ്പിക്കുന്ന റിപ്പോർട്ട് സ്വയം ഓഡിറ്റ് ചെയ്യിക്കുകയോ, അല്ലെങ്കിൽ അവർ നിയമിക്കുന്ന രജിസ്റ്റർ ചെയ്ത ഒരു പരിസ്ഥിതി ഓഡിറ്ററെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതുമാണ്. അത്തരം ഓഡിറ്റ് റിപ്പോർട്ടിന്റെയും വാർഷിക റിപ്പോർട്ടിന്റെയും പകർപ്പ് ബന്ധപ്പെട്ട സംസ്ഥാന

മലിനീകരണ-നിയന്ത്രണ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(4) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിയോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും, അവ പാലിക്കാത്ത തദ്ദേശ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളെക്കുറിച്ചും ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഓൺലൈനായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് ഓരോ വർഷവും ജൂലൈ 31-ാം തീയതിക്കുള്ളിൽ ഫാറം V-ൽ സമർപ്പിക്കേണ്ടതാണ്.

(5) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ഒരു ഏകീകൃത വാർഷിക റിപ്പോർട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുകയും എല്ലാ വർഷവും ഓഗസ്റ്റ് 31-നോ അതിനുമുമ്പോ കേന്ദ്ര സർക്കാരിന് (പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം; ഭവന, നഗരകാര്യ മന്ത്രാലയം; കുടിവെള്ള, ശുചിത്വ വകുപ്പ്) ശുപാർശകളോടെ സമർപ്പിക്കേണ്ടതാണ്. കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗത്തിൽ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം വാർഷിക റിപ്പോർട്ട് അവലോകനം ചെയ്യേണ്ടതാണ്.

**21. അപകടങ്ങൾ റിപ്പോർട്ട് ചെയ്യൽ.—** ഏതെങ്കിലും ഖരമാലിന്യ സംസ്കരണ, പരിചരണ, നിർമ്മാർജ്ജന കേന്ദ്രത്തിലോ ലാൻഡ്ഫിൽ സ്ഥലത്തോ ഒരു അപകടമുണ്ടായാൽ, സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഫാറം VI-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അത് റിപ്പോർട്ട് ചെയ്യേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനം അത് അവലോകനം ചെയ്യുകയും, സ്ഥാപനത്തിന്റെ ചുമതലയുള്ള വ്യക്തിക്ക്, നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ നൽകേണ്ടതുമാണ്.

## അദ്ധ്യായം V

## ചുമതലകളും ഉത്തരവാദിത്തങ്ങളും

**22. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ചുമതലകൾ** :— (1) രാജ്യത്ത് ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ മൊത്തത്തിലുള്ള നിരീക്ഷണത്തിനുള്ള ഉത്തരവാദിത്തം പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനായിരിക്കുന്നതാണ്. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം സെക്രട്ടറിയുടെ അധ്യക്ഷതയിൽ, ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റി ഈ മന്ത്രാലയം രൂപീകരിക്കും, അതായത്,-

(a) ഭവന, നഗരകാര്യ മന്ത്രാലയം

(b) കുടിവെള്ള, ശുചിത്വകാര്യ  വകുപ്പ്

(c) ഗ്രാമവികസന വകുപ്പ്

(d) പഞ്ചായത്തീരാജ് മന്ത്രാലയം

(e) വളം വകുപ്പ്

(f) കൃഷി, കർഷകക്ഷേമ വകുപ്പ്

(g) കാർഷിക ഗവേഷണ, വിദ്യാഭ്യാസ വകുപ്പ്

(h) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ്

(i) മൂന്ന് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകൾ, അല്ലെങ്കിൽ മലിനീകരണ-നിയന്ത്രണ കമ്മിറ്റികൾ- ഊഴം അനുസരിച്ച്.

(j) മൂന്ന് സംസ്ഥാന സർക്കാരുകളുടെ നഗരവികസന വകുപ്പ് - ഊഴം അനുസരിച്ച്.

(k) രണ്ട് സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഗ്രാമവികസന വകുപ്പുകൾ - ഊഴം അനുസരിച്ച്.

(l) മൂന്ന് സംസ്ഥാന സർക്കാരുകളുടെ നഗരപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട വകുപ്പ് - ഊഴം അനുസരിച്ച്.

(m) മൂന്ന് സംസ്ഥാന സർക്കാരുകളുടെ ഗ്രാമപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട വകുപ്പ് - ഊഴം അനുസരിച്ച്.

(n) മൂന്ന് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - ഊഴം അനുസരിച്ച്.

(o) മൂന്ന് ജില്ലാതല പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ - ഊഴം അനുസരിച്ച്.

(p) രണ്ട് വ്യവസായ അസ്സോസിയേഷനുകൾ

(q) വിഷയത്തിൽ വൈദഗ്ധ്യമുള്ള രണ്ടുപേർ.

(2) ഈ ചട്ടങ്ങളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി ഈ കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ ഒരിക്കലെങ്കിലും യോഗം ചേരും. ആവശ്യമെങ്കിൽ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് മറ്റ് അംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. കമ്മിറ്റി മൂന്ന് വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

**23. ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ ചുമതലകൾ**.— ഭവന, നഗരകാര്യ മന്ത്രാലയം സംസ്ഥാന സർക്കാരുകളുമായും കേന്ദ്ര പ്രദേശ ഭരണകൂടങ്ങളുമായും താഴെപ്പറയുന്ന കാര്യങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്,-

(i) ഖരമാലിന്യ-സംസ്കരണം മെച്ചപ്പെടുത്തുന്നതിനും, മന്ത്രാലയത്തിന്റെയും ബാഹ്യ ഏജൻസികളുടെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന **ഖര**മാലിന്യ-സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും സംസ്ഥാനങ്ങളോ കേന്ദ്രഭരണ പ്രദേശമോ കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വർഷത്തിൽ ഒരിക്കലെങ്കിലും സ്വീകരിച്ച നടപടികളുടെ ആനുകാലിക അവലോകനം

നടത്തുകയും, തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യുക ;

(ii) നഗരപ്രദേശങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സംസ്ഥാനങ്ങൾ, അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശങ്ങളിലെ നഗരവികസന വകുപ്പോ, അല്ലെങ്കിൽ നഗര തദ്ദേശ സ്വയംഭരണം കൈകാര്യം ചെയ്യുന്ന വകുപ്പോ എന്നിവ വഴി നഗരപ്രദേശങ്ങളിലെ ഈ ചട്ടങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതിന് പ്രവർത്തന പദ്ധതികൾ തയ്യാറാക്കാൻ സൗകര്യമൊരുക്കുക;

(iii) അടുത്ത സാമ്പത്തിക വർഷം ജൂൺ 30-നകം ഈ ചട്ടങ്ങൾക്കു കീഴിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതു സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സംസ്ഥാനങ്ങളിലെയോ, കേന്ദ്രഭരണ പ്രദേശങ്ങളിലെയോ നഗരവികസന വകുപ്പോ, അല്ലെങ്കിൽ നഗരപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണം കൈകാര്യം ചെയ്യുന്ന വകുപ്പോ വഴി വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കാൻ സൗകര്യമൊരുക്കുക;

(iv) ഈ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിലെ എല്ലാ നഗരപ്രദേശങ്ങളിലെയും മാലിന്യ ഉത്പാദന കണക്കുകൾ, എല്ലാ നഗരപ്രദേശങ്ങളിലെയും മാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ വിലയിരുത്തൽ, 'മാലിന്യത്തിൽനിന്ന് ഊർജ്ജം' എന്ന നയം എന്നിവയുൾപ്പെടുത്തിയുള്ള നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പങ്കാളികളുമായി കൂടിയാലോചിച്ച് വികസിപ്പിക്കേണ്ടതും, ഓരോ അഞ്ച് വർഷത്തിലും ഈ പ്രക്രിയ ഏറ്റെടുക്കേണ്ടതും, തുടർന്ന് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(v) എല്ലാ നഗരപ്രദേശങ്ങളിലെയും മാലിന്യ ഉത്പാദന കണക്കുകൾ, എല്ലാ നഗരപ്രദേശങ്ങളിലെയും മാലിന്യ-സംസ്കരണ അടിസ്ഥാന

സൗകര്യങ്ങളുടെ വിലയിരുത്തൽ, 'മാലിന്യത്തിൽ നിന്ന് ഊർജ്ജത്തിലേക്ക്' എന്ന നയം എന്നിവ ഉൾപ്പെടുത്തി ഖരമാലിന്യ സംസ്കരണത്തെ ക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തും, പങ്കാളികളുമായി കൂടിയാലോചിച്ചും നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള സംസ്ഥാന നയവും തന്ത്രവും 2026 സെപ്റ്റംബർ 30-നകം രൂപീകരിക്കുന്നതിന് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും സഹായിക്കേണ്ടതും, ഓരോ അഞ്ച് വർഷം കൂടുമ്പോൾ ഈ പ്രക്രിയ ഏറ്റെടുക്കേണ്ടതുമാണ്;

(vi) ഖരമാലിന്യ-സംസ്കരണ മേഖലയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുകയും, സംസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിവരങ്ങൾ പകർന്നു നൽകുകയും ചെയ്യുക;

(vii) അതത് സംസ്ഥാനങ്ങളോ കേന്ദ്ര ഭരണ പ്രദേശമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് പങ്കാളികളുടെയും പരിശീലനത്തിനും അവയുടെ ശേഷീവർധനവിനും സഹായിക്കുകയും സൗകര്യമൊരുക്കുകയും ചെയ്യുക;

(viii) സമയപരിധികളും മാനദണ്ഡങ്ങളും പാലിക്കുന്നത് ഉൾപ്പെടെ ഈ ചട്ടങ്ങൾക്കു കീഴിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതിന് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ഖരമാലിന്യ സംസ്കരണത്തിനായി സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങളും പദ്ധതി ധനസഹായവും നൽകുകയോ അതിന് സൗകര്യമൊരുക്കുകയോ ചെയ്യുക;

(ix) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആക്രിക്കാർ ഉൾപ്പെടെയുള്ള അനൗപചാരിക മേഖലയിലുള്ളവരെക്കൂടി സംയോജിപ്പിക്കുന്നതിന് സംസ്ഥാനങ്ങളെയോ കേന്ദ്രഭരണ പ്രദേശത്തെയോ സഹായിക്കുക;

(x) മൊത്തത്തിലുള്ള നടപ്പിലാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുക, അതായത് ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള മാന്വലും മാതൃകാ ബിഡ് രേഖകളും ഇളവ് രേഖയും അല്ലെങ്കിൽ

നിർദ്ദേശത്തിനായുള്ള അഭ്യർത്ഥനയും ഉൾപ്പെടെയുള്ള മറ്റ് ആവശ്യമായ ഉപദേശക രേഖകളും;

(xi) രാജ്യത്തുടനീളം പരിസ്ഥിതി-സൗഹൃദ മാലിന്യ-സംസ്കരണ സംവിധാനങ്ങളുടെ മതിയായ കവറേജ് ലഭ്യമാക്കുക;

(xii) ഖരമാലിന്യത്തിൽ നിന്ന് ലഭ്യമാകുന്ന ഉപോത്പന്നങ്ങളുടെ ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ഫലപ്രദമായ തന്ത്രം വികസിപ്പിക്കുക;

(xiii) സംസ്ഥാന, അല്ലെങ്കിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഖരമാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ ഉചിതമായ ശേഷീവികസനവും പരിശീലനവും നടത്തുക;

(xiv) നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടയിൽ ദേശീയ, അന്തർദേശീയ തലത്തിലെ വിജയ മാതൃകകൾക്ക് പ്രചാരം നൽകുക ;

(xv) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റഫറൻസായി ഉപയോഗിക്കുന്നതിന്, മാലിന്യ സംസ്കരണത്തെപ്പറ്റി, പ്രത്യേകിച്ച് അവയുടെ തരംതിരിക്കലിനെ സംബന്ധിച്ച്, മാർഗ്ഗനിർദ്ദേശങ്ങളുടെയോ മികച്ച രീതികളുടെയോ വിവരങ്ങളുടെ തയ്യാറാക്കൽ.

(xvi) ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പ്രകാരം എല്ലാ നഗരങ്ങളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക;

(xvii) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബൈ-ലോയിൽ ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താൻ സൗകര്യമൊരുക്കുക;

(xviii) ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥാപനം, പ്രവർത്തനം, പരിപാലനം, ഖരമാലിന്യ സംസ്കരണത്തിനായുള്ള അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത്, വൻകിട മാലിന്യ ഉത്പാദകർ നൽകേണ്ട വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റിന്റെ ചെലവ് ഉൾപ്പെടെയുള്ള ഉപയോക്തൃ ഫീസുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക;

(xix) സാങ്കേതിക-സാമ്പത്തിക പ്രയോഗക്ഷമത കൈവരിക്കുന്നതിനായി, ഖരമാലിന്യ പരിചരണവുമായി ബന്ധപ്പെട്ട പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ അവലോകനം ചെയ്യുക;

(xx) ഖരമാലിന്യത്തിന്റെ പുന:ചംക്രമണം, റിക്കവറി അല്ലെങ്കിൽ ശുദ്ധീകരണം, അല്ലെങ്കിൽ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളെയും മാനദണ്ഡങ്ങളെയും കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക;

(xxi) റെസിഡെൻഷ്യൽ കമ്യൂണിറ്റികൾ, ഗേറ്റഡ് കമ്യൂണിറ്റികൾ എന്നിവയക്ക് വ്യത്യസ്ത വലുപ്പത്തിലുള്ള കംപോസ്റ്റിങ് സൗകര്യങ്ങൾക്കായി കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും നാളതീകരിക്കുകയും ചെയ്യുക;

ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ എല്ലാ ഖരമാലിന്യ ഘടകങ്ങളിലും മൂല്യശൃംഖലയിലും ചാക്രിക സാമ്പദ് വ്യവസ്ഥാ സംരംഭങ്ങൾ തുടർച്ചയായി പ്രവർത്തിപ്പിക്കുക.

**24. കുടിവെള്ള, ശുചിത്വകാര്യ വകുപ്പിന്റെ ചുമതലകൾ**.—

കുടിവെള്ള ശുചിത്വകാര്യ വകുപ്പ്,-

(i) ഖരമാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിനും മന്ത്രാലയത്തിന്റെയും ബാഹ്യ ഏജൻസികളുടെയും ധനസഹായത്തോടെ ഖരമാലിന്യ-സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാനമോ കേന്ദ്രഭരണ പ്രദേശമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സ്വീകരിച്ച നടപടികളുടെ സമയാസമയങ്ങളിലുള്ള അവലോകനം വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുകയും തിരുത്തൽ നടപടികൾ സ്വീകരി ക്കുന്നതിന് ഉപദേശം നൽകുകയും ചെയ്യേണ്ടതാണ്;

(ii) ഗ്രാമതല കാഴ്ചപ്പാടും നഗര-ഗ്രാമ ബന്ധങ്ങളും ചേർന്നു വരുന്ന, ഈ ചട്ടങ്ങൾക്കു കീഴിലുള്ള വ്യവസ്ഥകൾ കണക്കിലെടുത്ത് സമ്പദ്വ്യവസ്ഥയുടെ വളർച്ച (സ്കെയിൽ ഓഫ് ഇക്കോണമി) കൈവരിക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള സംസ്ഥാനനയവും തന്ത്രവും രൂപീകരിക്കുന്നതിൽ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും സഹായിക്കേണ്ടതാണ്;

(iii) 2026 സെപ്റ്റംബർ 31-നകം, ഈ ചട്ടങ്ങൾക്കു കീഴിലുള്ള വ്യവസ്ഥകളെ അടിസ്ഥാനമാക്കി ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള സംസ്ഥാന നയവും തന്ത്രവും സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തയ്യാറാക്കുകയും അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്;

(iv) ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുകയും, സംസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിവരങ്ങൾ നൽകുകയും ചെയ്യേണ്ടതാണ് ;

(v) ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് പങ്കാളികളുടെയും പരിശീലനവും ശേഷീവികസനവും ഏറ്റെടുക്കേണ്ടതാണ് ;

(vi) ഈ ചട്ടങ്ങളുടെ സമയപരിധികളും മാനദണ്ഡങ്ങളും പാലിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങളും പദ്ധതി ധനസഹായവും നൽകേണ്ടതാണ് ;

(vii) ഖരമാലിന്യത്തിൽനിന്നുള്ള ഉപോത്പന്നങ്ങളുടെ ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ഫലപ്രദമായ സ്ട്രാറ്റജി വികസിപ്പിക്കേണ്ടതാണ് ;

(viii) സംസ്ഥാന, അല്ലെങ്കിൽ പഞ്ചായത്തീരാജ് സ്ഥാപന തലത്തിൽ ഖരമാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ ഉചിതമായ ശേഷീവികസനവും പരിശീലനവും നടത്തേണ്ടതാണ്;

(ix) പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും ദേശീയ, അന്തർദേശീയ തലങ്ങളിലെ വിജയ മാതൃകകൾ പ്രചരിപ്പിക്കേണ്ടതാണ് ;

(x) ഷെഡ്യൂൾ I അനുസരിച്ച് എല്ലാ ഗ്രാമപ്രദേശങ്ങളെയും ഉൾക്കൊള്ളുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (MRF-കൾ) സ്ഥാപിക്കേണ്ടതാണ്;

(xi) ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥാപനം, പ്രവർത്തനം, പരിപാലനം, ഖരമാലിന്യ സംസ്കരണത്തിനായുള്ള അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത്, വൻകിട മാലിന്യ ഉത്പാദകർക്കായുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റിന്റെ ചെലവ് ഉൾപ്പെടെയുള്ള ഉപയോക്തൃ ഫീസുകൾക്കുള്ള മാർഗ്ഗനി ർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

**25. രാസവള മന്ത്രാലയത്തിലെ വളം വകുപ്പിന്റെ ചുമതലകൾ** :— (1) ഉചിതമായ സംവിധാനങ്ങളിലൂടെ വളം വകുപ്പ്,-

(i) ഉപോത്പന്നങ്ങൾ ഇൻസെന്റിവൈസ് ചെയ്യേണ്ടതാണ്.

(ii) കമ്പനികൾക്ക് വിൽക്കാനായി കംപോസ്റ്റ് ലഭ്യതയുടെ അടിസ്ഥാനത്തിൽ, വളം കമ്പനികൾ 3 മുതൽ 4 വരെ ബാഗുകൾ **:** 6 മുതൽ 7 ബാഗുകൾ എന്ന അനുപാതത്തിൽ രാസവളങ്ങളോടൊപ്പം കംപോസ്റ്റ് വളങ്ങളുടെയും ചേർത്തുള്ള വിപണനം (co-marketing) പ്രോത്സാഹിപ്പിക്കുന്നത് ഉറപ്പാക്കേണ്ടതാണ് ;

(iii) ഇൻസെന്റീവുകൾ വഴി വീടുകളിലെ കംപോസ്റ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതാണ് ;

(iv) എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വളം കമ്പനികൾ കംപോസ്റ്റ് വളം വാങ്ങി വിൽക്കുന്നതിന്റെ റിപ്പോർട്ടിങ് ഉറപ്പാക്കേണ്ടതാണ് ;

(v) ഗ്രേഡ് തിരിച്ചുള്ള വിലനിർണ്ണയത്തിനായി കംപോസ്റ്റ് തരംതിരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കേണ്ടതാണ്.

(2) വളം കമ്പനികൾക്ക് കംപോസ്റ്റ് വളം ഉപയോഗിക്കുന്നതിന് സബ്സിഡി നൽകുന്നത് രാസമന്ത്രാലയ വളംവകുപ്പിന് പരിഗണിക്കാവുന്നതാണ്;

(3) വളം കമ്പനികൾക്ക് ജൈവവളമോ കംപോസ്റ്റ് വളമോ ലഭ്യമാകുന്ന അളവനുസരിച്ച് രാസവള കമ്പനികൾ രാസവളങ്ങൾക്കൊപ്പം ജൈവവളം വിൽക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ് ;

(4) ജൈവവളത്തിനും നഗരങ്ങളിലെ കംപോസ്റ്റ് വളത്തിനും വിപണി വികസന സഹായം നൽകാവുന്നതാണ്. എല്ലാ വർഷവും അത്തരം സഹായങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അടുത്ത സാമ്പത്തിക വർഷം ജൂൺ 30-ന് മുമ്പ് അത്തരത്തിൽ സഹായം ലഭിച്ച ജൈവവളത്തിന്റെ അളവ് ഉൾപ്പെടെ വെബ്സൈറ്റിൽ വകുപ്പ് അപ്ലോഡ് ചെയ്യേണ്ടതുമാണ്.

**26. കൃഷി, കർഷകക്ഷേമ വകുപ്പിന്റെ ചുമതലകൾ :—** (1) കൃഷി, കർഷകക്ഷേമ വകുപ്പ്, ഉചിതമായ സംവിധാനങ്ങളിലൂടെ;

(i) കമ്പോസ്റ്റിംഗ് അല്ലെങ്കിൽ ബയോഗ്യാസ് അല്ലെങ്കിൽ ബയോമെത്തനേഷൻ ഫെസിലിറ്റികൾവഴി ഉത്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ ഉപയോഗത്തിനായി വളം (നിയന്ത്രണ) ഉത്തരവിന് കീഴിലുള്ള മാനദണ്ഡങ്ങൾ വികസിപ്പിക്കേണ്ടതും,

നാളതീകരിക്കേണ്ടതും 2026 ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(ii) ജൈവ വിഘടിത മാലിന്യങ്ങളിൽനിന്ന് ഉത്പാദിപ്പിക്കുന്ന ജൈവവളം പ്രയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്, അതായത്, കൃഷിഭൂമിയിൽ രാസവളങ്ങളുമായി ജൈവവളത്തിന്റെ താരതമ്യ ഉപയോഗ അനുപാതം, 2026 ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്;

(iii) കമ്പോസ്റ്റിംഗ് അല്ലെങ്കിൽ ബയോഗ്യാസ് അല്ലെങ്കിൽ ബയോമെത്തനേഷൻ സൗകര്യങ്ങൾവഴി ഉത്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ ഗുണനിലവാര പരിശോധനകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കേണ്ടതും, നാളതീകരിക്കേണ്ടതും, 2026 ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(iv) ജൈവ മാലിന്യത്തിൽ നിന്ന് ജൈവവളം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കേണ്ടതും, നാളതീകരിക്കേണ്ടതും, 2026 ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(v) കമ്പോസ്റ്റ് പരിശോധനാ സൗകര്യങ്ങൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്;

(vi) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അവരുടെ അംഗീകൃത ഏജൻസികളോ ഏതെങ്കിലും സ്ഥാപനമോ ഉത്പാദിപ്പിക്കുന്ന ജൈവ വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 2026 സെപ്റ്റംബർ 30-നകം എല്ലാ ജില്ലകളിലും സംസ്ഥാന കൃഷി വകുപ്പുകളെ ഇടപെടുത്തി ലബോറട്ടറികൾ സ്ഥാപിക്കുകയോ, അല്ലെങ്കിൽ മൂന്നാം കക്ഷികളുടെ പാനൽ തയ്യാറാക്കി പ്രസ്തുത ജോലി അവരെ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്;

(vii) നഗര, ഗ്രാമപ്രദേശങ്ങളിലെ ഗാർഹിക കംപോസ്റ്റ് നിർമ്മാണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ് ;

(2) വളം (നിയന്ത്രണ) ഉത്തരവ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി, എല്ലാത്തരം ജൈവവളം നിർമ്മാണ യൂണിറ്റുകൾക്കും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ തയ്യാറാക്കേണ്ടതാണ്;

(3) എല്ലാത്തരം ജൈവവളങ്ങളുടെയും തരംതിരിക്കലിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്;

**27. വൈദ്യുതി മന്ത്രാലയത്തിന്റെ ചുമതലകൾ**.— ഖരമാലിന്യത്തെ അടിസ്ഥാനമാക്കി മാലിന്യത്തിൽനിന്ന് ഊർജ്ജ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ്, അല്ലെങ്കിൽ ചാർജുകൾ ഉചിതമായ സംവിധാനങ്ങളിലൂടെ വൈദ്യുതിമന്ത്രാലയം തീരുമാനിക്കേണ്ടതും, തുടർന്ന് പതിവായി അത് പരിഷ്കരിക്കുകയും അത്തരം മാലിന്യങ്ങളിൽനിന്ന് ഊർജ്ജ പ്ലാന്റുകളിലേക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി വിതരണ കമ്പനി നിർബന്ധിതമായി അത് വങ്ങേണ്ടതുമാണ്.

**28. നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ചുമതലകൾ**.— നവ-പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ മന്ത്രാലയം, ഉചിതമായ സംവിധാനങ്ങളിലൂടെ, വിവിധ തരം ഖരമാലിന്യങ്ങളുടെ പുന:ചംക്രമണത്തിനോ പരിസ്ഥിതി-സൗഹൃദപരമായ നിർമ്മാർജ്ജനത്തിനോ ഉള്ള നൂതന മാർഗങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ് ;

**29. നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ ചുമതലകൾ**.— പ്രവർത്തനത്തിലുള്ള മെറ്റീരിയൽ റിക്കവറി

ഫെസിലിറ്റികൾ, മറ്റ് മാലിന്യ-സംസ്കരണ കേന്ദ്രങ്ങൾ എന്നിവ പോലെയുള്ള മാലിന്യ-സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യശക്തിക്കായി പഠന-പൂർവ പരിപാടികളുടെയും പരിശീലന മാനുവലുകളുടെയും അംഗീകാരം നല്കൽ ഉൾപ്പെടെയുള്ള നൈപുണ്യ വികസന പരിപാടികളുടെ സർട്ടിഫിക്കേഷൻ സൌകര്യങ്ങൾ വികസിപ്പിക്കലും നടത്തിപ്പും രൂപപ്പെടുത്തുക.

**30. പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെ ചുമതലകൾ** — പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം,- (i) ബയോഗ്യാസ് പ്ലാന്റുകളെ പ്രോത്സാഹിപ്പിക്കുകയും; ബയോഗ്യാസ് വാങ്ങുകയും, അത്തരം നടപടികളെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്; ബയോമെത്തനേഷൻ പ്രോത്സാ ഹിപ്പിക്കുന്നതിനായി പങ്കാളി-മന്ത്രാലയങ്ങളുമായി ഒത്തുചേർന്നു പ്രവർത്തിക്കുകയും, അത്തരം നടപടികളെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്; കംപ്രസ്ഡ് ബയോഗ്യാസ് നീക്കത്തിനായി കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകളിൽ നിന്ന് പൈപ്പ്ലൈൻ കണക്റ്റിവിറ്റി ഉറപ്പാക്കേണ്ടതുമാണ്.

**31. ധനകാര്യ മന്ത്രാലയ റവന്യൂ വകുപ്പിന്റെ ചുമതലകൾ** :—മാലിന്യ-സംസ്കരണ പ്ലാന്റുകളുടെ യന്ത്രങ്ങളോ ഉപകരണങ്ങളോ ഇറക്കുമതി ചെയ്യുന്നതിന് ധനകാര്യ മന്ത്രാലയത്തിന് ഡ്യൂട്ടി ആനുകൂല്യങ്ങൾ നൽകാവുന്നതും, മാലിന്യ-സംസ്കരണ പ്ലാന്റുകൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകാവുന്നതുമാണ്.

**32. വ്യവസായ ആഭ്യന്തരവ്യാപാര പ്രോത്സാഹന വകുപ്പിന്റെ ചുമതലകൾ**:— സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകളോ മലിനീകരണ-നിയന്ത്രണ കമ്മിറ്റികളോ മാലിന്യ-സംസ്കരണ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസായ

ആഭ്യന്തരവ്യാപാര പ്രോത്സാഹന വകുപ്പ് ദേശീയ ഏകജാലക ഫെസിലിറ്റി (NSWS) ഒരുക്കേണ്ടതാണ്.

**33. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശ സർക്കാരുകളിലെ വിദ്യാഭ്യാസ, വിദ്യാഭ്യാസ വകുപ്പിന്റെയും ചുമതലകൾ** :— സ്കൂൾ പാഠ്യപദ്ധതിയിൽ ഖരമാലിന്യ നിർമ്മാർജ്ജനം ഉചിതമായി ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുക.

**34. പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ചുമതലകൾ**:—ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബൈ-ലോകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

**35. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെ മുനിസിപ്പൽ ഭരണത്തിനോ തദ്ദേശ സ്വയംഭരണത്തിനോ ഉത്തരവാദിത്തമുള്ള വകുപ്പിന്റെയും നഗരവികസന വകുപ്പിന്റെയും ചുമതലകൾ**.— (1) സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ നഗരവികസന വകുപ്പോ നഗരപ്രാന്തപ്രദേശങ്ങൾ ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിലെ മുനിസിപ്പൽ ഭരണത്തിനോ തദ്ദേശ സ്വയംഭരണത്തിനോ ഉത്തരവാദിത്തമുള്ള വകുപ്പ്,-

(i) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന്, സംസ്ഥാന, അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശങ്ങളിലെ ഗ്രാമവികസന വകുപ്പുമായി സംയോജിച്ച് നഗരപ്രദേശങ്ങളിലെ ഖരമാലിന്യ മാനേജ്മെന്റിനെക്കുറിച്ചുള്ള ഒരു സംസ്ഥാന നയവും തന്ത്രവും (strategy) തയ്യാറാക്കണം. ഇതിന്റെ പരിധിയിൽ, മറ്റു കാര്യങ്ങൾക്കൊപ്പം, മാലിന്യ ഉത്പാദനത്തിന്റെ കണക്ക്, മാലിന്യ

മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളുടെ വിലയിരുത്തൽ, ഖരമാലിന്യ ശേഖരണത്തിന്റെയും ഗതാഗതത്തിന്റെയും ആവശ്യകത, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ, ജൈവ മാലിന്യത്തിന്റെ സംസ്കരണത്തിനുള്ള ബയോമെത്തനേഷൻ പ്ലാന്റുകളുടെ ആവശ്യകത, ഊർജ്ജ പ്ലാന്റുകളിലേക്കുള്ള മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾക്കായി ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, സാനിറ്ററി മാലിന്യ സംസ്കരണത്തിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, പൊതുവായ ബയോ-മെഡിക്കൽ മാലിന്യ-സംസ്കരണ കേന്ദ്രങ്ങളുമായുള്ള ബന്ധം, സാനിറ്ററി ലാൻഡ്ഫില്ലുകളുടെ സ്ഥാപിക്കലും അവയുടെ പ്രവർത്തനവും പരിപാലനവും, ഫലപ്രദമായ നിരീക്ഷണത്തിനും ട്രാക്കിംഗിനും വിവരസാങ്കേതികകവിദ്യയുടെ സഹായത്തോടെയുള്ള ഭരണരീതി സ്വീകരിക്കൽ, മാലിന്യ സംസ്കരണത്തിനായി സ്വകാര്യ ഡെവലപ്പർമാർക്കുള്ള മാലിന്യ സംസ്കരണത്തിനുള്ള, പ്രത്യേകിച്ച് ബയോ-മേത്തനേഷനുള്ള പ്രോത്സാഹനങ്ങൾ, കമ്പോസ്റ്റ് പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഉപയോക്തൃ ഫീസും സാനിറ്ററി ലാൻഡ്ഫിൽ ഫീസും ഈടാക്കൽ, ഖരമാലിന്യ നിർമ്മാർജ്ജനത്തിൽ ഏർപ്പെട്ടിരിക്കുന്ന മാലിന്യം ശേഖരിക്കുന്നവരെ, അതായത്, മാലിന്യ ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, ചാനലൈസേഷൻ, വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ, മൂന്നാം കക്ഷി ഏജൻസിയുമായോ ഖരമാലിന്യ-സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ, സമാന ഗ്രൂപ്പുകൾ എന്നിവയുമായോ അവരുടെ തിരിച്ചറിയൽ, എണ്ണമെടുപ്പ്, രജിസ്ട്രേഷൻ എന്നിവ നടത്തിയുള്ള സംയോജിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തേണ്ടതും, ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ദേശീയ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത്, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അത്

അപ്‌ലോഡ് ചെയ്യേണ്ടതും, ഓരോ 5 വർഷത്തിനുശേഷവും ഈ പ്രക്രിയ തുടരേണ്ടതുമാണ് ;

(ii) മാലിന്യ കുറയ്ക്കൽ, പുനഃചംക്രമണം, പുനഃചംക്രമണം റിക്കവറി, ഖരമാലിന്യങ്ങളുടെ വിവിധ ഘടകങ്ങളുടെ ഏറ്റവും മെച്ചപ്പെട്ട ഉപയോഗം എന്നിവയിൽ ഊന്നൽ നൽകി, നിഷ്ക്രിയ, ജൈവവിഘടിതമല്ലാത്തതും, പുനഃചംക്രമണ യോഗ്യമല്ലാത്തതും, ഊർജ്ജം വീണ്ടെടുക്കുന്നതിനു സാധ്യയില്ലാത്തതുമായ മാലിന്യങ്ങൾ ലാൻഡ് ഫില്ലുകളിലേയ്ക്ക് പോകുന്നുണ്ടെന്ന് ഉറപ്പാക്കുക വഴി മനുഷ്യന്റെ ആരോഗ്യത്തിലും പരിസ്ഥിതിയിലും ഖര മാലിന്യത്തിന്റെ ആഘാതം കുറയ്ക്കേണ്ടതാണ്;

(iii) ആക്രിക്കാർ, മാലിന്യം ശേഖരിക്കുന്നവർ, പുനഃചംക്രമണ വ്യവസായം എന്നിവയുൾപ്പെടെയുള്ള മാലിന്യ സംസ്കരണക്കാരുടെ അനൗപചാരിക മേഖലയെ, മാലിന്യം കുറയ്ക്കുന്നതിന്റെ കാര്യത്തിൽ സംസ്ഥാന നയങ്ങളിലും തന്ത്രങ്ങളിലും ഉൾപ്പെടുത്തുകയും, ഇക്കാര്യത്തിൽ വിശാലമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണത്തിൽ നിന്നുള്ള കാർബൺ ക്രെഡിറ്റ് ഉത്പാദന (കാർബൺ പുറന്തള്ളൽ ലഘൂകരണം)-ത്തിനുള്ള സാധ്യതകളെപ്പറ്റി പഠിക്കേണ്ടതാണ്.

(2) നഗരവികസന വകുപ്പും സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, നഗരപ്രാന്തപ്രദേശങ്ങൾ ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിലെ മുനിസിപ്പൽ ഭരണത്തിനോ തദ്ദേശ സ്വയംഭരണത്തിനോ ഉത്തരവാദിത്തമുള്ള നഗരവികസന വകുപ്പും:- (i) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് ഉറപ്പാക്കേണ്ടതാണ്;

(ii) ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, ഗതാഗതം, സംസ്കരണ, അല്ലെങ്കിൽ ശുദ്ധീകരണ, നിർമ്മാർജ്ജന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിൽ സാമ്പത്തിക ലാഭക്ഷമതയ്ക്കുള്ള സർക്കാർധനസഹായത്തിനുള്ള നടപടികൾ സ്വീകരിക്കണം.

(iii) ജൈവവളത്തിന്റെ സ്വീകാര്യത മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ് – 'വിവര, വിദ്യാഭ്യാസ, ആശയവിനിമയവുമായി (IEC) ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചട്ടക്കൂടും തയ്യാറാ ക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക;

(iv) ശേഖരിക്കപ്പെടുന്ന ഫീസ്, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, അവയുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് ;

(v) ഖരമാലിന്യ സംസ്കരണം നടപ്പിലാക്കലും നവീകരണവും ഉറപ്പാക്കുകയും, വേർതിരിക്കൽ, ശേഖരണം, തരംതിരിക്കൽ, ഗതാഗതം, ശുദ്ധീകരണം, അല്ലെങ്കിൽ സംസ്കരണം, നിർമ്മാർജ്ജന ശേഷി എന്നിവയിൽ നൂറു ശതമാനം കൈവരിക്കുകയും ചെയ്യുന്നതിന്, ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ കവറേജ് മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്;

(vi) ഖരമാലിന്യ സംസ്കരണം, പുനരുപയോഗം, പുന:ചംക്രമണം എന്നിവയുമായി ബന്ധപ്പെട്ട ചാക്രിക സമ്പദ്വ്യവസ്ഥയ്ക്കായി ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് ;

(vii) അതതു സ്ഥലത്തുതന്നെ സംസ്കരണ സൗകര്യങ്ങൾ ഉള്ള റെസിഡൻഷ്യൽ സൊസൈറ്റികൾക്കും മറ്റ് വൻകിട മാലിന്യ

ഉത്പാദകർക്കും ഇൻസെന്റീവുകൾ (നികുതി ആനുകൂല്യങ്ങൾ പോലെയുള്ളവ) നൽകേണ്ടതാണ് ;

(viii) ഈ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിനു ശേഷം ഒരു വർഷത്തിനുള്ളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, എല്ലാ ഖരമാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിവരങ്ങളുമായി ഓൺലൈൻ കേന്ദ്രീകൃത പോർട്ടലിൽ സജീവമാണെന്ന് ഉറപ്പാക്കേണ്ടതും, എല്ലാ വർഷവും ജൂൺ 30-നകം അത് നാളതീകരിക്കേണ്ടതുമാണ്;

(ix) സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശതലങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗര തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അംഗീകാര അവാർഡുകൾ നൽകേണ്ടതാണ്;

(x) എല്ലാ നഗര പ്രദേശങ്ങളിലെയും ഖരമാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളുടെയും പ്രവർത്തനങ്ങളുടെയും നിലവിലെ അവസ്ഥയും പ്രവർത്തന സാഹചര്യങ്ങളും അവലോകനം ചെയ്യുന്നതിനായി ഒരാഴ്ച നീണ്ടുനിൽക്കുന്ന കാമ്പയിൻ സംഘടിപ്പിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റുമാരുമായും മുനിസിപ്പൽ കമ്മീഷണറുമാരുമായോ ഓരോ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാരുമായോ ബന്ധപ്പെടേണ്ടതാണ്;

(xi) ഖരമാലിന്യ സംസ്കരണത്തിനുള്ള പൊതു-സ്വകാര്യ പങ്കാളിത്ത മോഡ് മോഡലുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്;

(xii) സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണ പ്രദേശത്തിന്റെയോ നഗരാസൂത്രണ വകുപ്പിനോട്, സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണ

പ്രദേശത്തിന്റെയോ ഒരു കൂട്ടം നഗരങ്ങൾക്കായുള്ള പൊതു മാലിന്യ-സംസ്കരണ ഫെസിലിറ്റിയിലോ പ്രാദേശിക സാനിറ്ററി അല്ലെങ്കിൽ പ്രവർത്തനത്തിലുള്ള ലാൻഡ്ഫില്ലിലോ അംഗങ്ങളായ നഗരങ്ങൾ ഒഴികെ ഓരോ നഗരത്തിന്റെയും മാസ്റ്റർ പ്ലാനിൽ ഖരമാലിന്യ സംസ്കരണ, നിർമ്മാർജ്ജന ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടെന്ന് ഉറപ്പാക്കാൻ നിർദ്ദേശിക്കേണ്ടതും, 2026 സെപ്റ്റംബർ 30-നകം എല്ലാ മാസ്റ്റർ പ്ലാനുകളും അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(xiii) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനും സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളിൽ (ഭൂവിനിയോഗ പദ്ധതി) ഉൾപ്പെടുത്തുന്നതിനും, മെട്രോപൊളിറ്റൻ, ജില്ലാ ആസൂത്രണ സമിതികൾവഴിയോ ടൗൺ, കൺട്രി പ്ലാനിംഗ് വകുപ്പ് വഴിയോ, അതതുസംഗതിപോലെ, നഗരങ്ങളിൽ ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടതും അനുവദിക്കേണ്ടതുമാണ് ;

(xiv) 200-ൽ കൂടുതൽ വീടുകളുള്ളതോ 5,000 ചതുരശ്ര മീറ്ററിൽ കൂടുതൽ പ്ലോട്ട് വിസ്തീർണ്ണമുള്ളതോ ആയ ഗ്രൂപ്പ് ഹൗസിംഗ്, അല്ലെങ്കിൽ വാണിജ്യ, സ്ഥാപന അല്ലെങ്കിൽ മറ്റേതെങ്കിലും പാർപ്പിടേതര കോംപ്ലക്സുകൾക്കായുള്ള വികസന പദ്ധതിയിൽ ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിനും സംഭരിക്കുന്നതിനും വികേന്ദ്രീകൃത സംസ്കരണത്തിനും പ്രത്യേക സ്ഥലം വേർതിരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനത്തി ന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ടൗൺ നഗരാസൂത്രണ വകുപ്പിനോട് നിർദ്ദേശിക്കേണ്ടതും, വൻകിട മാലിന്യ ഉത്പാദകർ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അത്തരം വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് ഉറപ്പാക്കേണ്ടതുമാണ്;

(xv) വൻകിട മാലിന്യ ഉത്പാദകരുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും പാലിക്കാൻ പ്രത്യേക സാമ്പത്തിക മേഖല, വ്യവസായ എസ്റ്റേറ്റ്, വ്യവസായ പാർക്ക് എന്നിവയുടെ പുതിയതും നിലവിലുള്ളതുമായ ഡെവലപ്പർമാരോട് നിർദ്ദേശിക്കേണ്ടതാണ്;

(xvi) പ്രാദേശിക ഫെസിലിറ്റിയിൽ നിന്ന് 50 കിലോമീറ്റർ (അല്ലെങ്കിൽ അതിൽ കൂടുതൽ) ദൂരത്തിനുള്ളിൽ വരുന്ന ഒരു കൂട്ടം നഗരങ്ങൾക്കും പട്ടണങ്ങൾക്കുമായി പൊതുവായ പ്രാദേശിക സാനിറ്ററി, അല്ലെങ്കിൽ പ്രവർത്തനത്തിലുള്ള ലാൻഡ്ഫിൽ സ്ഥാപിക്കാൻ സൗകര്യമൊരുക്കേണ്ടതും; ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ അത്തരം സാനിറ്ററി, അല്ലെങ്കിൽ പ്രവർത്തനത്തിലുള്ള ലാൻഡ്ഫില്ലുകളുടെ പ്രൊഫഷണൽ മാനേജ്മെന്റ് ഉറപ്പാക്കേണ്ടതും, എല്ലാ വിവരങ്ങളും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് ;

(xvii) അത്തരം മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, തരംതിരിക്കൽ, ഗതാഗതം അല്ലെങ്കിൽ സംസ്കരണം എന്നിവയുൾപ്പെടെ ഖരമാലിന്യ മാനേജ്മെന്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്;

(xviii) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുമായി കൂടിയാലോചിച്ച് പ്രതിദിനം അഞ്ച് ടണ്ണിൽ കൂടുതലുള്ള ഖരമാലിന്യ സംസ്കരണ, നിർമ്മാർജ്ജന കേന്ദ്രങ്ങൾക്കായി ബഫർ സോൺ പ്രഖ്യാപിക്കേണ്ടതും, അത്തരം എല്ലാ കേന്ദ്രങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(xix) തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ അംഗീകൃത മൂന്നാം കക്ഷിയുമായോ സ്വയം സഹായ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള കൺസഷനെയർ ഏജൻസിയുമായോ സഹകരിച്ച് പ്രവർത്തിക്കുന്ന ആക്രിക്കാരുടെ രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(xx) റെസിഡെന്റ്സ് അസോസിയേഷനുകൾ, മാർക്കറ്റ് അസോസിയേഷനുകൾ, കൺസഷനെയർ അല്ലെങ്കിൽ മൂന്നാം കക്ഷി

എന്നിവയുൾപ്പെടെയുള്ളവരുമായുള്ള സാമൂഹ്യ പങ്കാളിത്തത്തിലൂടെ മാലിന്യരഹിതം മുതൽ ലാൻഡ്ഫിൽ വരെ എന്നുള്ള സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്;

(xxi) റാങ്കിംഗ് സംവിധാനത്തോടെ സംസ്ഥാനതലത്തിൽ സർക്കുലാരിറ്റി (ചാക്രികത്വം) അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ നടത്തേണ്ടതാണ്;

(xxii) ജൈമാലിന്യങ്ങളുടെ സംസ്കരണത്തിൽ നിന്നുലഭ്യമാകുന്ന ഉപോത്പന്നങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഫലപ്രദമായ തന്ത്രം ആവിഷ്കരിക്കേണ്ടതാണ്;

(xxiii) സംസ്ഥാന, ജില്ലാ തലങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ മികച്ച സ്കൂളുകൾ, ആശുപത്രികൾ, സ്ഥാപനങ്ങൾ എന്നിവയെ അംഗീകരിക്കുന്നതിനായി മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ് ;

(xxiv) ഖരമാലിന്യ സംസ്കരണത്തിനും ശുദ്ധീകരണ സൗകര്യകേന്ദ്ര ങ്ങൾക്കും അനുയോജ്യമായ ഭൂമി നൽകുന്നതിനും സംസ്ഥാന സർക്കാരോ കേന്ദ്ര ഭരണപ്രദേശമോ അത്തരം സ്ഥലങ്ങളെപ്പറ്റി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ഭൂമി വിതരണത്തിന്റെ ചുമതലയുള്ള വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ് .

**36. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമപ്രദേശ ങ്ങളിൽ ഗ്രാമവികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണത്തിന് ഉത്തരവാദിത്തമുള്ള വകുപ്പിന്റെയും ചുമതലകൾ**.— (1) ഗ്രാമവികസന വകുപ്പും, അല്ലെങ്കിൽ സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശത്തോ ഉള്ള

ഗ്രാമപ്രദേശങ്ങളിലെ ശുചിത്വത്തിനും ഖരമാലിന്യ പരിപാലനത്തിനും ഉത്തരവാദിത്തമുള്ള വകുപ്പും മാലിന്യ ഉത്പാദനത്തിന്റെ കണക്കുകൾ, മാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളുടെ വിലയിരുത്തൽ എന്നിവ ഉൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ പരിപാലനത്തെ ക്കുറിച്ചുള്ള ഒരു സംസ്ഥാന നയവും തന്ത്രവും തയ്യാറാക്കണം. അതായത്,—

(i) ശേഖരണത്തിനും ഗതാഗതത്തിനുമുള്ള വാഹനങ്ങൾ, ശേഖരണത്തിനും തരംതിരിക്കൽ കേന്ദ്രങ്ങൾ, കമ്പോസ്റ്റ് കുഴികൾ;

(ii) ജൈവമാലിന്യങ്ങൾക്കായുള്ള ബയോഗ്യാസ് യൂണിറ്റുകൾ, ഗ്യാപ് അനാലിസിസ്, നഗരപ്രദേശങ്ങളിലെ മാലിന്യ-സംസ്കരണ അടിസ്ഥാനസൗകര്യങ്ങളുമായുള്ള ബന്ധം, ഖരമാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന, അതായത്, മാലിന്യ ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, ചാനലൈസേഷൻ, വികേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണം, എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെ, അവരുടെ തിരിച്ചറിയൽ, എണ്ണമെടുപ്പ്, രജിസ്ട്രേഷൻ എന്നിവയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ തദ്ദേശസ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ മൂന്നാം കക്ഷിയുമായോ, ഖരമാലിന്യ-സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുമായോ സമാന ഗ്രൂപ്പുകളുമായോ ഉള്ള സംയോജനം എന്നിവ ഉൾപ്പെടുത്തി ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, കുടിവെള്ള, ശുചിത്വകാര്യ വകുപ്പ് പുറപ്പെടുവിച്ച ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും, ഓരോ അഞ്ച് വർഷം കഴിയുമ്പോഴും ഈ പ്രക്രിയ തുടരേണ്ടതുമാണ്.

(2) ഗ്രാമവികസന വകുപ്പിനെ നോഡൽ വകുപ്പായും, പഞ്ചായത്തീരാജ് സ്ഥാപനങ്ങളുമായോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായോ

ഏകോപിച്ചു പ്രവർത്തിക്കുന്ന വകുപ്പായും, ഗ്രാമപ്രദേശങ്ങളിൽ, നഗരപ്രാന്തപ്രദേശങ്ങളിലെ ഗ്രാമങ്ങളിൽ ഉൾപ്പെടെ, ഈ ചട്ടങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള സഹ-നോഡൽ വകുപ്പായും ചുമതലപ്പെടുത്തേണ്ടതാണ്;

(3) ഗ്രാമവികസന വകുപ്പും, സംസ്ഥാനങ്ങളിലെ കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെ ശുചിത്വത്തിനും ഖരമാലിന്യ സംസ്കരണത്തിനും ഉത്തരവാദിത്തമുള്ള വകുപ്പും,—

(i) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് ;

(ii) ശേഖരണത്തിന്റെയോ സംസ്കരണ സൗകര്യങ്ങളുടെയോ കാര്യത്തിൽ സാമ്പത്തിക ലാഭക്ഷമതയ്ക്കുള്ള സർക്കാർ ധനസഹായത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് ;

(iii) ജൈവവളത്തിന്റെ സ്വീകാര്യത മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. വിവര, വിദ്യാഭ്യാസ, ആശയവിനിമയ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചട്ടക്കൂടും തയ്യാറാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക;

(iv) ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥാപിക്കൽ, പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ശേഖരിക്കപ്പെടുന്ന ഫീസ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;

(v) ഖരമാലിന്യ പരിപാലനം നടപ്പിലാക്കുന്നതും നവീകരിക്കുന്നതും ഉറപ്പാക്കുന്നതിനും വേർതിരിക്കൽ, ശേഖരണം, തരംതിരിക്കൽ, ഗതാഗതം, പരിചരണം അല്ലെങ്കിൽ സംസ്കരണം, നിർമ്മാർജ്ജന ശേഷി എന്നിവയിൽ നൂറു ശതമാനം ലക്ഷ്യം കൈവരിക്കുന്നതിനും ഖരമാലിന്യ പരിപാലന അടിസ്ഥാന സൗകര്യങ്ങളുടെ കവറേജ് മെച്ചപ്പെടുത്തുന്ന തിനുമായി നഗരപ്രാന്തപ്രദേശങ്ങളിലെ ഗ്രാമങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്;

(vi) ഖരമാലിന്യ സംസ്കരണം, പുന:ചംക്രമണം എന്നിവയിലെ ചാക്രിക സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുക;

(vii) അതതുസ്ഥലത്ത്, ജൈവ മാലിന്യം അല്ലെങ്കിൽ ഉദ്യാനത്തോട്ട മാലിന്യ ശുദ്ധീകരണ ഫെസിലിറ്റികൾ ഉള്ളതായ റെസിഡെൻഷ്യൽ സൊസൈറ്റികൾക്കും മറ്റ് വൻകിട മാലിന്യ ഉത്പാദകർക്കും ഇൻസെന്റീവുകൾ (നികുതി ആനുകൂല്യങ്ങൾ പോലെയുള്ളവ) നൽകേണ്ടതാണ്;

(viii) ശേഖരണം, തരംതിരിക്കൽ, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയുൾപ്പെടെയുള്ള എല്ലാ ഖരമാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2026 ജൂൺ 30-നകം ഓൺലൈൻ കേന്ദ്രീകൃത പോർട്ടലിൽ വിവരങ്ങൾ ചേർക്കുകയും, എല്ലാ വർഷവും ജൂൺ 30-നകം അത് നാളതീകരിക്കുകയും ചെയ്യേണ്ടതാണ്.

(ix) സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അംഗീകാരമായി അവാർഡുകൾ നൽകണം ;

(x) എല്ലാ ഗ്രാമപ്രദേശങ്ങളിലെയും ഖരമാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളുടെയും പ്രവർത്തനങ്ങളുടെയും തൽസ്ഥിതിയും പ്രവർത്തന സാഹചര്യങ്ങളും അവലോകനം ചെയ്യുന്നതിനായി ഓരോ വർഷവും ജൂൺ നാലാം വാരത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന കാമ്പെയ്ൻ സംഘടിപ്പിക്കണം;

(xi) ഖരമാലിന്യ നിർമ്മാർജ്ജന അടിസ്ഥാന സൗകര്യങ്ങൾക്കായി പൊതു-സ്വകാര്യ പങ്കാളിത്ത മോഡ് മോഡലുകൾ ആവിഷ്കരിക്കേണ്ടതാണ്;

(xii) ഒരു നടപ്പിലാക്കൽ നയവും തന്ത്രവും രൂപപ്പെടുത്തി ബയോഗ്യാസ് സമ്പദ്വ്യവസ്ഥയ്ക്ക് മുന്നോട്ടുള്ള വഴിയൊരുക്കുക;

(xiii) ബയോഗ്യാസ്, അല്ലെങ്കിൽ ബയോ-മെത്തനേഷൻ, കമ്പോസ്റ്റിംഗ് സമ്പദ്വ്യവസ്ഥയിൽ നിക്ഷേപിക്കാൻ സ്വകാര്യ ഡെവലപ്പർമാർക്ക് പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ് ;

(xiv) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ മാനേജ്മെന്റ് വഴി കാർബൺ ക്രെഡിറ്റുകൾ ഉത്പാദിപ്പിക്കുന്നതിനെപ്പറ്റി പരിശോധിക്കേണ്ടതാണ്;

(xv) വിവേചനരഹിതമായി മാലിന്യം തള്ളുന്നതിന് പിഴയോ നികുതിയോ ചുമത്തണം;

(xvi) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായ ആവശ്യകതകൾ നിറവേറ്റുന്നതിന് ജില്ലാ കളക്ടറുടെ കീഴിൽ ജില്ലാതല മാലിന്യ-സംസ്കരണ പാർക്കുകൾ വികസിപ്പിക്കണം.

(xvii) ലാൻഡ് ഫില്ലിംഗ് കുറയ്ക്കുന്നതിനായി മാലിന്യ സംസ്കരണവും അവയുടെ അവശേഷിക്കുന്ന അവശിഷ്ടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നിരീക്ഷിക്കേണ്ടതാണ്;

(xviii) കരാറുകളിൽ ഉൾപ്പെടുന്നതിലൂടെ വേർതിരിക്കൽ, അനൗപചാരിക മേഖലയുടെ സംയോജനം, ശേഷി വർദ്ധിപ്പിക്കൽ സംരംഭങ്ങൾ എന്നിവ നിർബന്ധിതമാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ് ;

(xix) ചട്ടങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ പിഴ ചുമത്തേണ്ടതാണ്;

(xx) മാലിന്യ-സംസ്കരണ കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കേണ്ടതാണ് ;

(xxi) മാലിന്യ ശേഖരണവും മാനേജ്മെന്റ് രേഖകളും ഡിജിറ്റലായി സ്വരൂപിക്കുന്നതിനുള്ള ഡാഷ്ബോർഡുകൾ വികസിപ്പിക്കുന്നതിന് ജില്ലാതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളുമായി ഏർപ്പാടുണ്ടാക്കേണ്ടതാണ്;

(4) ആവശ്യമായ അടിസ്ഥാന ഫെസിലിറ്റികൾക്കും നയപരമായ ആവശ്യങ്ങൾക്കുമായി ഒരു ഉന്നതതലസമിതിവഴി മറ്റ് വകുപ്പുകളുമായി ഏകോപിപ്പിക്കുന്നതിന് അനുയോജ്യമായ ഒരു സംസ്ഥാന വകുപ്പിനെ നോഡൽ വകുപ്പായി നിയോഗിക്കാവുന്നതാണ്.

(5) ഗ്രാമീണ ഗാർഹിക മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ പ്രാദേശിക ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

**37. ജില്ലാ മജിസ്ട്രേറ്റിന്റെയോ ജില്ലാ കളക്ടറുടെയോ ഡെപ്യൂട്ടി കമ്മീഷണറുടെയോ ചുമതലകൾ .— ജില്ലാ മജിസ്ട്രേറ്റോ ജില്ലാ കളക്ടറോ അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണറോ** -

(i) സംസ്ഥാന നഗര വികസന വകുപ്പുമായോ സംസ്ഥാന ഗ്രാമവികസന വകുപ്പുമായോ അടുത്ത ഏകോപനത്തോടെ തന്റെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനുള്ള ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും അനുവദിക്കുന്നതിനും സൗകര്യമൊരുക്കേണ്ടതും, എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(ii) മാലിന്യം വേർതിരിക്കൽ, ശേഖരണം, തരംതിരിക്കൽ, സംസ്കരണം, ശുദ്ധീകരണം, നിർമ്മാർജ്ജനം എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രകടനം, പാദവർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം ചെയ്യുകയും, നഗരപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ വകുപ്പുമായും ഗ്രാമവികസന വകുപ്പുമായും ഗ്രാമപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന് ഉത്തരവാദിത്തമുള്ള വകുപ്പുമായും കൂടിയാലോചിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതും, അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്;

(iii) സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനായുള്ള അവരുടെ പദ്ധതികളിൽ ഖരമാലിന്യങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം തടയുന്നതും നിയന്ത്രിക്കുന്നതും ഉൾപ്പെടുത്തുകയും, ഖരമാലിന്യങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം തടയുന്നതിനും

നിയന്ത്രിക്കുന്നതിനും സഹായിക്കുന്ന സാമ്പത്തികവും സാങ്കേതികവുമായ നയങ്ങളും നടപടികളും സ്വീകരിക്കുകയും വേണം.

(iv) ജില്ലാ കളക്ടർക്കോ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ അവരുടെ അധികാരപരിധിയിൽ വരുന്ന ഖരമാലിന്യ സംസ്കരണ, അല്ലെങ്കിൽ പുന:ചംക്രമണ സൗകര്യങ്ങളുടെ പരിശോധനയോ ഓഡിറ്റോ നടത്താവുന്നതാണ്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി സാനിറ്ററി ലാൻഡ്ഫിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പാക്കേണ്ടതുമാണ്.

(v) നഗര, ഗ്രാമപ്രദേശങ്ങളിലെ സാനിറ്ററി ലാൻഡ്ഫില്ലുകൾ, പൊതു മാലിന്യസംസ്കരണ പ്ലാന്റുകൾ (ഏതെങ്കിലും തരത്തിലുള്ളത്), മറ്റേതെങ്കിലും പൊതു മാലിന്യസംസ്കരണ ഫെസിലിറ്റികൾ എന്നിവയുടെ സംയോജനം ജില്ലാ മജിസ്ട്രേറ്റോ ജില്ലാ കളക്ടറോ ഡെപ്യൂട്ടി കമ്മീഷണറോ ഉറപ്പാക്കേണ്ടതാണ്;

**38. കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന്റെ ചുമതലകൾ** :— (1) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ്,-

(i) ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനും എല്ലാ പങ്കാളികളും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകളുമായും മലിനീകരണ-നിയന്ത്രണ കമ്മിറ്റികളുമായും ഏകോപിച്ചു പ്രവർത്തിക്കേണ്ടതാണ്;

(ii) എല്ലാ ഖര മാലിന്യ സംസ്കരണ, നിർമ്മാർജ്ജന സൗകര്യങ്ങളുമായി ബന്ധപ്പെട്ട് ഭൂഗർഭജലം, അന്തരീക്ഷ വായു, ശബ്ദ മലിനീകരണം, ലീച്ചേറ്റ് എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തേണ്ടതാണ്;

(iii) ഖര മാലിന്യ-സംസ്കരണ ഫെസിലിറ്റികൾക്കോ സംസ്കരണ സാങ്കേതികവിദ്യകൾക്കോ നിർദ്ദേശിച്ചിട്ടുള്ള പരിസ്ഥിതി മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അവലോകനം ചെയ്യേണ്ടതും ആവശ്യാനുസരണം അവ നാളതീകരിക്കേണ്ടതുമാണ് ;

(iv) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകൾ, അല്ലെങ്കിൽ മലിനീകരണ-നിയന്ത്രണ കമ്മിറ്റികൾ വഴി, ഖരമാലിന്യ-സംസ്കരണ സൗകര്യങ്ങൾക്കോ സംസ്കരണ സാങ്കേതികവിദ്യകൾക്കോ വേണ്ടി നിർദ്ദേശിക്കപ്പെട്ട പാരിസ്ഥിതിക മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നത് വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം ചെയ്യേണ്ടതും അവയുടെ നിരീക്ഷണത്തിൽ ലഭിക്കുന്ന ഡാറ്റാ സമാഹരിക്കേണ്ടതുമാണ്.

(v) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകൾ, അല്ലെങ്കിൽ മലിനീകരണ-നിയന്ത്രണ കമ്മിറ്റികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതാണ് ;

(vi) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകളിൽനിന്നും മലിനീകരണ-നിയന്ത്രണ കമ്മിറ്റികളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും, അത് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്യേണ്ടതും, റിപ്പോർട്ട് എല്ലാ വർഷവും സെപ്റ്റംബർ 30-ന് മുമ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതുമാണ്;

(vii) പ്രതിദിനം അഞ്ച് ടണ്ണിൽ കൂടുതൽ ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യത്യസ്ത വലുപ്പത്തിലുള്ള ഫെസിലിറ്റിൾക്കായി മാലിന്യ സംസ്കരണ, നിർമ്മാർജ്ജന സൗകര്യങ്ങൾക്ക് ചുറ്റുമുള്ള ബഫർ സോൺ നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ്;

(viii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാൻ പ്രാപ്തമാക്കുന്നതിന് ഖരമാലിന്യ സംസ്കരണത്തിന്റെയും നിർമ്മാർജ്ജനത്തിന്റെയും പാരിസ്ഥിതിക വശങ്ങളെക്കുറിച്ച് കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ് ;

(ix) അന്തർ-സംസ്ഥാന മാലിന്യ നീക്കത്തെക്കുറിച്ച് സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ് ;

(x) ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ ആറ് മാസത്തിനുള്ളിൽ, ഭവന, നഗരകാര്യ മന്ത്രാലയവുമായും കുടിവെള്ള, ശുചിത്വകാര്യ  വകുപ്പുമായും കൂടിയാലോചിച്ച് നഗര തദ്ദേശ സ്ഥാപനങ്ങൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കുമുള്ള ഖരമാലിന്യ പ്രവർത്തനപദ്ധതിക്കു വേണ്ടിയുള്ള ഒരു പ്രോഫോർമ രൂപകൽപ്പന ചെയ്യുകയും നിർദ്ദേശിക്കുകയും ചെയ്യണ്ടതാണ്;

(2) ഈ ചട്ടങ്ങൾ പ്രകാരം നൽകിയിട്ടുള്ള രീതിയിൽ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ സർട്ടിഫിക്കറ്റുകൾ കൈമാറുന്നതിനുള്ള ഫെസിലിറ്റി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് വികസിപ്പിക്കേണ്ടതാണ്;

(3) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ്, ഈ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അത് ശക്തിപ്പെടുത്തുന്നതിനുമുള്ള ശിപാർശകൾ നൽകുന്നതിനുമായി, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ ഒരു കേന്ദ്ര നിർവ്വഹണ സമിതി രൂപീകരിക്കേണ്ടതും, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് റിപ്പോർട്ടും

ശിപാർശകളും സമർപ്പിക്കുന്നതിന് കമ്മിറ്റി ആറ് മാസത്തിലൊരിക്കലെങ്കിലും യോഗം ചെരേണ്ടതുമാണ്;

(4) ഖരമാലിന്യ സംസ്കരണം, പുന:ചംക്രമണം, പരിചരണം (treatment) എന്നിവയ്ക്കായി ഏതെങ്കിലും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകളു ടെയോ മലിനീകരണ-നിയന്ത്രണ സമിതികളുടെയോ നിർദ്ദേശങ്ങൾ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് അവലോകനം ചെയ്യുകയും, ആറ് മാസത്തിനുള്ളിൽ അതിനുള്ള പ്രവർത്തന  മാനദണ്ഡങ്ങളും ഉദ്ഗമന മാനദണ്ഡങ്ങളും നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ് ;

(5) ഒരു  പരിസ്ഥിതി-സംരക്ഷണ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ്, ഓൺലൈൻ കേന്ദ്രീകൃത പോർട്ടൽ പരിശീലന സാമഗ്രികളും ഏകീകൃത പ്രവർത്തന നടപടിക്രമങ്ങളും വികസിപ്പിക്കേണ്ടതും അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

(6) ജൈവവളത്തിനായുള്ള പതിവ് നിരീക്ഷണ ചട്ടക്കൂടിനും പരിശോധനാ പ്രോട്ടോക്കോളിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് രൂപപ്പെടുത്തേണ്ടതാണ്;

(7) ജലാശയങ്ങളിലെയും ഭൂമികളിലെയും ഖരമാലിന്യത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ടിംഗ് മൊഡ്യൂളുകൾ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് വികസിപ്പിക്കേണ്ടതാണ്.

(8) ഈ ചട്ടങ്ങൾ പ്രകാരം നിർബന്ധിതമായ സർട്ടിഫിക്കറ്റുകളുടെ വ്യാപാരത്തിനായി ഇലക്ട്രോണിക് പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനുള്ള ഏജൻസികളെ അധികാരപ്പെടു ത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് പുറപ്പെടുവിക്കേണ്ടതാണ്;

(9) ഈ ചട്ടങ്ങൾ പ്രകാരം പരാമർശിച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകൾക്കും വേണ്ടി, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഫാറങ്ങൾ തയ്യാറാക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്;

(10) വിവിധ മാലിന്യ-സംസ്കരണ ചട്ടങ്ങളിലെ  എല്ലാ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ, എല്ലാ മാലിന്യ ഘടകങ്ങളിലും മൂല്യ ശൃംഖലയിലുമുള്ള ചാക്രിക  സാമ്പത്തിക സംരംഭങ്ങൾക്ക് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നേതൃത്വം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്;

(11) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ്, അല്ലെങ്കിൽ മലിനീകരണ-നിയന്ത്രണ കമ്മിറ്റി, അല്ലെങ്കിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന രജിസ്റ്റർ ചെയ്ത പരിസ്ഥിതി ഓഡിറ്റർമാർ വഴി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് മാലിന്യ-സംസ്കരണ ഫെസിലിറ്റികളുടെ  മൂന്നാം കക്ഷി ഓഡിറ്റ് നടത്താവുന്നതും, ആവശ്യാനുസരണം പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവുന്നതുമാണ് .

(12) 2026 ഒക്ടോബർ 1-ഓടെ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് മാലിന്യത്തിൽനിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾക്കും കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകൾക്കുമുള്ള ഏകീകൃത പാരിസ്ഥിതിക മാനദണ്ഡങ്ങളുടെ വികസിപ്പിക്കേണ്ടതാണ്.

(13) ദേശീയ ഏകജാലക സംവിധാനത്തിലൂടെ മാലിന്യ-സംസ്കരണ ഫെസിലിറ്റികൾക്ക് അംഗീകാരം നേടുന്നതിനുള്ള സൗകര്യം വികസിപ്പിക്കുന്നതിൽ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് വ്യവസായ ആഭ്യന്തരവ്യാപാര പ്രോത്സാഹന വകുപ്പുമായി ഏകോപിച്ചു പ്രവർത്തിക്കാവുന്നതാണ്.

**39. നഗര തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ :—**

(1) തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഈ ചട്ടങ്ങൾ പ്രകാരം ഖരമാലിന്യ സംസ്കരണം ഏറ്റെടുക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഉത്തരവാദികളാണ്.

എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സംസ്ഥാന ഖരമാലിന്യ സംസ്കരണ നയവും തന്ത്രവും (strategy) വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, പ്രസ്തുത നയത്തിന്റെയും തന്ത്രത്തിന്റെയും അടിസ്ഥാനത്തിൽ ഒരു ഖരമാലിന്യ കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രൊഫോർമ അനുസരിച്ചായിരിക്കണം ഇത് തയ്യാറാക്കേണ്ടത്. ഈ കർമ്മപദ്ധതിയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം ;

(i) പ്രദേശത്തെ മൊത്തം മാലിന്യ ഉത്പാദനത്തിന്റെ വാർഡ് തിരിച്ചുള്ള കണക്ക് ;

(ii) മാലിന്യ ഉത്പാദനത്തിൻറെ അഞ്ച് വർഷത്തെ പ്രതീക്ഷിത കണക്ക്;

(iii) വാർഡ് തിരിച്ചുള്ള ശേഖരണവും (പ്രത്യേക പരിചരണം വേണ്ട മാലിന്യങ്ങൾ ഉൾപ്പെടെ) ഗതാഗത പദ്ധതിയും ;

(iv) ഖരമാലിന്യ-സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ;

(v) മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, മതപരമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയ സാമൂഹ്യ സേവന അടിസ്ഥാന സൗകര്യങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ;

(vi) താമസക്കാരുടെ അല്ലെങ്കിൽ ഉടമസ്ഥരുടെ പരിസരത്ത് ഉത്പാദിപ്പിക്കപ്പെടുന്ന, ബയോ മെഡിക്കൽ മാലിന്യം രജിസ്റ്റർ ചെയ്യപ്പെട്ട ബയോ-മെഡിക്കൽ മാലിന്യ സംസ്കരണ സ്ഥാപനത്തിന് നിർബന്ധമായും കൈമാറേണ്ടതും, ബയോ-മെഡിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ളതുമായ ബയോ-മെഡിക്കൽ മാലിന്യത്തിന്റെ അളവും ചേർത്തുള്ള താമസക്കാരുടെ അല്ലെങ്കിൽ ഉടമസ്ഥരുടെ വിവരങ്ങൾ.

(vii) മാലിന്യം അലക്ഷ്യമായി തള്ളാൻ സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും, മാലിന്യം നിക്ഷേപിക്കുന്ന ഹോട്ട്-സ്പോട്ടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള പദ്ധതി;

(viii) ജലാശയങ്ങളിലെ ഖരമാലിന്യ പ്രവേശന കേന്ദ്രങ്ങളുടെ മാപ്പിംഗും, ഉചിതമായ തടയൽ സംവിധാനങ്ങൾ സ്ഥാപിച്ച് ജലാശയങ്ങളിൽ ഖരമാലിന്യം പ്രവേശിക്കുന്നത് തടയുന്നതിനുള്ള പദ്ധതിയും;

(ix) ജലാശയങ്ങളുടെ ഉപരിതലത്തിലും അഴുക്കുചാലുകളിലും ഒഴുകിനടക്കുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കുന്നതിനുള്ള സമയക്രമം.

(x) നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസരിച്ച് തെരുവ് തൂത്തുവാരുന്നതിനും മാലിന്യ സംഭരണികൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനക്രമം;

(xi) റെയിൽവേ ഭൂമിയും മറ്റ് പൊതു അധികാരികളുടെ കൈവശമുള്ള ഭൂമിയും ഉൾപ്പെടെ, ഖരമാലിന്യം അലക്ഷ്യമായി തള്ളാൻ സാധ്യതയുള്ള പൊതു ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ ഉള്ള ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമികളുടെ ഭൂപടം തയ്യാറാക്കൽ;

(xii) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സാനിറ്ററി പാഡുകൾ, ഡയപ്പറുകൾ ഉൾപ്പെടെയുള്ള സാനിറ്ററി മാലിന്യങ്ങൾ പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനുള്ള പദ്ധതി. ഇതിനായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഇൻസിനറേറ്ററുകളോ, പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങളോ, അല്ലെങ്കിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച പുനരുപയോഗ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന യൂണിറ്റുകളോ പ്രയോജനപ്പെടുത്തേണ്ടതാണ്.

(xiii) പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങളുടെ ശേഖരണത്തിനും പരിസ്ഥിതി സൗഹൃദമായി സംസ്ക്കരിക്കുന്നതിനുമുള്ള പദ്ധതി;

(xiv) മാലിന്യശേഖരണം, ഗതാഗതം, തരംതിരിക്കൽ, സംഭരണം, അജൈവ, ജൈവ മാലിന്യങ്ങളും പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യങ്ങളും സാനിറ്ററി മാലിന്യങ്ങളും ഉൾപ്പെടെ സംസ്കരണത്തിനും പുനരുപയോഗത്തിനും മുൻപായി സൂക്ഷിക്കൽ, സാനിറ്ററി ലാൻഡ്ഫില്ലുകളിൽ പരിസ്ഥിതി സൗഹൃദമായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് ആവശ്യമായ ഖരമാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ .

(3) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി അതത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലോ മലിനീകരണ നിയന്ത്രണ സമിതിയിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വികസിപ്പിച്ചെടുത്ത കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ നഗര ഖരമാലിന്യ കർമ്മപദ്ധതി അപ്‌ലോഡ് ചെയ്യേണ്ടതുമാണ് .

(4) ചേരികളും അനൗപചാരിക വാസസ്ഥലങ്ങളും, വാണിജ്യ, സ്ഥാപനങ്ങളും, മറ്റ് പാർപ്പിടേതര പരിസരങ്ങളും, ബഹുനില കെട്ടിടങ്ങളും, വാണിജ്യ സമുച്ചയങ്ങളും, മാളുകളും, ഭവന സമുച്ചയങ്ങളും മുതലായവ ഉൾപ്പെടെ എല്ലാ വീടുകളിൽനിന്നും ജൈവ മാലിന്യം, അജൈവ മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിവ അടങ്ങിയ വേർതിരിക്കപ്പെട്ട മാലിന്യങ്ങളുടെ വീടുതോറുമുള്ള ശേഖരണം സ്വന്തമായോ നിയുക്ത മൂന്നാം കക്ഷി ഏജൻസി വഴിയോ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളും നടത്തേണ്ടതാണ്.

(5) ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി 2027 മാർച്ച് 31-നകം എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്കായി ഉപനിയമങ്ങൾ രൂപീകരിക്കേണ്ടതാണ് ;

(6) കാലാകാലങ്ങളിൽ ഉചിതമെന്ന് തോന്നുന്ന ഉപയോക്തൃ ഫീസ് നിർദ്ദേശിക്കേണ്ടതും, മാലിന്യ ഉത്പാദകരിൽനിന്ന് സ്വന്തമായി അല്ലെങ്കിൽ ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത ഏജൻസി മുഖേന ഫീസ് ഈടാക്കേണ്ടതുമാണ്;

(7) പേപ്പറുകൾ, വാട്ടർ ബോട്ടിലുകൾ, മദ്യക്കുപ്പികൾ, സോഫ്റ്റ് ഡ്രിങ്ക് ക്യാനുകൾ, ടെട്രാ പാക്കുകൾ, പഴത്തൊലി, റാപ്പറുകൾ തുടങ്ങിയ

യാതൊരുവിധ മാലിന്യങ്ങളും തെരുവുകളിലോ, തുറസ്സായ പൊതുസ്ഥലങ്ങളിലോ, അഴുക്കുചാലുകളിലോ, ജലാശയങ്ങളിലോ വലിച്ചെറിയുകയോ അലക്ഷ്യമായി തള്ളുകയോ ചെയ്യരുതെന്നും, മാലിന്യങ്ങൾ കത്തിക്കുകയോ കുഴിച്ചിടുകയോ ചെയ്യരുതെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യം ഉത്പാദകർക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ, ഈ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ മാലിന്യങ്ങൾ ഉറവിടത്തിൽ വെച്ചുതന്നെ തരംതിരിക്കേണ്ടതും, അങ്ങനെ തരംതിരിച്ച മാലിന്യങ്ങൾ തദ്ദേശ സ്ഥാപനം ചുമതലപ്പെടുത്തിയിട്ടുള്ള മൂന്നാം കക്ഷിക്കോ മാലിന്യശേഖർത്താക്കൾക്കോ കൈമാറേണ്ടതുമാണ് .

(8) ഖരമാലിന്യങ്ങൾ സ്വന്തമായോ ഏജൻസികളെ ഉൾപ്പെടുത്തിയോ തരംതിരിക്കൽ, ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും സജ്ജീകരിക്കുകയും ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും. ഖരമാലിന്യ പരിപാലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും, ഫെസിലിറ്റികളുടെയും ജിയോ-ടാഗിംഗ് (ഭൗമസ്ഥാന മാപ്പിംഗ്) ഉറപ്പാക്കേണ്ടതുമാണ്.

(9) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാരപരിധിക്കുള്ളിൽ കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ ആയ രീതിയിൽ ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ ഖരമാലിന്യ സംസ്കരണം നൂറു ശതമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(10) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഒരു വർഷം ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെയും അവിടെ പരമ്പരാഗത മാലിന്യങ്ങളുടെയും (legacy waste) അളവ് തിട്ടപ്പെടുത്തൽ അടുത്ത

സാമ്പത്തിക വർഷം ജൂൺ 30-നകം നടത്തേണ്ടതാണ്. കൂടാതെ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യത്തിന്റെ അളവ് മുൻകൂട്ടി കണക്കാക്കേണ്ടതുമാണ് .

(11) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശേഖരണം, തരംതിരിക്കൽ, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയ്ക്കായി ലഭ്യമായ ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത പോർട്ടലിൽ റിപ്പോർട്ട് ചെയ്യേണ്ടതും, അത് അവരുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

(12) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാരപരിധിക്കുള്ളിൽ ഖരമാലിന്യ സംസ്കരണത്തിനായി നോഡൽ ഓഫീസറെ നിയമിക്കണം.

(13) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കിയ സമയക്രമം അടിസ്ഥാനമാക്കി ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, അത് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

(14) ഖരമാലിന്യ ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം എന്നിവയ്ക്കായുള്ള ഫെസിലിറ്റികൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നടത്തിപ്പും  പരിപാലനവും അടുത്തു വരുന്ന സാമ്പത്തിക വർഷം ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(15) തെരുവ് തൂപ്പുകാരിൽ നിന്ന് ശേഖരിക്കുന്ന മരത്തിന്റെ ഇലകൾ കത്തിക്കരുതെന്നും, അവ പ്രത്യേകം സംഭരിക്കണമെന്നും മാലിന്യം ശേഖരിക്കുന്നവർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ ഏജൻസിക്കോ കൈമാറണമെന്നും എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നിർദ്ദേശിക്കേണ്ടതാണ്;

(16) തെരുവുകൾ, ഇടവഴികൾ, ബൈ-ലെയ്നുകൾ എന്നിവ ദിവസേന തൂത്തുവാരുന്നതിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾ ജനസാന്ദ്രത, വാണിജ്യ പ്രവർത്തനങ്ങൾ, പ്രാദേശിക സാഹചര്യം എന്നിവയെ ആശ്രയിച്ച് പതിവായി, നിശ്ചിത കാലയളവുകളിൽ പ്രത്യേകം ശേഖരിന്നുണ്ടെന്ന് എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതാണ്;

(17) ഖരമാലിന്യം പരിസ്ഥിതി-സൗഹൃദപരമായ രീതിയിൽ അതത് സംസ്കരണ സൗകര്യത്തിലേക്കോ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിലേക്കോ രണ്ടാംഘട്ട സംഭരണ കേന്ദ്രത്തിലേക്കോ കൊണ്ടുപോകുന്നുണ്ടെന്ന് എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതാണ്;

(18) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രാസവളങ്ങളുടെ ഉപയോഗം ഘട്ടം-ഘട്ടമായി നിർത്തലാക്കേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനം പരിപാലിക്കുന്ന എല്ലാ പാർക്കുകളിലും ഉദ്യാനങ്ങളിലും തുടങ്ങിയ സാധ്യമാകുന്നിടത്തെല്ലാം ജൈവവളം ഉപയോഗിക്കേണ്ടതുമാണ്.

(19) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പച്ചക്കറി, പഴം, പുഷ്പം, മാംസം, കോഴി, മത്സ്യം എന്നിവയ്ക്കായുള്ള വിപണികളിൽ നിന്നുള്ള മാലിന്യങ്ങൾ ദിവസേന ശേഖരിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതും, കൂടാതെ മാർക്കറ്റുകളിലോ മാർക്കറ്റുകളുടെ പരിസരത്തോ ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് വികേന്ദ്രീകൃത ജൈവവള പ്ലാന്റ്, അല്ലെങ്കിൽ ബയോ-മെത്തനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

(20) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാരപരിധിയിലുള്ള എല്ലാ രജിസ്റ്റർ ചെയ്ത ബയോമെത്തനേഷൻ പ്ലാന്റുകളുടെയും മാലിന്യോർജ്ജ-ഉത്പാന പ്ലാന്റുകൾ, സാനിറ്ററി ലാൻഡ്ഫില്ലുകൾ, ഖരമാലിന്യ-സംസ്കരണ ഫെസിലിറ്റികൾ എന്നിവയുടെയും ആസ്തിവിവര പട്ടിക തയ്യാറാക്കേണ്ടതും, ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യേണ്ടതുമാണ്. എല്ലാ വർഷവും മാർച്ച് 31-നകം ഈ വിവരങ്ങൾ നാളതീകരിക്കേണ്ടതുമാണ്.

(21) ഗതാഗത വാഹനങ്ങളിലേക്ക് നേരിട്ട് മാലിന്യം കയറ്റുന്നത് സൗകര്യപ്രദമല്ലാത്ത സാഹചര്യങ്ങളിൽ, തെരുവ് തൂത്തുവാരൽ, ഉപരിതല അഴുക്കുചാലുകളിൽ നിന്ന് നീക്കം ചെയ്ത എക്കൽമണ്ണ് എന്നിവ താൽക്കാലികമായി സംഭരിക്കുന്നതിനായി എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരു അടച്ചുമൂടിയ രണ്ടാംഘട്ട സംഭരണ സൗകര്യം സ്ഥാപിക്കേണ്ടതാണ്. അങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരം കൃത്യമായ ഇടവേളകളിൽ ശേഖരിച്ചു സംസ്കരിക്കുകയും എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

(22) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹോർട്ടികൾച്ചർ മാലിന്യങ്ങൾ, പാർക്കുകളിലെയും പൂന്തോട്ടങ്ങളിലെയും മാലിന്യങ്ങൾ എന്നിവ വെവ്വേറെ ശേഖരിച്ച് അവ പാർക്കുകളിലും ഉദ്യാനങ്ങളിലും

കഴിയുന്നത്രയും കമ്പോസ്റ്റ് ജൈവവളമാക്കി മാറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, അല്ലെങ്കിൽ നിർദ്ദിഷ്ട സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സംസ്കരിക്കേണ്ടതുമാണ്. എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുകയും അവ നാളതീകരിക്കുകയും വേണം.

(23) എല്ലാ നഗര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും വേർതിരിക്കപ്പെട്ട ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് പ്ലാന്റ്, ബയോ-മെത്തനേഷൻ പ്ലാന്റ് അല്ലെങ്കിൽ അത്തരം ഏതെങ്കിലും ജൈവ-വിഘടിത മാലിന്യ-സംസ്കരണ കേന്ദ്രം പോലെയുള്ള സംസ്കരണ കേന്ദ്രങ്ങളിലേക്കു കൊണ്ടുപോകുന്നുവെന്ന് ഉറപ്പാക്കണം; ജൈവ മാലിന്യത്തിന്റെ ഓൺസൈറ്റ് സംസ്കരണത്തിന് മുൻഗണന നൽകേണ്ടതുമാണ്.

(24) എല്ലാ നഗര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മാലിന്യ സംസ്കരണത്തിലും, വീട്ടുവളപ്പ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് ഉത്പാദനം, സമൂഹ-തലത്തിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും, ദുർഗന്ധ നിയന്ത്രണവും ഫെസിലിറ്റിയുടെ ചുറ്റുമുള്ള ശുചിത്വ സാഹചര്യങ്ങൾ നിലനിർത്തുന്നതും ഉറപ്പാക്കിക്കൊണ്ട്, സമൂഹങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്.

(25) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സാനിറ്ററി ലാൻഡ്ഫില്ലുകൾ ഉൾപ്പെടെ പ്രതിദിനം അഞ്ച് മെട്രിക് ടണ്ണിൽ കൂടുതൽ മാലിന്യം, അവരുടെ അധികാരപരിധിയിലെ പ്രദേശങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ, മാലിന്യസംസ്കരണം, ശുദ്ധീകരണം, അല്ലെങ്കിൽ നിർമ്മാർജ്ജന ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ഫാറം I-ൽ അപേക്ഷിക്കേണ്ടതാണ്.

(26) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനുമതി പുതുക്കുന്നതിനുള്ള അപേക്ഷ അനുമതിയുടെ സാധുത അവസാനിക്കുന്നതിന് കുറഞ്ഞത് അറുപത് ദിവസം മുമ്പ് ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതാണ്..

(27) എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുടർന്നുള്ള വർഷം ജൂൺ 30-ന് മുമ്പോ അതിനുമുമ്പോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ഫാറം IV-ൽ വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതും, അതിന്റെ പകർപ്പ് സംസ്ഥാന നഗര വികസന വകുപ്പിനോ ഗ്രാമവികസന വകുപ്പിനോ അതത് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ സമിതിക്കോ, മറ്റ് കാര്യങ്ങൾ ഉൾപ്പെടെ താഴെപ്പറയുന്നവയും ഉൾപ്പെടുത്തി നൽകേണ്ടതുമാണ് : -

(i) പരമ്പരാഗത ഖരമാലിന്യം ഉൾപ്പെടെ ഒരു വർഷം ഉത്പാദിപ്പിക്കുന്ന ഖരമാലിന്യം;

(ii) ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്കായി ലഭ്യമായ ഖരമാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ;

(iii) ഉത്പാദിപ്പിക്കുന്ന ഖരമാലിന്യത്തിന്റെ പ്രതീക്ഷിത കണക്ക് ;

(iv) ഉപനിയമങ്ങൾ രൂപപ്പെടുത്തുന്നതിലും നടപ്പിലാക്കുന്നതിലുമുള്ള തത്സ്ഥിതി

(v) കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ ആയ രീതിയിൽ വൻകിട മാലിന്യ ഉത്പാദകർ വഴിയുള്ള മാലിന്യ നിർമ്മാർജ്ജനം.

(28) എല്ലാ നഗര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും, കരാർ തൊഴിലാളികൾ, സൂപ്പർവൈസർമാർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക്, വേർതിരിക്കപ്പെടുന്ന മാലിന്യങ്ങൾ വീടുതോറും ശേഖരിച്ചു പ്രാഥമിക ശേഖരണത്തിനും രണ്ടാംഘട്ട ശേഖരണത്തിനും സംസ്കരണ, അല്ലെങ്കിൽ നിർമ്മാർജ്ജന കേന്ദ്രത്തിലേക്കും അയക്കുന്നതിനും മുമ്പ് വിവിധ തരം മാലിന്യങ്ങൾ കൂടിക്കലരാൻ ഇടവരാതെ കൊണ്ടുപോകുന്നതിന് ബോധവൽക്കരണം നൽകേണ്ടതും, ഈ കാര്യത്തിൽ വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(29) ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഒരു സ്ഥാപനത്തിന്റെ ഓപ്പറേറ്റർ യൂണിഫോം, ഫ്ലൂറസെന്റ് ജാക്കറ്റ്, കയ്യുറകൾ, റെയിൻകോട്ട്, യോജിച്ച പാദരക്ഷകൾ, മാസ്കുകൾ എന്നിവയുൾപ്പെടെയുള്ള വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ നൽകുന്നുണ്ടെന്നും, അവ തൊഴിലാളികൾ ഉപയോഗിക്കുന്നുണ്ടെന്നും എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതും, ഈ കാര്യത്തിൽ വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(30) ഒരു ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റിയുടെയോ മാർക്കറ്റ് കോംപ്ലക്സിന്റെയോ കെട്ടിട നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ, വേർതിരിച്ച മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, തരംതിരിക്കലിനും സംഭരണത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കെട്ടിടത്തിന്റെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതും, വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(31) ഈ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനത്തിന്, വൻ തോതിലുള്ള മാലിന്യ ഉത്പാദകർക്കോ മാലിന്യങ്ങൾ തള്ളുന്നവർക്കോ ഈ

ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്കോ, സ്പോട്ട്-ഫൈൻ ഈടാക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർദ്ദേശിക്കേണ്ടതും, ഉദ്യോഗസ്ഥർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ അവരുടെ ഉപനിയമങ്ങൾ പ്രകാരം സ്പോട്ട് ഫൈൻ ഈടാക്കുന്നതിനുള്ള അധികാരം ഏൽപ്പിച്ചു കൊടുക്കേണ്ടതും, ഇതുമായി ബന്ധപ്പെട്ട് വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(32) എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവര-വിദ്യാഭ്യാസ-ആശയവിനിമയ പ്രവർത്തികളിലൂടെ പൊതുജന അവബോധം സൃഷ്ടിക്കുകയും, മാലിന്യ ഉത്പാദകരെ ഇനിപ്പറയുന്ന കാര്യങ്ങളിൽ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്,: -

(a) മാലിന്യം വലിച്ചെറിയരുത് ;

(b) മാലിന്യ ഉത്പാദനം കുറയ്ക്കുക;

(c) മാലിന്യം കഴിയുന്നത്ര പുനരുപയോഗിക്കുക;

(d) മാലിന്യത്തെ ജൈവ, അജൈവ (പുന:ചംക്രമണ യോഗ്യമായവ, പുന:ചംക്രമണ യോഗ്യമാല്ലത്തവ) സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം എന്നിങ്ങനെ തരംതിരിക്കുന്നത് പരിശീലിക്കുക;

(e) വീട്ടിലെ ജൈവവളം നിർമ്മാണം, മണ്ണിര കംപോസ്റ്റ് നിർമ്മാണം, ബയോഗ്യാസ് ഉത്പാദനം അല്ലെങ്കിൽ കമ്മ്യൂണിറ്റി തലത്തിലുള്ള ജൈവവളം നിർമ്മാണം എന്നിവ പരിശീലിക്കേണ്ടതാണ്.

(f) ഉപയോഗിച്ച സാനിറ്ററി മാലിന്യങ്ങൾ ഉണ്ടാകുന്ന സമയത്തുതന്നെ, ബ്രാൻഡ് ഉടമകൾ നൽകിയിട്ടുള്ള പൗച്ചുകളിലോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിച്ചിട്ടുള്ള അനുയോജ്യമായ മറ്റ് സാമഗ്രികളിലോ സുരക്ഷിതമായി പൊതിയേണ്ടതാണ് ;

(g) തരംതിരിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ വ്യത്യസ്ത ബിന്നുകളിൽ സൂക്ഷിക്കേണ്ടതാണ് ;

(h) തരംതിരിക്കപ്പെടുന്ന മാലിന്യങ്ങൾ, ആക്രിക്കാർ, മാലിന്യം ശേഖരിക്കുന്നവർ, പുന:ചംക്രമണം നടത്തുന്നവർ, അല്ലെങ്കിൽ മാലിന്യ ശേഖരണ ഏജൻസികൾ എന്നിവർക്ക് കൈമാറേണ്ടതും,

(i) ഖരമാലിന്യ സംസ്കരണത്തിന്റെ സുസ്ഥിരതയ്ക്കായി മാലിന്യം ശേഖരിക്കുന്നവർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും വ്യക്തിക്കോ എജൻസിക്കോ പ്രതിമാസ ഉപയോക്തൃ ഫീസോ ചാർജുകളോ നൽകേണ്ടതുമാണ്.

(33) റോഡ് തൂത്തുവാരുന്ന പൊടിയും ജൈവ മാലിന്യവും കലർത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരോധിക്കേണ്ടതാണ്. ലാൻഡ്ഫില്ലിൽ ശേഖരിച്ചു നിക്ഷേപിക്കുന്ന റോഡ് തൂത്തു വാരുന്ന പൊടിയെ സംബന്ധിക്കുന്ന വിവരങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ലാൻഡ്ഫിൽ ഓപ്പറേറ്റർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(34) അഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പ്രകാരം, ഭൗമസ്ഥാന നിർണ്ണയ ഫെസിലിറ്റി (ജിയോ-ടാഗിംഗ്) ഉപയോഗിച്ച് ശേഖരണ വാഹനങ്ങളെ ട്രാക്ക് ചെയ്യുന്നതിനും ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ മാപ്പിംഗിനും ഡിജിറ്റൽ, വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യ-സംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമായി കേന്ദ്ര കൺട്രോൾ റൂമുകൾ സ്ഥാപിക്കണം.

(35) ഔദ്യോഗിക ഗസറ്റിൽ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, ഓൺലൈൻ ഫെസിലിറ്റി ഉൾപ്പെടെ ഖരമാലിന്യ സംസ്കരണത്തിനായി ഒരു പരാതി പരിഹാര സംവിധാനം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്. പരാതികളുടെ അവസ്ഥ സംബന്ധിച്ച് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അടുത്തുവരുന്ന സാമ്പത്തിക വർഷം ജൂൺ 30-നകം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്യണം.

(36) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശദമായ സർവേയിലൂടെ വൻകിട മാലിന്യ ഉത്പാദകരെ തിരിച്ചറിയുകയും, എല്ലാ വർഷവും ഏപ്രിൽ 1-നകം പോർട്ടലിലെ പട്ടിക നാളതീകരിക്കുകയും, ചെയ്യേണ്ടതാണ്. തിരിച്ചറിയപ്പെടുന്ന വൻകിട മാലിന്യ ഉത്പാദകരെ ഭൗമസ്ഥാന നിർണ്ണയ ഫെസിലിറ്റി (ജിയോ-ടാഗ്ഗിംഗ്) ഉപയോഗിച്ച് ഡിജിറ്റലായി അടയാളപ്പെടുത്തണം. വൻതോതിൽ മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരെയും, ഹോട്ടലുകളെയും, റോഡരികിലെ ഭക്ഷണശാലകളെയും, വാണിജ്യ, അല്ലെങ്കിൽ സ്ഥാപന പരിസരങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടയാളപ്പെടുത്തേണ്ടതാണ്.

(37) ദീർഘകാല സുസ്ഥിരതയും ഉറപ്പായ സേവന വിതരണവും ഉറപ്പാക്കുന്നതിന് വൻകിട മാലിന്യ ഉത്പാദകരിൽനിന്ന് ഈടാക്കുന്ന ഖരമാലിന്യ സംസ്കരണത്തിന്റെ പ്രവർത്തനവും പരിപാലനവും കണക്കിലെടുത്ത്, വൻകിട മാലിന്യ ഉത്പാദകർക്കുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റിനുള്ള ചെലവ് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരസ്യപ്പെടുത്തേണ്ടതാണ്. ബൈ-ലോയിലുള്ള അനുയോജ്യമായ പിഴ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അറിയിക്കേണ്ടതാണ്.

(38) താഴെ നൽകിയിരിക്കുന്ന പദ്ധതി പ്രകാരം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനം, വൻകിട മാലിന്യ ഉത്പാദകർക്ക് വൻകിട മാലിന്യ ഉത്പാദകർക്കുള്ള EBWGRC ( Extended Bulk Waste Generator Responsibility Certificate) നൽകേണ്ടതാണ്;

(i) വൻ തോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർക്ക് അവരിൽനിന്ന് ഫീസ് വാങ്ങിക്കൊണ്ട് മൊത്തം ഖരമാലിന്യത്തിന് (ജൈവമാലിന്യം, അജൈവ മാലിന്യം, സാനിറ്ററി മാലിന്യം, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യം) വൻകിട മാലിന്യ ഉത്പാദകർക്കുള്ള EBWGRC ( Extended Bulk Waste Generator Responsibility Certificate) നൽകേണ്ടതാണ്;

(ii) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് ഭവന, നഗരകാര്യ മന്ത്രാലയവുമായും കുടിവെള്ള-ശുചിത്വകാര്യ വകുപ്പുമായും കൂടിയാലോചിച്ച്, സംസ്ഥാന, അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശ സർക്കാരിന്റെ അംഗീകാരത്തിനുശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉപനിയമങ്ങളിലോ സമുചിത നിയമങ്ങളിലോ EBWGRC ( Extended Bulk Waste Generator Responsibility Certificate) ലഭിക്കുന്നതിനുള്ള ചെലവ് പരസ്യപ്പെടുത്തേണ്ടതാണ് ;

(iii) വൻ തോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്നവർക്ക് നൽകുന്ന EBWGRC (Extended Bulk Waste Generator Responsibility Certificate) സർട്ടിഫിക്കറ്റിൽ, അവർ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യത്തിന്റെ വിശദമായ തരംതിരിവ് വ്യക്തമാക്കാവുന്നതാണ്. ജൈവമാലിന്യത്തിന്റെയും സാനിറ്ററി മാലിന്യത്തിന്റെയും കാര്യത്തിൽ, അവ സംസ്കരണത്തിനായി കൈമാറിയിട്ടുള്ള രജിസ്റ്റർ ചെയ്ത മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഖരമാലിന്യത്തിന്റെ കാര്യത്തിൽ, അത്

കൈമാറിയിട്ടുള്ള രജിസ്റ്റർ ചെയ്ത പുനരുപയോഗ ഏജൻസികളുടെ വിവരങ്ങളും ഇതിൽ നൽകേണ്ടതാണ് ;

(iv) വൻതോതിലുള്ള  മാലിന്യ ഉത്പാദകരിൽ  നിന്ന് ശേഖരി ക്കുന്ന മാലിന്യം ഈ ചട്ടങ്ങൾക്കനുസൃതമായി സംസ്കരിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കണം.

(V)വിവിധ തരം വൻതോതിലുള്ള  മാലിന്യ ഉത്പാദകർ ഉത്പാദിപ്പിക്കുന്ന യഥാർത്ഥ മാലിന്യത്തിന്റെ ഓഡിറ്റ് കാലാകാലങ്ങളിൽ നടത്തേണ്ടതും, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി, ഉത്പാദിപ്പിക്കുന്ന യഥാർത്ഥ മാലിന്യത്തിന്റെ വിശദാംശങ്ങൾ, അവ ഒത്തുനോക്കുന്നതിനും, സമന്വയിപ്പിക്കുന്നതിനും സംസ്ഥാനത്തു നിന്നോ കേന്ദ്ര പ്രദേശത്തു  നിന്നോ കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് ഉചിതമായ ശിപാർശകൾ  സമർപ്പിക്കുന്നതിനുമായി സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന് സമർപ്പിക്കേണ്ടതുമാണ്.

(39) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സ്ഥാപനങ്ങളുടെ ശരാശരി മാലിന്യ ഉത്പാദനത്തെ അടിസ്ഥാനമാക്കി വാർഷികാടിസ്ഥാനത്തിൽ ഓൺലൈൻ പോർട്ടലിൽ നഗര, അല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ ഓരോ വാർഡിലെയും ഖരമാലിന്യ ഉത്പാദനം ഏറ്റെടുക്കേണ്ടതും  റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(40) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് വികസിപ്പിച്ചെടുത്ത ഒരു കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ഖരമാലിന്യ ഉത്പാദനത്തെയും ശേഖരണത്തെയും കുറിച്ച് നഗര തദ്ദേശ സ്ഥാപനങ്ങൾ പ്രതിമാസാടിസ്ഥാനത്തിൽ റിപ്പോർട്ട് നൽകേണ്ടതാണ്.

(41) നഗര തദ്ദേശ സ്ഥാപനങ്ങൾ മേഖലാടിസ്ഥാനത്തിൽ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതും, ഉചിതമായ ഇടങ്ങളിൽ, സമൂഹ്യ പങ്കാളിത്തത്തിലൂടെ, വ്യക്തിഗത സമൂഹങ്ങളിൽനിന്നോ യൂണിറ്റുകളിൽനിന്നോ, വേർതിരിക്കപ്പെട്ട ജൈവ മാലിന്യം ശേഖരിച്ചു ഈ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് യൂണിറ്റുകളിൽ സംസ്കരിക്കേണ്ടതാണ്;

(42) ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷനുകൾ, മെട്രോ സ്റ്റേഷനുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയുടെ പരിസരങ്ങളിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ എണ്ണം ബിന്നുകൾ ഉണ്ടായിരിക്കേണ്ടതാണ് .

(43) നഗര തദ്ദേശ സ്ഥാപനങ്ങൾ സ്വന്തമായി, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ മാലിന്യ ഉത്പാദനത്തിന്റെ അളവ് അടിസ്ഥാനമാക്കി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കേണ്ടതും, എല്ലാ വർഷവും ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതും നാളതീകരിക്കേണ്ടതുമാണ്.

(44) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കണക്കിലെടുത്ത് സ്വന്തം നിലയിലോ അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലോ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ, ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും പുതുക്കുകയും ചെയ്യേണ്ടതുമാണ് .

(45) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ-സംസ്കരണ കേന്ദ്രങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവ സ്വന്തമായി, അല്ലെങ്കിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ, അല്ലെങ്കിൽ ഭവന, നഗരകാര്യ മന്ത്രാലയവും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട്, ഖരമാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ പരമാവധി ഉപയോഗത്തിനായി ഏതെങ്കിലും ഏജൻസി വഴി നടത്തേണ്ടതാണ്. ഗതാഗതച്ചെലവും പാരിസ്ഥിതിക ആഘാതങ്ങളും കുറയ്ക്കുന്നതിന് വികേന്ദ്രീകൃത സംസ്കരണത്തിന് മുൻഗണന നൽകണം.

സ്വീകരിക്കാവുന്ന സംസ്കരണ സാങ്കേതികവിദ്യകളിൽ ഇവ ഉൾപ്പെടുന്നു:

(a) ബയോ-മെത്തനേഷൻ, മൈക്രോബിയൽ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, നിർവായു ജൈവ-വിഘടന അല്ലെങ്കിൽ ജൈവ-വിഘടിത മാലിന്യങ്ങളുടെ ജൈവിക സ്ഥിതീകരണത്തിനായുള്ള മറ്റേതെങ്കിലും ഉചിതമായ സംസ്കരണം;

(b) മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്രക്രിയകൾ നടപ്പിലാക്കേണ്ടതാണ്. ഇതിൽ കത്താൻ സാധ്യതയുള്ള മാലിന്യങ്ങളിൽ നിന്നുള്ള റഫ്യൂസ് ഡിറൈവ്ഡ് ഫ്യുവൽ (Refused Derived Fuel - RDF) നിർമ്മാണം, അല്ലെങ്കിൽ ഇവ ഖരമാലിന്യ അധിഷ്ഠിത വൈദ്യുത നിലയങ്ങൾക്കോ, സിമന്റ് ചൂളകൾക്കോ, ഫർണസുകൾ ഉപയോഗിക്കുന്ന മറ്റ് വ്യാവസായിക പ്രക്രിയകൾക്കോ അസംസ്കൃത വസ്തുവായി വിതരണം ചെയ്യൽ എന്നിവ ഉൾപ്പെടുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനും ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തിയതിനും ശേഷം മാത്രമേ ഇത്തരം പ്രക്രിയകൾ നടത്താൻ പാടുള്ളൂ

(46) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീടുകളിൽനിന്നും ചേരികളിൽനിന്നും അനൗപചാരിക വാസസ്ഥലങ്ങളിൽനിന്നും, വാണിജ്യ, സ്ഥാപന, മറ്റ് പാർപ്പിടേതര പരിസരങ്ങളിൽ നിന്നും, ബഹുനിലക്കെട്ടിടങ്ങൾ, വലിയ വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, ഭവന സമുച്ചയങ്ങൾ മുതലായവയിൽനിന്നും അജൈവ മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിവ വേർതിരിക്കപ്പെട്ട ഖരമാലിന്യവുമായി കലർത്താത്ത വിധത്തിൽ, അറകളായി തിരിക്കപ്പെട്ടതും അടച്ചുറപ്പുള്ളതുമായ വാഹനങ്ങളിൽ ശേഖരിച്ചു കൊണ്ടുപോകേണ്ടതാണ്. ഖരമാലിന്യം കൂടിക്കലരാത്ത വിധത്തിൽ, സ്വന്തം നിലയിലോ മൂന്നാം കക്ഷി വഴിയോ അതത് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

(47) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുന:ചംക്രമണ യോഗ്യമായ വസ്തുക്കൾ സംഭരിക്കുന്നതിനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ നിന്ന്, തരംതിരിക്കപ്പെട്ട പുന:ചംക്രമണം ചെയ്യപ്പെട്ട വസ്തുക്കൾ അംഗീകൃത പുന:ചംക്രമണക്കാർക്ക് ശേഖരിക്കുന്നതിനും മതിയായ സ്ഥലമുള്ള മെറ്റീരിയൽ റിക്കവറി കേന്ദ്രങ്ങളോ രണ്ടാംഘട്ട സംഭരണ സൌകര്യങ്ങളോ സ്ഥാപിക്കേണ്ടതാണ്.

(48) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കോ മൂന്നാം കക്ഷി മുഖേനയോ ഖരമാലിന്യ ശേഖരണത്തിനും, പ്രത്യേകിച്ച് പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, ഒരു നഗരത്തിലോ പട്ടണത്തിലോ നിക്ഷേപ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, അഞ്ച് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലോ അതിന്റെ ഒരു ഭാഗത്തോ ഒരു കേന്ദ്രം സ്ഥാപിച്ച് സേവനങ്ങൾ

നൽകണം. അത്തരം കേന്ദ്രങ്ങളിൽ പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയക്രമം പരസ്യപ്പെടുത്തുകയും, മാലിന്യ ഉത്പാദകർ സുരക്ഷിതമായി സംസ്കരിക്കുന്നതിനായി ഈ കേന്ദ്രങ്ങളിൽ പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ കൈമാറുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

(49) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കാനാകാത്തതും, പുന:ചംക്രമണണയോഗ്യമല്ലാത്തതും ജൈവ വിഘടിതമല്ലാ ത്തതും, കത്തി ചാമ്പലാകാത്തതും, പ്രതി-പ്രവർത്തനക്ഷമമ ല്ലാത്തതുമായ നിഷ്ക്രിയ മാലിന്യങ്ങളും, സംസ്കരണ കേന്ദ്രങ്ങളിൽ നിന്നുള്ള സംസ്കരണ-പൂർവ നിരസിത മാലിന്യങ്ങളും അവശിഷ്ടങ്ങളും മാത്രമേ സാനിറ്ററി ലാൻഡ്ഫില്ലിലേക്ക് കൊണ്ടുപോകുന്നത് അനുവദിക്കാൻ പാടുള്ളൂ. സാനിറ്ററി ലാൻഡ്ഫിൽ സ്ഥലങ്ങൾ ഷെഡ്യൂൾ II-ൽ നൽകിയിരിക്കുന്ന പ്രത്യേക നിബന്ധനകൾ പാലിക്കേണ്ടതാണ്. എന്നിരുന്നാലും, ലാൻഡ്ഫില്ലിലേക്ക് മാലിന്യം കൊണ്ടു പോകുന്നില്ല, എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിരസിത മാലിന്യങ്ങൾ പുന:ചംക്രമണത്തിന് വിധേയമാക്കാനോ പുനരുപയോഗിക്കാനോ ഉള്ള എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

(50) മാലിന്യ-സംസ്കരണ യൂണിറ്റ് ഓപ്പറേറ്ററും ലാൻഡ്ഫിൽ ഓപ്പറേറ്ററും സമർപ്പിക്കുന്ന വാർഷിക റിട്ടേണിൽ ടിപ്പിംഗ് ഫീസ് അടച്ചതായുള്ള (മാലിന്യ നിർമ്മാർജ്ജന ഫീസ്) റിപ്പോർട്ട് നൽകേണ്ടതാണ്.

(51) ജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള പൊതുസ്ഥലങ്ങളിലെ ബിന്നുകൾ പച്ച നിറത്തിലും, അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള ബിന്നുകൾ നീല നിറത്തിലും പെയിന്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും, ആവശ്യമെങ്കിൽ പൊതു ശൗചാലയങ്ങളിൽ

ചുവപ്പ് നിറത്തിൽ പെയിന്റ് ചെയ്ത ബിന്നുകൾ സാനിറ്ററി മാലിന്യത്തിനായി സ്ഥാപിച്ചിട്ടുണ്ടെന്നും നഗര തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

(52) നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അതത് സംസ്ഥാന അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന്, ഓരോ തദ്ദേശ സ്ഥാപന പരിധിയിലുമുള്ള റഫ്യൂസ് ഡിറൈവ്ഡ് ഫ്യുവൽ (RDF) പ്ലാന്റുകളുടെ വിവരങ്ങൾ, അവയുടെ ഉത്പാദന ശേഷി, വ്യവസായങ്ങൾ ഇവ എത്രത്തോളം ഉപയോഗിക്കുന്നു അല്ലെങ്കിൽ വാങ്ങുന്നു എന്നതുൾപ്പെടെയുള്ള കണക്കുകൾ സഹിതം ഭൂപടത്തിൽ രേഖപ്പെടുത്തേണ്ടതാണ് .

(53) ആക്രിക്കാർ, അല്ലെങ്കിൽ മാലിന്യ ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, ഗതാഗതം, സംസ്കരണം, അല്ലെങ്കിൽ പുന:ചംക്രമണം, അല്ലെങ്കിൽ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർ പോലെയുള്ള അനൗപചാരിക മേഖലയിലുള്ളവർ ഉൾപ്പെടെ യുള്ള എല്ലാ വ്യക്തികളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടതും നഗര തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

(54) മാലിന്യശേഖരണം നടത്തുന്നവരെയോ അനൗദ്യോഗിക മാലിന്യശേഖരണക്കാരെയോ തിരിച്ചറിയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു സംവിധാനം രൂപീകരിക്കേണ്ടതും, അവർക്കോ അവരെ പ്രതിനിധീകരിക്കുന്ന സംഘടനകൾക്കോ അംഗീകാരം നൽകിക്കൊണ്ട് അവരെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കേണ്ടതുമാണ്. വീടുവീടാന്തരമുള്ള മാലിന്യശേഖരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ അവരുടെ

പങ്കാളിത്തം ഉറപ്പാക്കുകയും, ഈ വിവരങ്ങൾ കേന്ദ്രീകൃത പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. .

**40. ഗ്രാമപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ** — (1) ഗ്രാമപ്രദേശങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ പരിസ്ഥിതിയുടെ ഗുണനിലവാരം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഈ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഉത്തരവാദികളാണ്.

(2) ജില്ലാ പഞ്ചായത്ത്,-

(i) സംസ്ഥാന നയത്തിന്റെയും പ്രവർത്തനപദ്ധതിയുടെയും അടിസ്ഥാനത്തിൽ വിജ്ഞാപനത്തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള സംസ്ഥാന നയത്തിന്റെയും തന്ത്രത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിശ്ചിത പ്രോഫോർമയിൽ ഖരമാലിന്യ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതും, അതിൽ, മറ്റുള്ളവയോടൊപ്പം, താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്:

(a) ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ വാർഡ് തിരിച്ചുള്ള മൊത്തം മാലിന്യ ഉത്പാദനം;

(b) മാലിന്യ ഉത്പാദനത്തിനായുള്ള അഞ്ച് വർഷത്തെ പ്രതീക്ഷിത കണക്ക്.

(c) ശേഖരണവും (പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ ഉൾപ്പെടെ) ഗതാഗത പദ്ധതിയും;

(d) ഖരമാലിന്യ-സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ മാപ്പിംഗ്;

(e) മാർക്കറ്റ് സ്ഥലങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, മതപരമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ പോലെയുള്ള സാമൂഹ്യസേവന അടിസ്ഥാന സൗകര്യങ്ങളുടെ മാപ്പിംഗ് ;

(f) മാലിന്യക്കൂനയാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യ-സംസ്കരണ യൂണിറ്റിലേക്കും മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ഹോട്ട്-സ്പോട്ടുകളിലേക്കും മാലിന്യം ശേഖരിച്ചു കൊണ്ടുപോകുന്നതിനുമുള്ള പദ്ധതി;

(g) ജലാശയങ്ങളിലേക്ക് ഖരമാലിന്യങ്ങൾ പ്രവേശിക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗും, ഉചിതമായ തടസ്സങ്ങൾ സ്ഥാപിച്ച് ജലാശയങ്ങളിൽ ഖരമാലിന്യം പ്രവേശിക്കുന്നത് തടയുന്നതിനുള്ള പദ്ധതിയും ;

(h) ജലാശയങ്ങളുടെ ഉപരിതലത്തിലും അഴുക്കുചാലുകളിലും ഒഴുകിനടക്കുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കുന്നതിനുള്ള സമയക്രമം ;

(i) നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി തെരുവ് തൂത്തുവാരുന്നതിനും മാലിന്യ സംഭരണികൾ സ്ഥാപിക്കുന്നതിനുമുള്ള ഷെഡ്യൂൾ;

(j) റെയിൽവേ ഭൂമിയും മറ്റ് പൊതു അധികാരികളുടെ കൈവശമുള്ള ഭൂമിയും ഉൾപ്പെടെ, ഖരമാലിന്യം അലക്ഷ്യമായി തള്ളാൻ സാധ്യതയുള്ള പൊതു ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ ഉള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമികളുടെ ഭൂപടം തയ്യാറാക്കൽ;

(k) മാലിന്യശേഖരണം, ഗതാഗതം, തരംതിരിക്കൽ, സംഭരണം, സംസ്കരണത്തിനും പുനരുപയോഗത്തിനും മുൻപുള്ള സൂക്ഷിക്കൽ (ജൈവ/അജൈവ മാലിന്യങ്ങൾ ഉൾപ്പെടെ), പരിസ്ഥിതി സൗഹൃദമായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് ആവശ്യമായ ഖരമാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ .

(ii) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ, ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിലോ മലിനീകരണ-നിയന്ത്രണ സമിതിയിലോ രജിസ്റ്റർ ചെയ്യേണ്ടതും, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് വികസിപ്പിച്ച കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ഖരമാലിന്യ പ്രവർത്തന പദ്ധതി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(iii) ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് പന്ത്രണ്ട് മാസത്തിനുള്ളിൽ, ജി.പി.എസ് (GPS) ഉപയോഗിച്ച് മാലിന്യശേഖരണ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും ഖരമാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനും, ഡിജിറ്റൽ-വിവരസാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ് ;

(iv) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ഖരമാലിന്യ മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചോ ഫെസിലിറ്റികളെക്കുറിച്ചോ അതിന്റെ അധികാരപരിധിയിലുള്ള യൂണിറ്റുകളെക്കുറിച്ചോ എല്ലാ വർഷവും ജൂൺ 30-നകം സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിനോ മലിനീകരണ-നിയന്ത്രണ സമിതിക്കോ വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതാണ്.

(v) ശേഖരണം, തരംതിരിക്കൽ, സംസ്കരണം എന്നിവയ്ക്കായി ലഭ്യമായ ഖരമാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി അടുത്ത സാമ്പത്തിക വർഷം ജൂൺ 30-നകം അവയുടെ വെബ്സൈറ്റുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(vi) ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലോ മേഖല അടിസ്ഥാനത്തിലോ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. വ്യക്തികളിൽ നിന്നോ മറ്റ് യൂണിറ്റുകളിൽ നിന്നോ തരംതിരിച്ചെടുത്ത ജൈവമാലിന്യങ്ങൾ ശേഖരിക്കുകയും, ഷെഡ്യൂൾ I-ൽ നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച് ഈ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് യൂണിറ്റുകളിൽ സംസ്കരിക്കുകയും ചെയ്യേണ്ടതാണ്

(vii) പുനഃചംക്രമണ യോഗ്യമായ വസ്തുക്കൾ സംഭരിക്കുന്നതിനും ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പ്രകാരം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ നിന്ന് തരംതിരിച്ച പുനഃചംക്രമണ യോഗ്യമായ വസ്തുക്കൾ അംഗീകൃത റീസൈക്കിൾ ഏജൻസികൾക്ക് ശേഖരിക്കുന്നതിനും മതിയായ ഇടമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളോ രണ്ടാംഘട്ട സംഭരണ കേന്ദ്രങ്ങളോ. ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ജില്ലാ പഞ്ചായത്തുകൾ സ്വന്തമായി, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ മാലിന്യ ഉത്പാദനത്തിന്റെ അളവ് അടിസ്ഥാനമാക്കി സ്ഥാപിക്കേണ്ടതും, എല്ലാ വർഷവും ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും നാളതീകരിക്കേണ്ടതുമാണ്.

(viii) അത്തരം എല്ലാ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളും, തങ്ങൾക്ക് ലഭിച്ച മാലിന്യത്തിന്റെ അളവ്, തരംതിരിച്ച മാലിന്യത്തിന്റെ ലഭ്യത, അവ റീസൈക്കിൾ ചെയ്യുന്നവർക്കോ അല്ലെങ്കിൽ ഇൻസിനറേറ്ററുകൾ, സിമന്റ് ചൂളകൾ തുടങ്ങിയ അന്തിമ നിർമ്മാർജ്ജന കേന്ദ്രങ്ങൾക്കോ കൈമാറുന്ന വിവരങ്ങൾ എന്നിവ ഓരോ മൂന്ന് മാസം കൂടുമ്പോഴും

(Quarterly) കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ് .

(ix) ഖരമാലിന്യ ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം എന്നിവയ്ക്കായുള്ള ഫെസിലിറ്റികൾ, ഉപകരണങ്ങൾ, അടിസ്ഥാന ഫെസിലിറ്റികൾ എന്നിവയുടെ പരിപാലനവും എല്ലാ ജില്ലാതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ റിപ്പോർട്ട് ചെയ്യേണ്ടതും, അടുത്ത സാമ്പത്തിക വർഷം ജൂൺ 30-നകം വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതുമാണ്.

(x) ഖരമാലിന്യ-സംസ്കരണ കേന്ദ്രങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവ സ്വന്തമായി അല്ലെങ്കിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയോ, ഏതെങ്കിലും ഏജൻസി വഴിയോ ഖരമാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ പരമാവധി ഉപയോഗത്തിനായി ഏറ്റെടുക്കുകയോ അതിന് സൗകര്യമൊരുക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ, ഉചിതമായ സാങ്കേതികവിദ്യ സ്വീകരിക്കേണ്ടതും, കുടിവെള്ള-ശുചിത്വകാര്യ വകുപ്പും കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കേണ്ടതുമാണ്.

ഗതാഗതച്ചെലവും പാരിസ്ഥിതിക ആഘാതങ്ങളും കുറയ്ക്കുന്നതിന് വികേന്ദ്രീകൃത സംസ്കരണത്തിന് മുൻഗണന നൽകേണ്ടതാണ്, ഉദാഹരണത്തിന്:-

(a) ബയോ-മെത്തനേഷൻ, മൈക്രോബിയൽ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, നിർവായു ദഹനം (anaerobic digestion), അല്ലെങ്കിൽ

ജൈവ-വിഘടിത മാലിന്യത്തിന്റെ ജൈവ-സ്ഥിരത ഉറപ്പാക്കുന്നതിനായുള്ള മറ്റേതെങ്കിലും ഉചിതമായ സംസ്കരണം;

(b) തിരസ്കൃത മാലിന്യത്തിൽ നിന്ന് നിർമ്മിക്കുന്ന ഇന്ധനം, മാലിന്യത്തിന്റെ കത്തിക്കാവുന്ന ഭാഗങ്ങൾക്കു വേണ്ടിയോ, ഖരമാലിന്യാധിഷ്ഠിത പവർ പ്ലാന്റുകൾ അല്ലെങ്കിൽ സിമന്റ് ചൂളകൾ അല്ലെങ്കിൽ മറ്റ് ചൂളകൾ എന്നിവയിലേക്ക് ഫീഡ്സ്റ്റോക്കായി വിതരണം ചെയ്യുന്നത് ഉൾപ്പെടെയുള്ള മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്രക്രിയകൾ .

(xi) വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, താമസേതര കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, അവ പ്രത്യേകം തരംതിരിച്ച അറകളുള്ള അടച്ചുറപ്പുള്ള വാഹനങ്ങളിൽ അതത് സംസ്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും സൗകര്യമൊരുക്കേണ്ടതാണ് ;

(xii) നിക്ഷേപ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനൊപ്പം, ഖരമാലിന്യങ്ങൾ, പ്രത്യേകിച്ച്, പ്രത്യേക പരിചരണം ആവശ്യമായ മാലിന്യങ്ങൾ, ശേഖരിക്കുന്നതിനുള്ള സേവനങ്ങൾ നൽകേണ്ടതാണ്;

(xiii) ഷെഡ്യൂൾ I-ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പ്രകാരം, ഖരമാലിന്യങ്ങൾ അതത് സംസ്കരണ കേന്ദ്രങ്ങളിലേക്കോ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിലേക്കോ, രണ്ടാംഘട്ട സ്റ്റോറേജ് കേന്ദ്രങ്ങളിലേക്കോ കൊണ്ടുപോകുന്നതിന് സൗകര്യമൊരുക്കേണ്ടതാണ്;

(xiv) ഫോം IV പ്രകാരമുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി അടുത്ത വർഷം ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ

സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാന ഗ്രാമവികസന വകുപ്പിനും അതത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോ മലിനീകരണ നിയന്ത്രണ സമിതിക്കോ അയച്ചു കൊടുക്കേണ്ടതുമാണ് ;

(xv) ഈ ചട്ടങ്ങൾ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഓൺലൈൻ മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനം സ്ഥാപിക്കേണ്ടതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പരാതികളുടെ സ്ഥിതിവിവരക്കണക്കുകൾ സംബന്ധിച്ച വാർഷിക റിട്ടേണുകൾ അടുത്ത സാമ്പത്തിക വർഷം ജൂൺ 30-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കേണ്ടതാണ് ;

(xvi) ഗ്രാമങ്ങളിലെ ഖരമാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് പഞ്ചായത്ത് സ്ഥാപനങ്ങളുമായി ഏകോപിച്ചു പ്രവർത്തിക്കേണ്ടതാണ്;

(xvii) ആക്രിക്കാർ, അല്ലെങ്കിൽ ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, തരംതിരിക്കൽ, ഗതാഗതം, സംസ്കരണം, അല്ലെങ്കിൽ പുന:ചംക്രമണം, അല്ലെങ്കിൽ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന അനൗപചാരിക മേഖലയിൽ ഉൾപ്പെടെയുള്ള എല്ലാ വ്യക്തിക ളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടതും, കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

(xviii) മാലിന്യശേഖരണം നടത്തുന്നവരെയോ അനൗപചാരിക മാലിന്യശേഖർത്താക്കളെയോ തിരിച്ചറിയുന്നതിനായി ഒരു സംവിധാനം രൂപീകരിക്കുകയും, അവർക്ക് അല്ലെങ്കിൽ അവരെ പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് അംഗീകാരം നൽകിക്കൊണ്ട് അവരെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ

ഭാഗമാക്കേണ്ടതാണ്. വീടുവീടാന്തരമുള്ള മാലിന്യശേഖരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും, ഷെഡ്യൂൾ I-ൽ നൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽ ഈ വിവരങ്ങൾ കേന്ദ്രീകൃത പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ;

(xix) ഗ്രാമപ്രദേശങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവര-വിദ്യാഭ്യാസ-ആശയവിനിമയ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതും, ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് മാലിന്യ ഉത്പാദകരെ ബോധവത്കരിക്കേണ്ടതുമാണ്.

(3) ഗ്രാമപഞ്ചായത്ത്,-

(i) ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമതലത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനം ഉറപ്പാക്കണം;

(ii) ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കർമ്മ പദ്ധതി വികസിപ്പിച്ചതിനുശേഷം, അവയുടെ അധികാരപരിധിയിലുള്ള ഗ്രാമപ്രദേശത്തിനായി ഖരമാലിന്യ നിർമ്മാർജ്ജനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും, നടപ്പിലാക്കേണ്ടതുമാണ്.

(iii) ഗ്രാമപ്രദേശങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യ കേന്ദ്രം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഏജൻസികളെ ഉൾപ്പെടുത്തി അത് ഏകോപിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും, അതായത്:

(a) ഖരമാലിന്യത്തിന്റെ തരംതിരിക്കൽ, ശേഖരണം, സംഭരണം, ഗതാഗതം, പുന:ചംക്രമണയോഗ്യമായ അജൈവമാലിന്യ ഭാഗങ്ങൾ സാധുവായ രജിസ്ട്രേഷൻ ഉള്ള പുന:ചംക്രമണക്കാർക്ക് നൽകുന്നത് എന്നിവ ഉറപ്പാക്കേണ്ടതും, ഈ പ്രക്രിയയിൽ പരിസ്ഥിതിക്ക് ഒരു നാശവും സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ് ;

(b) ആവശ്യാനുസരണം ഖരമാലിന്യ-സംസ്കരണ അടിസ്ഥാന ഫെസിലിറ്റികൾ സ്ഥാപിക്കുകയും, പ്രവർത്തിപ്പിക്കുകയും, പരിപാലിക്കുകയും ചെയ്യേണ്ടതാണ്;

(c) പങ്കാളികളിൽ അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് അവ ബോധം സൃഷ്ടിക്കേണ്ടതാണ്;

(d) ഖരമാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് വലിച്ചെറിയുന്നതും കത്തിക്കുന്നതും സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്;

(e) ആക്രിക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൗര-സമൂഹ സംഘങ്ങളുമായി ഇടപഴകുക.

(iv) ഈ ചട്ടങ്ങൾ പ്രകാരം വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഖരമാലിന്യ പരിപാലനത്തെക്കുറിച്ചുള്ള വിവരങ്ങൾ ജില്ലാ പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ് ;

**41. സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന്റെയോ മലിനീകരണ-നിയന്ത്രണ സമിതിയുടെയോ ചുമതലകൾ** :— (1)

സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ,-

(i) ഈ ചട്ടങ്ങൾ അതത് സംസ്ഥാനങ്ങളിൽ നടപ്പിലാക്കേണ്ടതും, നഗരഭരണം അല്ലെങ്കിൽ തദ്ദേശസ്വയംഭരണം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പുകളുമായോ, സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി-ഇൻ-ചാർജുമായോ, അതുപോലെ തന്നെ ഗ്രാമവികസന വകുപ്പുമായോ അല്ലെങ്കിൽ ഗ്രാമീണ മേഖലയിലെ ഖരമാലിന്യ സംസ്കരണം കൈകാര്യം ചെയ്യുന്ന വകുപ്പുമായോ ചേർന്ന് വർഷത്തിൽ രണ്ടുതവണയെങ്കിലും ഇവയുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

(ii) മാലിന്യ സംസ്കരണത്തിനും മാലിന്യ നിർമ്മാർജ്ജന സ്ഥലങ്ങൾക്കുമായി ഷെഡ്യൂൾ II, ഷെഡ്യൂൾ III എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പരിസ്ഥിതി മാനദണ്ഡങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്;

(iii) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നോ ഫാറം I-ൽ മാലിന്യ-സംസ്കരണ കേന്ദ്രങ്ങൾക്കുള്ള അംഗീകാരത്തിനും രജിസ്ട്രേഷനുമുള്ള നിർദ്ദേശം പരിശോധിക്കുകയും ഉചിതമെന്ന് കരുതുന്ന അന്വേഷണങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്;

(iv) അംഗീകാരത്തിനുള്ള നിർദ്ദേശം പരിശോധിക്കുമ്പോൾ, ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ പ്രകാരമുള്ള സമ്മതപത്രങ്ങളുടെ ആവശ്യകതയും, ഇതിൽ ബാധകമായേക്കാവുന്ന സംസ്ഥാന നഗരവികസന വകുപ്പ്, നഗര-ഗ്രാമ ആസൂത്രണ വകുപ്പ്, ജില്ലാ

ആസൂത്രണ സമിതി, അല്ലെങ്കിൽ മെട്രോപൊളിറ്റൻ ഏരിയ ആസൂത്രണ സമിതി പോലെയുള്ള മറ്റ് ഏജൻസികൾ, വിമാനത്താവളം, അല്ലെങ്കിൽ എയർബേസ് അതോറിറ്റി, ഭൂഗർഭജല ബോർഡ്, റെയിൽവേ, വൈദ്യുതി വിതരണ കമ്പനികൾ, ഹൈവേ വകുപ്പ്, മറ്റ് പ്രസക്തമായ ഏജൻസികൾ എന്നിവയുടെ അഭിപ്രായങ്ങളും പരിഗണിക്കുകയും അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അതു സമർപ്പിക്കാൻ നാല് ആഴ്ച സമയം നൽകുകയും ചെയ്യേണ്ടതാണ്;

(v) ഫാറം II-ൽ അറുപത് ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ ഒരു കേന്ദ്രത്തിന്റെ ഓപ്പറേറ്റർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനം അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഏജൻസിക്കോ, ഷെഡ്യൂളുകൾ II, III എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള ചട്ടപാലന മാനദണ്ഡങ്ങളും പരിസ്ഥിതി മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകൾക്കൊപ്പം ഉൾപ്പെടുത്തി അംഗീകാരം നൽകേണ്ടതാണ്.

(vi) പ്രസ്തുത അംഗീകാരത്തിന്റെ സാധുത, നൽകപ്പെട്ടിട്ടുള്ള സമ്മത പത്രവുമായി യോജിച്ചു പോകുന്നതാണെന്ന് ഉറപ്പാക്കുക.

(vii) തദ്ദേശ സ്വയംഭരണ സ്ഥാപനമോ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഓപ്പറേറ്ററോ നിർദ്ദേശിച്ച വ്യവസ്ഥകൾ പ്രകാരം ഫെസിലിറ്റി പ്രവർത്തിപ്പിക്കുന്നതിൽ പരാജയപ്പെട്ടാൽ, നൽകിയ അംഗീകാരം താൽക്കാലികമായി നിർത്തുകയോ റദ്ദാക്കുകയോ ചെയ്യേണ്ടതാണ്;

എന്നാൽ, സാഹചര്യത്തിനനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനോ ഓപ്പറേറ്റർക്കോ മുൻകൂട്ടി നോട്ടീസ് നൽകാതെ ഇത്തരത്തിൽ അനുമതിപത്രം റദ്ദാക്കാനോ താൽക്കാലികമായി നിർത്തിവെക്കാനോ പാടുള്ളതല്ല. ;

(viii) പുതുക്കലിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, ഓരോ അപേക്ഷയും യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിനു ശേഷം, സ്ഥാപനത്തിന്റെ നടത്തിപ്പുകാരൻ അംഗീകാരത്തിലോ സമ്മതപത്രത്തിലോ പരിസ്ഥിതി അനുമതിയിലോ വ്യക്തമാക്കിയിട്ടുള്ള ചട്ടങ്ങൾ, മാനദണ്ഡങ്ങൾ, അല്ലെങ്കിൽ വ്യവസ്ഥകൾ എന്നിവയിലെ എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അടുത്ത അഞ്ച് വർഷത്തേക്ക് അംഗീകാരം പുതുക്കി നൽകേണ്ടതുമാണ്;

ix) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ അപേക്ഷകന് തന്റെ ഭാഗം പറയാൻ ന്യായമായ അവസരം നൽകുകയും, കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തുകയും ചെയ്തശേഷം, അംഗീകാരം നൽകാതിരിക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്;

(x) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ലാത്ത പുതിയ സാങ്കേതിക വിദ്യകളുടെ കാര്യത്തിൽ, സാഹചര്യത്തിനനുസരിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മലിനീകരണ നിയന്ത്രണ സമിതിയോ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനെ സമീപിക്കേണ്ടതാണ്;

(xi) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മലിനീകരണ നിയന്ത്രണ സമിതിയോ, സാഹചര്യത്തിനനുസരിച്ച്, നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, അംഗീകരിച്ചിട്ടുള്ള സംസ്കരണ സാങ്കേതികവിദ്യ (Treatment technology), അനുമതിപത്രത്തിൽ (Authorization) പറഞ്ഞിരിക്കുന്ന നിബന്ധനകൾ, കൂടാതെ ഈ ചട്ടങ്ങളിലെ ഷെഡ്യൂൾ II, III എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ

പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്. ഇത് ഉചിതമെന്ന് തോന്നുന്ന സമയങ്ങളിലെല്ലാം ചെയ്യാവുന്നതാണ്, എന്നാൽ വർഷത്തിൽ ഒരിക്കലെങ്കിലും നിർബന്ധമായും ഇത്തരത്തിലുള്ള പരിശോധന നടത്തിയിരിക്കണം,

(xii) പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യങ്ങൾ (Special care waste) നിക്ഷേപിക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ മാലിന്യ ഉത്പാദകർ എത്തിക്കുന്ന ഇത്തരം മാലിന്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോ മലിനീകരണ നിയന്ത്രണ സമിതിക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. ;

(xiii) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ അന്തർസംസ്ഥാന മാലിന്യ നീക്കം നിയന്ത്രിക്കേണ്ടതാണ് ;

(xiv) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മലിനീകരണ നിയന്ത്രണ സമിതിയോ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വഴി മാലിന്യ സംസ്കരണ അല്ലെങ്കിൽ പുനരുപയോഗ, നിർമ്മാർജ്ജന കേന്ദ്രങ്ങൾക്ക് അനുമതി നൽകുകയും അവ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ടതാണ്. കൂടാതെ, ഓരോ ജില്ലയിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ എല്ലാ വർഷവും ജൂൺ 30-നകം ഈ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ലഭ്യമാക്കേണ്ടതുമാണ്. ;

(xv) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോ മലിനീകരണ നിയന്ത്രണ സമിതിക്കോ രജിസ്ട്രേഷനായുള്ള അപേക്ഷകൾ

പരിഗണിക്കുന്നതിനായി ആവശ്യമെങ്കിൽ രജിസ്ട്രേഷൻ ഫീസും, കൂടാതെ ഈ ചട്ടങ്ങൾ പ്രകാരം സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കുന്നതിനായി വാർഷിക ഫീസും ഈടാക്കാവുന്നതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം ഈ ഫീസ് നിശ്ചയിക്കേണ്ടത്. ഇത്തരത്തിൽ ഈടാക്കുന്ന ഫീസിന്റെ ഒരു ഭാഗം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡുമായി പങ്കുവെക്കേണ്ടതാണ്. ;

(xvi) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഈ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് ;

(xvii) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിയോ, അവർ ചുമതലപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ചെയ്ത പരിസ്ഥിതി ഓഡിറ്ററോ, പരിശോധനയിലൂടെയും സമയക്രമാടിസ്ഥാ നത്തിലുള്ള ഓഡിറ്റിലൂടെയും കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ചട്ടപാലനം പരിശോധിക്കേണ്ടതാണ് ;

(xviii) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ കമ്മിറ്റിയോ, അവർ ചുമതലപ്പെടുത്തിയിട്ടുള്ള രജിസ്റ്റേർഡ് എൻവയോൺമെന്റ് ഓഡിറ്ററോ, ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനത്തിനായി, ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്‌വർക്ക് പോർട്ടലിൽ നിന്നുള്ള വിവരങ്ങൾ ഉൾപ്പെടെയുള്ള ഡാറ്റാ യുടെ ഓഡിറ്റ്, ഒന്നുകിൽ സ്വയമായി നടത്തുകയോ, അല്ലെങ്കിൽ ഒരു നിയുക്ത ഏജൻസിയെക്കൊണ്ട് നടത്തിക്കുകയോ ചെയ്യേണ്ടതാണ്.

(xix) ഖരമാലിന്യ പുന:ചംക്രമണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ത്രൈമാസ റിപ്പോർട്ടുകൾ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ് സമാഹരിച്ച് കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന് അയക്കേണ്ടതും, ഓൺലൈനിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്;

(xx) ഈ ചട്ടങ്ങൾ പ്രകാരമുള്ള ബാധ്യതകൾ നിറവേറ്റുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ബന്ധപ്പെട്ട പങ്കാളികൾക്കിടയിൽ സ്ഥിരമായ ഒരു ആശയവിനിമയം നടക്കുന്നുണ്ടെന്ന് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ഉറപ്പാക്കേണ്ടതാണ് ;

(xxi) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ എല്ലാ ഖരമാലിന്യ സംസ്കരണ, ശുദ്ധീകരണ സംവിധാനങ്ങളും അവയുടെ ഉദ്വമന, പുറന്തള്ളൽ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും, സംവിധാനങ്ങൾ വർഷത്തിലൊരിക്കൽ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

(xxii) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ ബന്ധപ്പെട്ട മലിനീകരണ നിയന്ത്രണ സമിതിയോ, നഗരസഭകളും ജില്ലാതല പഞ്ചായത്തുകളും സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടുകൾ നേരിട്ടോ അല്ലെങ്കിൽ അവർ നിയോഗിക്കുന്ന ഒരു രജിസ്റ്റേർഡ് എൻവയോൺമെന്റ് ഓഡിറ്റർ (Registered Environmental Auditor) മുഖേനയോ ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. അത്തരം ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും വാർഷിക റിപ്പോർട്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ബന്ധപ്പെട്ട മലിനീകരണ നിയന്ത്രണ സമിതിയോടയോ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

(2) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ, RDF ഉപയോഗത്തിനായി സിമന്റ് ചൂളകളുമായോ, മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളുമായോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്നതിന് സൗകര്യമൊരുക്കേണ്ടതാണ്.

(3) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോ മലിനീകരണ നിയന്ത്രണ സമിതിക്കോ, ആവശ്യാനുസരണം നേരിട്ടോ അല്ലെങ്കിൽ അവർ നിയോഗിക്കുന്ന ഒരു രജിസ്റ്റേർഡ് എൻവയോൺമെന്റ് ഓഡിറ്റർ (Registered Environmental Auditor) മുഖേനയോ, മാലിന്യ സംസ്കരണ സ്ഥാപനങ്ങളിലും അതുപോലെ ഗ്രാമ-നഗര മേഖലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉത്തരവാദിത്തപ്പെട്ട മറ്റ് ഏജൻസികളും നടത്തുന്ന ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും നേരിട്ടുള്ള പരിശോധനയും ഓഡിറ്റും നടത്താവുന്നതാണ് .

(4) കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് വിജ്ഞാപനം ചെയ്ത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവേചനരഹിതമായി ഖരമാലിന്യം തള്ളുന്നതുൾപ്പെടെ, ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്ത വ്യക്തികൾക്ക്, 'മാലിന്യ ഉത്പാദകൻ ചെലവ് വഹിക്കണം (Polluter pays)' എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി നഷ്ടപരിഹാരം സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ചുമത്തേണ്ടതാണ്.

(5) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ - നിയന്ത്രണ സമിതിയോ ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ ഓഡിറ്റ് ഈ ചട്ടങ്ങൾ എല്ലാ വർഷവും സെപ്റ്റംബർ 30-നകം സ്വന്തമായി

നടത്തുകയോ, അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന രജിസ്റ്റർ ചെയ്ത ഒരു പരിസ്ഥിതി ഓഡിറ്റർ വഴി, നടത്തിക്കേണ്ടതോ ആണ്.

(6) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ഖര മാലിന്യ-സംസ്കരണ ഫെസിലിറ്റികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ എല്ലാ വർഷവും ഡിസംബർ 31-നകം കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(7) ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ വൈദഗ്ധ്യമുള്ളതോ ഭാഗികമായി വൈദഗ്ധ്യമുള്ളതോ ആയ ഉദ്യോഗസ്ഥരും സർട്ടിഫൈഡ് പ്രൊഫഷണലുകളും (Certified professionals) ചേർന്നാണ് പരിപാലിക്കുന്നതെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മലിനീകരണ നിയന്ത്രണ സമിതിയോ ഉറപ്പാക്കേണ്ടതാണ്.

(8) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ഖരമാലിന്യ അടിസ്ഥാന സൗകര്യങ്ങളുടെയും സംസ്കരണ കേന്ദ്രങ്ങളുടെയും ഭൗമസ്ഥാനനിർണയം (ജിയോ-ടാഗിംഗ്) ഉറപ്പാക്കണം.

(9) വ്യാവസായിക മേഖലകളിൽനിന്ന് ഖരമാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്നതു തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ തയ്യാറാക്കേണ്ടതാണ്.

(10) മാലിന്യത്തിൽനിന്ന് ഉത്പാദിപ്പിക്കുന്ന ഇന്ധനത്തിന്റെ ഉപയോഗത്തിൽ വ്യവസായസ്ഥാപനങ്ങൾ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ ഉറപ്പാക്കേണ്ടതാണ്.

(11) ജൈവമാലിന്യ-സംസ്കരണ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ജൈവ വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാന-മലിനീകരണ-നിയന്ത്രണ ബോർഡോ മലിനീകരണ-നിയന്ത്രണ സമിതിയോ പരിശോധന ഉറപ്പാക്കേണ്ടതാണ്.

(12) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ്, ജൈവ വളവുമായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടുകൾ ഫെസിലിറ്റി ഓപ്പറേറ്റർമാർ പ്രതിമാസം ഓൺലൈൻ പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

(13) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡ്, രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ബയോ-മെത്തനേഷൻ പ്ലാന്റുകളുടെയും, മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ, സാനിറ്ററി ലാൻഡ്ഫില്ലുകൾ, ഖരമാലിന്യ-സംസ്കരണ ഫെസിലിറ്റികൾ എന്നിവയുടെയും ഇൻവെന്ററി തയ്യാറാക്കി എല്ലാ വർഷവും ജൂൺ 30-ന് മുമ്പ് കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

## ഷെഡ്യൂൾ I

## നടപ്പിലാക്കുന്നതിനുള്ള സമയപരിധി

[അദ്ധ്യായം I ചട്ടം 3 (q), അദ്ധ്യായം III ചട്ടം 14(3), അദ്ധ്യായം V ചട്ടം 23(1)(xvi), ചട്ടം 24(1)(x), ചട്ടം 39(34), ചട്ടം 40(2)(vi), ചട്ടം 40(2)(vii), ചട്ടം 40(2)(xiii), ചട്ടം 40(2)(xix) എന്നിവ കാണുക]

| ക്രമ നമ്പർ | ജനസംഖ്യ | സമയപരിധി |
|---|---|---|
| (1) | (2) | (3) |
| | നഗരപ്രദേശങ്ങൾ | |
| 1 | ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾ | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ പതിനെട്ട് മാസം |
| 2 | 5-10 ലക്ഷം | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഇരുപത്തിനാല് മാസം |
| 3 | എല്ലാ നഗര പ്രദേശങ്ങളും | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ മുപ്പത്തിയാറ് മാസം |
| 4 | | |
| | ഗ്രാമപ്രദേശങ്ങൾ | |
| 1 | 20000-മോ അതിൽ കൂടുതലോ ജനസംഖ്യ യുള്ളവ | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ പതിനെട്ട് മാസം |
| 2 | 10000-20000 | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഇരുപത്തിനാല് മാസം |

| | | |
|---|---|---|
| 3 | 10000 വരെ | ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ മുപ്പത്തിയാറ് മാസം |

**ഷെഡ്യൂൾ II**

**സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലുകൾക്കായുള്ള നിർദേശങ്ങൾ**

[അദ്ധ്യായം II ചട്ടം 7(1)(b), അദ്ധ്യായം III ചട്ടം 14 (3), അദ്ധ്യായം V ചട്ടം 39(49), ചട്ടം 41(1)(ii), 41(1)(v) എന്നിവ കാണുക]

(A) സൈറ്റ് തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.-

(i) ഭൂമി അനുവദിച്ചുനൽകുന്നതിനുള്ള ബിസിനസ് അലൊക്കേഷൻ വകുപ്പ്, ഖരമാലിന്യ സംസ്കരണ, ശുദ്ധീകരണ, ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം നൽകേണ്ടതും, അത്തരം സ്ഥലങ്ങൾ വിജ്ഞാപനം മുഖേന അറിയിക്കേണ്ടതുമാണ്.

(ii) സാനിറ്ററി ലാൻഡ്ഫിൽ സൈറ്റ്, ഘട്ടം-ഘട്ടമായി നിർമ്മാണ പദ്ധതിയുടെയും ക്ലോഷർ പ്ലാനിന്റെയും ശരിയായ ഡോക്യുമെന്റേഷന്റെ സഹായത്തോടെ ആസൂത്രണം ചെയ്യുകയും രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള ഒരു ലാൻഡ്ഫിൽ സൈറ്റിനോട് ചേർന്ന് ഒരു പുതിയ ലാൻഡ്ഫിൽ സൗകര്യം സ്ഥാപിക്കുകയാണെങ്കിൽ, നിലവിലുള്ള ലാൻഡ്ഫില്ലിന്റെ പ്രവർത്തനം നിർത്തുന്നതിനുള്ള പ്ലാൻ (ക്ലോഷർ പ്ലാൻ) അത്തരം പുതിയ ലാൻഡ്ഫില്ലിനായുള്ള നിർദ്ദേശത്തിന്റെ ഭാഗമായിരിക്കേണ്ടതുമാണ്.

(iii) ലാൻഡ്ഫിൽ സൈറ്റുകൾ സമീപത്തുള്ള മാലിന്യ-സംസ്കരണ ഫെസിലിറ്റികളെ ഉപയോഗപ്പെടുത്തുന്നതിനായി

തിരഞ്ഞെടുക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം, മാലിന്യ-സംസ്കരണ ഫെസിലിറ്റി ലാൻഡ്ഫിൽ സൈറ്റിന്റെ അവിഭാജ്യ ഘടകമായി ആസൂത്രണം ചെയ്യേണ്ടതാണ്.

(iv) ഇന്ത്യാ ഗവൺമെന്റിന്റെ നഗരവികസന മന്ത്രാലയം, കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലാൻഡ്ഫിൽ സൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

(v) അഞ്ച് വർഷത്തിൽ കൂടുതൽ ഉപയോഗത്തിലുള്ള നിലവിലുള്ള ലാൻഡ്ഫിൽ സൈറ്റുകൾ ഈ ഷെഡ്യൂളിൽ നൽകിയിരിക്കുന്ന നിർദേശങ്ങൾക്കനുസൃതമായി മെച്ചപ്പെടുത്തേണ്ടതാണ്.

(vi) ലാൻഡ്ഫിൽ സൈറ്റ്, കുറഞ്ഞത് 20-25 വർഷത്തേക്ക് നിലനിൽക്കാൻ പര്യാപ്തമായിരിക്കണം, കൂടാതെ വെള്ളം കെട്ടിക്കിടക്കുന്നതും ദുരുപയോഗം ചെയ്യുന്നതും ഒഴിവാക്കാൻ ഘട്ടം-ഘട്ടമായി 'ലാൻഡ്ഫിൽ സെല്ലുകൾ' വികസിപ്പിക്കണം.

(vii) ലാൻഡ്ഫിൽ സൈറ്റ്, നദിയിൽ നിന്ന് 100 മീറ്റർ അകലെയും, ഒരു കുളത്തിൽ നിന്ന് 200 മീറ്റർ അകലെയും, ഹൈവേകൾ, ജനവാസ കേന്ദ്രങ്ങൾ, പൊതു പാർക്കുകൾ, ജലവിതരണ കിണറുകൾ എന്നിവയിൽ നിന്ന് 200 മീറ്റർ അകലെയും, വിമാനത്താവളങ്ങളിൽ നിന്നോ എയർബേസിൽ നിന്നോ 20 കിലോമീറ്റർ അകലെയുമായിരിക്കണം. എന്നിരുന്നാലും, ഒരു പ്രത്യേക സാഹചര്യത്തിൽ, സിവിൽ ഏവിയേഷൻ അതോറിറ്റിയിൽ നിന്നോ വ്യോമസേനയിൽ നിന്നോ നിരാക്ഷേപ സർട്ടിഫിക്കറ്റ് നേടിയശേഷം വിമാനത്താവളത്തിൽ നിന്നോ എയർബേസിൽ നിന്നോ 10-ഉം 20-ഉം കിലോമീറ്റർ അകലെ ലാൻഡ്ഫിൽ സൈറ്റ് സ്ഥാപിക്കാവുന്നതാണ്. കഴിഞ്ഞ നൂറു വർഷമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വെള്ളപ്പൊക്ക സമതലങ്ങൾ, തീരദേശ നിയന്ത്രണ മേഖല, തണ്ണീർത്തടം, നിർണായക

ആവാസ വ്യവസ്ഥകൾ, പരിസ്ഥിതി-ലോല ദുർബല പ്രദേശങ്ങൾ എന്നിവയിൽ ലാൻഡ്ഫിൽ സൈറ്റ് അനുവദിക്കാൻ പാടില്ല.

(viii) ഖരമാലിന്യങ്ങൾ ലാൻഡ്ഫിൽ ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സ്ഥലങ്ങൾ നഗരാസൂത്രണ വകുപ്പിന്റെ ഭൂവിനിയോഗ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ix) ഖരമാലിന്യ സംസ്കരണ, നിർമ്മാർജ്ജന ഫെസിലിറ്റികൾക്കു ചുറ്റും, പ്രതിദിനം അഞ്ച് ടണ്ണിൽ കൂടുതൽ ശേഷിയുള്ള ഒരു ബഫർ സോൺ പരിപാലിക്കേണ്ടതാണ്. ഖരമാലിന്യ സംസ്കരണ, നിർമ്മാർജ്ജന കേന്ദ്രത്തിന്റെ ആകെ വിസ്തൃതിയിൽ ഇത് പരിപാലിക്കപ്പെടുന്നതായിരിക്കും. ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുമായി കൂടിയാലോചിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ഓരോന്നിന്റെയും യോഗ്യതയുടെ അടിസ്ഥാനത്തിൽ ബഫർ സോൺ നിർദ്ദേശിക്കേണ്ടതാണ്.

(x) കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന പ്രകാരത്തിലുള്ള 2016-ലെ ബയോ-മെഡിക്കൽ മാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾക്കനുസൃതമായി ബയോ-മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കണം. കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന പ്രകാരത്തിലുള്ള 2016-ലെ ഹസാർഡസ് ആന്റ് അതർ വേസ്റ്റ്സ് (മാനേജ്മെന്റ് ആൻഡ് ട്രാൻസ്ബൗണ്ടറി മൂവ്മെന്റ്) ചട്ടങ്ങൾക്കനുസൃതമായി അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യണം. കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന പ്രകാരത്തിലുള്ള 2016-ലെ ഇ-വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങൾക്കനുസൃതമായി ഇ-വേസ്റ്റ് കൈകാര്യം ചെയ്യേണ്ടതാണ്.

(xi) മാലിന്യ സംസ്കരണം നടക്കാത്ത സാഹചര്യത്തിലും അടിയന്തര സാഹചര്യങ്ങളിലോ പ്രകൃതിദുരന്ത സമയങ്ങളിലോ മാലിന്യങ്ങൾ ഉൾക്കൊള്ളുന്നതിനായി ഓരോ ലാൻഡ്ഫിൽ സൈറ്റിലും ഖരമാലിന്യങ്ങൾക്കായി താൽക്കാലിക സംഭരണ സൗകര്യം സ്ഥാപിക്കേണ്ടതാണ് .

(B) **സാനിറ്ററി മാലിന്യ ലാൻഡ്ഫില്ലുകളിൽ ഫെസിലിറ്റികൾ വികസിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. -**

(i) ലാൻഡ്ഫിൽ സൈറ്റ് വേലികെട്ടിയോ, കുറ്റിച്ചെടി വേലി ഒരുക്കിയോ പരിപാലിക്കേണ്ടതും അവിടെയെത്തുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും അനധികൃത വ്യക്തികളുടെയും അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെയും പ്രവേശനം തടയുന്നതിനും ശരിയായ ഗേറ്റ് സ്ഥാപിക്കേണ്ടതുമാണ്

(ii) വാഹനസഞ്ചാരം മൂലം പൊടിപടലങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാൻ, അപ്രോച്ച് റോഡുകളും, അല്ലെങ്കിൽ ഉൾറോഡുകളും കോൺക്രീറ്റ് ചെയ്യുകയോ പാകുകയോ ചെയ്യേണ്ടതും, വാഹനങ്ങളുടെയും മറ്റ് യന്ത്രങ്ങളുടെയും സ്വതന്ത്ര സഞ്ചാരം ഉറപ്പാക്കാൻ കഴിയുന്ന വിധത്തിൽ അത് രൂപകൽപ്പന ചെയ്തിരിക്കേണ്ടതുമാണ്.

(iii) ലാൻഡ്ഫില്ലിംഗിനായി കൊണ്ടുവരുന്ന മാലിന്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള മാലിന്യ പരിശോധനാ സൗകര്യം, രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഓഫീസ് സൗകര്യം, മലിനീകരണ നിരീക്ഷണ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും യന്ത്രങ്ങളും സൂക്ഷിക്കുന്നതിനുള്ള ഷെൽട്ടർ എന്നിവ ലാൻഡ്ഫിൽ സൈറ്റിൽ

ഉണ്ടായിരിക്കണം. സ്വീകരിച്ചതും, സംസ്കരിച്ചതും, നിർമ്മാർജ്ജനം ചെയ്തതുമായ മാലിന്യങ്ങളുടെ ഒരു രേഖ ഈ കേന്ദ്രത്തിന്റെ നടത്തിപ്പുകാരൻ സൂക്ഷിക്കേണ്ടതുമാണ്.

(iv) ലാൻഡ്ഫിൽ സൈറ്റിലേക്ക് കൊണ്ടുവരുന്ന മാലിന്യത്തിന്റെ അളവ് നിർണയിക്കുന്നതിനുള്ള വെയ് ബ്രിഡ്ജ്, അഗ്നി സംരക്ഷണ ഉപകരണങ്ങൾ, ആവശ്യമായ മറ്റ് ഫെസിലിറ്റികൾ എന്നിവ പോലെയുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

(v) കുടിവെള്ളം, സാനിറ്ററി സൗകര്യങ്ങൾ (തൊഴിലാളികൾക്ക് കഴുകാനോ കുളിക്കാനോ സൗകര്യമുള്ള ഫെസിലിറ്റികൾ) തുടങ്ങിയ യൂട്ടിലിറ്റികൾ, (അവശ്യ സേവനങ്ങൾ) രാത്രി സമയങ്ങളിലെ എളുപ്പത്തിലുള്ള ലാൻഡ്ഫിൽ പ്രവർത്തനങ്ങൾക്കായുള്ള ലൈറ്റിംഗ് ക്രമീകരണങ്ങൾ എന്നിവ ഒരുക്കേണ്ടതാണ്.

(vi) ലാൻഡ്ഫിൽ സൈറ്റുകളിൽ തൊഴിലാളികളുടെ ആരോഗ്യ പരിശോധനകൾ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പാടു ചെയ്യേണ്ടതാണ്.

(vii) ഖരമാലിന്യങ്ങൾ കൊണ്ടുപോകുന്ന ഗതാഗത വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും വൃത്തിയാക്കുന്നതിനും കഴുകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലം നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശുദ്ധീകരിക്കേണ്ടതാണ്.

(C) **ലാൻഡ്ഫിൽ പ്രവർത്തനത്തിനും ലാൻഡ്ഫിൽ പൂർത്തിയാകുമ്പോൾ അടയ്ക്കുന്നതിനുമുള്ള നിർദ്ദേശക മാനദണ്ഡങ്ങൾ.-**

(i) മാലിന്യനിക്ഷേപത്തിലെ  ഉയർന്ന സാന്ദ്രത കൈവരിക്കുന്നതിന് ലാൻഡ് ഫില്ലിംഗിനായുള്ള മാലിന്യങ്ങൾ ഘന-കോംപാക്ടറുകൾ (അമർത്തി ഉറപ്പിക്കൽ യന്ത്രങ്ങൾ) ഉപയോഗിച്ച് നേർത്ത പാളികളായി ഒതുക്കണം. ഘന-കോംപാക്ടറുകൾ ഉപയോഗിക്കാൻ കഴിയാത്ത ഉയർന്ന മഴയുള്ള പ്രദേശങ്ങളിൽ, ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii) കമ്പോസ്റ്റിംഗ്, അല്ലെങ്കിൽ പുനഃചംക്രമണം, അല്ലെങ്കിൽ എനർജി റിക്കവറി  എന്നിവയ്ക്കുള്ള മാലിന്യ-സംസ്കരണ സൗകര്യങ്ങൾ സജ്ജീകരിച്ചശേഷം, മാലിന്യങ്ങൾ സാനിറ്ററി ലാൻഡ്ഫില്ലിലേക്ക് അയക്കണം. ഓരോ പ്രവൃത്തി ദിവസത്തിന്റെയും അവസാനം ലാൻഡ്ഫിൽ സെൽ കുറഞ്ഞത് 10 സെന്റീമീറ്റർ മണ്ണ്, നിഷ്ക്രിയ വസ്തുക്കൾ, അവശിഷ്ടങ്ങൾ, അല്ലെങ്കിൽ നിർമ്മാണ വസ്തുക്കൾ എന്നിവ ഉപയോഗിച്ച് മൂടേണ്ടതാണ്.

(iii) മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ്, മഴക്കാലത്ത് വെള്ളം ഇടയിലൂടെ ഒലിച്ചിറങ്ങുന്നതു തടയുന്നതിന് ശരിയായ തരത്തിൽ അമർത്തിയൊതുക്കിയും ഗ്രേഡിംഗ് നടത്തിയും, 40-65 സെന്റീമീറ്റർ കട്ടിയുള്ള ഒരു ഇന്റർമീഡിയറ്റ് ആവരണം ലാൻഡ്ഫില്ലിന്റെമേൽ സ്ഥാപിക്കണം. ലാൻഡ്ഫില്ലിന്റെ സജീവ സെല്ലിൽനിന്ന് ഒഴുക്ക് വഴിതിരിച്ചുവിടാൻ ശരിയായ ഡ്രെയിനേജ് നിർമ്മിക്കേണ്ടതുമാണ്.

(iv) ലാൻഡ്ഫില്ലിംഗ് പൂർത്തിയാക്കിയ ശേഷം, വെള്ളത്തിന്റെ ഒലിച്ചിറങ്ങലും മണ്ണൊലിപ്പും കുറയ്ക്കുന്നതിന് ഒരു അന്തിമ ആവരണം  രൂപകൽപ്പന ചെയ്യണം. ഈ അന്തിമ  ആവരണം ഇനിപ്പറയുന്ന സവിശേഷതകൾ പാലിച്ച് ഉണ്ടാക്കപ്പെട്ടതായിരിക്കേണ്ടതാണ് :-

(a) അന്തിമ  കവറിൽ 1 x10-7 സെന്റീമീറ്റർ സെക്കൻഡിൽ താഴെയുള്ള പെർമിയബിലിറ്റി കോയിഫിഷ്യന്റ് (വ്യാപനക്ഷമതാ തോത്) ഉള്ള 60

സെന്റീമീറ്റർ കളിമണ്ണ്, അല്ലെങ്കിൽ ഗുണമേന്മവരുത്തപ്പെട്ട മണ്ണ് (അമെന്റഡ് സോയിൽ) അടങ്ങിയ ഒരു തടസ്സ മൺപാളി ഉണ്ടായിരിക്കേണ്ടതാണ്;

(b) തടസ്സ മൺപാളിയുടെ മുകളിൽ, 15 സെന്റീമീറ്ററുള്ള ഒരു ഡ്രെയിനേജ് പാളിയും ഉണ്ടായിരിക്കേണ്ടതാണ്;

(c) സ്വാഭാവിക സസ്യവളർച്ചയെ പിന്തുണയ്ക്കുന്നതിനും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ഡ്രെയിനേജ് പാളിയും മുകളിൽ 45 സെന്റീമീറ്റർ നീളമുള്ള ഒരു സസ്യആവരണവും ഉണ്ടായിരിക്കേണ്ടതാണ്.

(D) **മലിനീകരണം തടയുന്നതിനുള്ള മാനദണ്ഡങ്ങൾ.- ലാൻഡ്ഫിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന്, ഇനിപ്പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതാണ്, അതായത് :-**

(i) മണ്ണിടിച്ചിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള ഉപരിതല ഒഴുക്കു വെള്ളം വഴിതിരിച്ചുവിടുകയും, ഖരമാലിന്യ സ്ഥലങ്ങളിൽ നിന്നുള്ള ലീച്ചേറ്റുകൾ ഉപരിതല ഒഴുക്കുവെള്ളവുമായി കലരാതിരിക്കുകയും ചെയ്യുന്ന വിധത്തിൽ മഴവെള്ളച്ചാൽ രൂപകൽപ്പന ചെയ്ത് നിർമ്മിക്കണം. ലീച്ചേറ്റ് ഉത്പാദനം കുറയ്ക്കുന്നതിനും ഉപരിതല ജലമലിനീകരണം തടയുന്നതിനും, വെള്ളപ്പൊക്കവും ചതുപ്പുനില സാഹചര്യങ്ങളും സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനും, മഴവെള്ള നിർഗമന ചാലുകൾ വഴിതിരിച്ചുവിടുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതാണ്.

(ii) മാലിന്യ നിർമ്മാർജ്ജന പ്രദേശത്തിന്റെ അടിഭാഗത്തും ചുവരുകളിലും ജലവ്യാപന സാധ്യതയില്ലാത്ത ലൈനിംഗ് ഫെസിലിറ്റി. മാലിന്യ-സംസ്കരണ ഫെസിലിറ്റികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, അല്ലെങ്കിൽ മിശ്രിത മാലിന്യങ്ങൾ, അല്ലെങ്കിൽ അപകടകരമായ വസ്തുക്കളുടെ (എയറോസോൾ, ബ്ലീച്ചുകൾ, പോളിഷുകൾ,

ബാറ്ററികൾ, വേസ്റ്റ് ഓയിലുകൾ, പെയിന്റ് ഉത്പ്പന്നങ്ങൾ, കീടനാശിനികൾ) മലിനീകരണം ഉള്ള മാലിന്യങ്ങൾ എന്നിവ സ്വീകരിക്കുന്ന ലാൻഡ്ഫില്ലിന്, 1 x 10-7 സെ.മീ/സെക്കൻഡിൽ കൂടാത്ത പെർമിയബിലിറ്റി കോയിഫിഷ്യന്റ് (വ്യാപനക്ഷമത) ഉള്ള 90 സെന്റീമീറ്റർ മണ്ണിന് (കളിമണ്ണ് അല്ലെങ്കിൽ ഗുണമേന്മ വരുത്തിയ മണ്ണ്) മുകളിൽ 1.5 മില്ലീമീറ്റർ കട്ടിയുള്ള ഉയർന്ന സാന്ദ്രതയുള്ള പോളിയെത്തിലീൻ ജിയോ-മെംബ്രെയ്ൻ, അല്ലെങ്കിൽ ജിയോ-സിന്തെറ്റിക് ലൈനറുകൾ, അല്ലെങ്കിൽ തത്തുല്യമായ കോമ്പോസിറ്റ് ബാരിയറിന്റെ ലൈനർ ഉണ്ടായിരിക്കണം. ജലവിതാനത്തിന്റെ ഏറ്റവും ഉയർന്ന നില ലാൻഡ്ഫില്ലുകളുടെ അടിയിൽ നൽകിയിരിക്കുന്ന കളിമണ്ണിന്റെയോ ഗുണമേന്മ വരുത്തിയ മണ്ണിന്റെയോ തടസ്സ പാളിയുടെ അടിത്തട്ടിൽനിന്ന് കുറഞ്ഞത് രണ്ട് മീറ്റർ താഴെയായിരിക്കണം.

(iii) ലീച്ചേറ്റിന്റെ ശേഖരണവും സംസ്കരണവും ഉൾപ്പെടെയുള്ള അതിന്റെ മാനേജ്മെന്റിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തണം. സംസ്കരിച്ച ലീച്ചേറ്റ് അനുവദനീയമായ രീതിയിൽ പുന:ചംക്രമണം നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യണം, അല്ലാത്തപക്ഷം, ഷെഡ്യൂൾ-II-ൽ വ്യക്തമാക്കിയ മാനദണ്ഡങ്ങൾ പാലിച്ചതിനുശേഷം, ലീച്ചേറ്റ് ലൈനിലേക്ക് ഒഴുക്കി വിടണം. ഒരു സാഹചര്യത്തിലും, ലീച്ചേറ്റ് തുറന്ന അന്തരീക്ഷത്തിലേക്ക് ഒഴുക്കി വിടാൻ പാടില്ല.

(iv) ലാൻഡ്ഫിൽ പ്രദേശത്തു നിന്നുള്ള ലീച്ചേറ്റ് ഒഴുക്ക് ഏതെങ്കിലും അഴുക്കുചാലിലേക്കോ, അരുവിയിലേക്കോ, നദിയിലേക്കോ, തടാകത്തിലേക്കോ, കുളത്തിലേയ്ക്കോ പ്രവേശിക്കുന്നത് തടയാനുള്ള ക്രമീകരണങ്ങൾ നടത്തണം. ഒഴുകിപ്പോയ വെള്ളം, ലീച്ചേറ്റ് അല്ലെങ്കിൽ ഖരമാലിന്യ വുമായി കലർന്നാൽ, മുഴുവൻ മിശ്രിത വെള്ളവും ബന്ധപ്പെട്ടവർ ശുദ്ധീകരിക്കേണ്ടതാണ്.

(E) **ജല ഗുണനിലവാര നിരീക്ഷണത്തിനുള്ള മാനദണ്ഡങ്ങൾ**.-

(i) ഏതെങ്കിലും ലാൻഡ്ഫിൽ സൈറ്റ് സ്ഥാപിക്കുന്നതിനു മുമ്പ്, പ്രദേശത്തെ ഭൂഗർഭജല ഗുണനിലവാരത്തിന്റെ അടിസ്ഥാന ഡാറ്റാ ശേഖരിച്ചു, ഭാവിയിലെ പരിശോധനാ ഉപയോഗത്തിനായി രേഖപ്പെടുത്തണം. ലാൻഡ്ഫിൽ സൈറ്റിന്റെ ചുറ്റളവിൽനിന്ന് 50 മീറ്ററിനുള്ളിലെ ഭൂഗർഭജല ഗുണനിലവാരം, വേനൽക്കാലം, കാലവർഷം, മഴക്കാലാനന്തരകാലയളവ് തുടങ്ങിയ സമയങ്ങളിൽ, ഭൂഗർഭജലം മലിനമാകുന്നില്ലെന്ന് ഉറപ്പാക്കാൻ ഇടയ്ക്കിടെ നിരീക്ഷണവിധേയമാക്കേണ്ടതാണ്.

(ii) ലാൻഡ്ഫിൽ സൈറ്റുകളിലും പരിസരങ്ങളിലും ഭൂഗർഭജലം (കുടിവെള്ളം, ജലസേചനം ഉൾപ്പെടെ) ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്നത് അതിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രമേ പരിഗണിക്കുകയുള്ളു. കുടിവെള്ള ഗുണനിലവാരത്തിനായുള്ള ഇനിപ്പറയുന്ന നിർദേശങ്ങൾ നിരീക്ഷണ ആവശ്യങ്ങൾക്ക് ബാധകമാകും, അതായത്: -

| ക്രമ നമ്പർ | പാരാമീറ്ററുകൾ | IS10500:2012, പതിപ്പ് 2.2(2003-09) അഭികാമ്യമായ പരിധി (mg/l pH-ന് ഒഴികെ) |
|---|---|---|
| (1) | (2) | (3) |
| | ആർസെനിക് | 0.01 |
| | കാഡ്മിയം | 0.01 |
| | ക്രോമിയം (Cr6+ എന്ന അളവിൽ ) | 0.05 |
| | ചെമ്പ് | 0.05 |
| | സയനൈഡ് | 0.05 |
| | ഈയം | 0.05 |

| | | |
|---|---|---|
| | മെർക്കുറി | 0.001 |
| | നിക്കൽ | - |
| | നൈട്രേറ്റ് (NO3) എന്ന നിലയിൽ | 45.0 |
| | പി.എച്ച് (pH) | 6.5-8.5 |
| | ഇരുമ്പ് | 0.3 |
| | ആകെ കാഠിന്യം (CaCO3 എന്ന നിലയിൽ) | 300.0 |
| | ക്ലോറൈഡുകൾ | 250 |
| | ലയിച്ച അജൈവവസ്തുക്കൾ | 500 |
| | ഫിനോളിക് സംയുക്തങ്ങൾ (C6H5OH എന്ന നിലയിൽ) | 0.001 |
| | സിങ്ക് (നാകം) | 5.0 |
| | സൾഫേറ്റ് (SO4 എന്ന നിലയിൽ) | 200 |

(F) **അന്തരീക്ഷ വായു ഗുണ നിലവാര വിലയിരുത്തലിനുള്ള മാനദണ്ഡ ങ്ങൾ.-**

(i) ലാൻഡ്ഫിൽ സൈറ്റിൽ ദുർഗന്ധം കുറയ്ക്കുന്നതിനും, വാതകങ്ങളുടെ സൈറ്റിന് പുറത്തേക്കുള്ള വ്യാപനം തടയുന്നതിനും, പുനരുജ്ജീവിപ്പിച്ച ലാൻഡ്ഫിൽ പ്രതലത്തിൽ നട്ടുപിടിപ്പിച്ച സസ്യങ്ങളെ സംരക്ഷിക്കുന്നതിനും ഗ്യാസ് കളക്ഷൻ സിസ്റ്റം ഉൾപ്പെടെയുള്ള ലാൻഡ്ഫിൽ ഗ്യാസ് കൺട്രോൾ സിസ്റ്റം സ്ഥാപിക്കണം. ലാൻഡ്ഫിൽ ഗ്യാസ് റിക്കവറി വർദ്ധിപ്പിക്കുന്നതിന്, ഗ്യാസ് കളക്ഷൻ കിണറുകൾക്കൊപ്പം കവർ സിസ്റ്റങ്ങളിൽ ജിയോ-മെംബ്രെയ്നുകളുടെ ഉപയോഗം പരിഗണിക്കേണ്ടതുമാണ്.

(ii) ലാൻഡ്ഫിൽ സൈറ്റിൽ ഉത്പാദിപ്പിക്കുന്ന മീഥെയ്ൻ വാതകത്തിന്റെ സാന്ദ്രത താഴ്ന്ന ജ്വലന പരിധിയുടെ 25 ശതമാനത്തിൽ കൂടരുത്.

(iii) ലാൻഡ്ഫിൽ സൈറ്റിലെ ശേഖരണ കേന്ദ്രത്തിൽ നിന്നുള്ള ലാൻഡ്ഫിൽ വാതകം, അതിന്റെ പ്രവർത്തനക്ഷമത അനുസരിച്ച്, നേരിട്ടുള്ള താപ പ്രയോഗങ്ങൾക്കോ വൈദ്യുതി ഉത്പാദനത്തിനോ ഉപയോഗിക്കണം. അല്ലാത്തപക്ഷം, ലാൻഡ്ഫിൽ ഗ്യാസ് കത്തിച്ചുകളയേണ്ടതും, നേരിട്ട് അന്തരീക്ഷത്തിലേക്ക്, അല്ലെങ്കിൽ നിയമവിരുദ്ധ ടാപ്പിംഗിനായി അത് പുറത്തുപോകാൻ അനുവദിക്കുകയുമരുത്. അതിന്റെ ഉപയോഗമോ കത്തിച്ചു കളയലോ സാധ്യമല്ലെങ്കിൽ, അത് സ്വാഭാവികമായി പുറത്തുപോകുന്നതിന് അനുവദിക്കേണ്ടതാണ്.

(iv) ലാൻഡ്ഫിൽ സൈറ്റിലും പരിസരത്തും അന്തരീക്ഷ വായു നിലവാരം പതിവായി നിരീക്ഷിക്കണം. വ്യാവസായിക മേഖലയ്ക്കായി കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ, അന്തരീക്ഷവായു ഗുണനിലവാരം (ആംബിയന്റ് എയർ ക്വാളിറ്റി) പാലിക്കണം.

(G) **ലാൻഡ്ഫിൽ സൈറ്റിൽ നടീൽ നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**.- ലാന്റ്ഫില്ലിംഗ് പൂർണ്ണമായി നടന്നുകഴിഞ്ഞ സ്ഥലത്ത് താഴെപ്പറയുന്ന സവിശേഷതകൾക്കനുസൃതമായി ഒരു സസ്യാവരണം ഒരുക്കേണ്ടതാണ്, അതായത്:-

(a) വരൾച്ചയെയും കടുത്ത താപനിലയെയും പ്രതിരോധിക്കുന്ന, പ്രാദേശികമായി സ്വീകാര്യമായ ഭക്ഷ്യയോഗ്യമല്ലാത്ത ചിരസ്ഥായി സസ്യങ്ങൾ നടണം;

(b) വേരുകൾ 30 സെന്റിമീറ്ററിൽ കൂടുതൽ ആഴ്ന്നിറങ്ങി വ്യപിക്കാത്ത തരത്തിൽ വൈവിധ്യമുള്ളതായിരിക്കണം സസ്യങ്ങളുടെ തിരഞ്ഞെടുപ്പ്. ലാൻഡ്ഫിൽ ഉറച്ചനിലയിലാകുന്നതുവരെ ഈ വ്യവസ്ഥ ബാധകമായിരിക്കും;

(c) തിരഞ്ഞെടുത്ത സസ്യങ്ങൾക്ക് കുറഞ്ഞ പോഷക ഘടകങ്ങൾ ചേർന്ന കുറഞ്ഞ പോഷക മണ്ണിൽ വളരാൻ കഴിവുണ്ടായിരിക്കണം;

(d) മണ്ണൊലിപ്പ് കുറയ്ക്കുന്നതിന് പര്യാപ്തമായ സാന്ദ്രതയിൽ നടീൽ നടത്തണം.

(e) സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡുകളുമായോ മലിനീകരണ-നിയന്ത്രണ കമ്മിറ്റികളുമായോ കൂടിയാലോചിച്ച് ലാൻഡ്ഫില്ലിന്റെ അതിർത്തിയിൽ എല്ലായിടത്തും ഹരിത മേഖലകൾ വികസിപ്പിക്കേണ്ടതാണ്.

(H) **ലാൻഡ്ഫിൽ സൈറ്റിന്റെ അടച്ചുപൂട്ടലിനു ശേഷമുള്ള പരിപാലന മാനദണ്ഡങ്ങൾ**.- (1) ലാൻഡ്ഫിൽ സൈറ്റിന്റെ അടച്ചുപൂട്ടലിനു ശേഷവും അതിന്റെ പരിപാലന പദ്ധതി കുറഞ്ഞത് പതിനഞ്ച് വർഷമെ

ങ്കിലും തുടരേണ്ടതും, ദീർഘകാല നിരീക്ഷണ, പരിപാലന പദ്ധതിയിൽ ഇനിപ്പറയുന്നവ ഉൾക്കോള്ളേണ്ടതുമാണ്, അതായത് :-

(a) അന്തിമ ആവരണത്തിന്റെ സമഗ്രതയും ഫലപ്രാപ്തിയും നിലനിർത്തുക, അറ്റകുറ്റപ്പണികൾ നടത്തുക, ഒഴുകിപ്പോകുന്നതും വറ്റുന്നതും അന്തിമ ആവരണത്തിന് കേടുപാടുകൾ വരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്നത് തടയുക;

(b) ആവശ്യകതാനുനുസൃതമായി മാലിന്യ ശേഖരണ ഫെസിലിറ്റി നിരീക്ഷിക്കുക;

(c) ലാൻഡ്ഫില്ലിലും പരിസരത്തുമുള്ള ഭൂഗർഭജലത്തിന്റെ നിരീക്ഷണം;

(d) മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ലാൻഡ്ഫിൽ വാതക ശേഖരണ ഫെസിലിറ്റി പരിപാലിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.

(2) പതിനഞ്ച് വർഷത്തെ പോസ്റ്റ്-ക്ലോഷർ (അടച്ചുപൂട്ടലിനു ശേഷമുള്ള) നിരീക്ഷണത്തിനുശേഷം അടച്ചുപൂട്ടൽ സ്ഥലങ്ങളുടെ ഉപയോഗം മനുഷ്യവാസത്തിന് പരിഗണിക്കാവുന്നതാണ്, അല്ലെങ്കിൽ വാതക ഉദ്ഗമനവും ലീച്ചേറ്റ് ഗുണനിലവാര വിശകലനവും നിർദ്ദിഷ്ട നിലവാരത്തിലുള്ള മണലുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ മണ്ണിന്റെ സ്ഥിരത ഉറപ്പാക്കാൻ കഴിയുകയുള്ളൂ.

(I) **കുന്നിൻ പ്രദേശങ്ങൾക്കും ദ്വീപ് പ്രദേശങ്ങൾക്കുമുള്ള പ്രത്യേക വ്യവസ്ഥകൾക്കുള്ള മാനദണ്ഡങ്ങൾ**.- കുന്നുകളിലും ദ്വീപുകളിലും സ്ഥിതി ചെയ്യുന്ന നഗരങ്ങളിലും പട്ടണങ്ങളിലും ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ-നിയന്ത്രണ ബോർഡിന്റെയോ മലിനീകരണ-നിയന്ത്രണ സമിതിയുടെയോ അംഗീകാരത്തോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനം ഖരമാലിന്യത്തിന്റെ അന്തിമ സംസ്കരണത്തിനായി വികസിപ്പിച്ചെടുത്ത സ്ഥല-നിർദ്ദിഷ്ട രീതികൾ ജൈവമാലിന്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള സംസ്കരണ ഫെസിലിറ്റികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥാപിക്കണം. സംസ്കരിക്കാൻ കഴിയാത്ത ജൈവമാലിന്യങ്ങൾ ഇടയ്ക്കിടെ സംഭരിച്ച് പുന:സംസ്കരണത്തിനായി അയയ്ക്കണം. നിഷ്ക്രിയവും ജൈവികമല്ലാത്തതുമായ മാലിന്യങ്ങൾ (പുന:ചംക്രമണണയോഗ്യമല്ലാത്തതും ഊർജ്ജം വീണ്ടെടുക്കാൻ കഴിയാത്തതുമായവ) റോഡുകൾ നിർമ്മിക്കുന്നതിനോ കുന്നുകളിലെ സമുചിത പ്രദേശങ്ങൾ നികത്തുന്നതിനോ ഉപയോഗിക്കണം. കുന്നിൻ പ്രദേശങ്ങളിൽ മതിയായ സ്ഥലം കണ്ടെത്തുന്നതിൽ തടസ്സങ്ങൾ ഉണ്ടായാൽ, റോഡ് സ്ഥാപിക്കുന്നതിനോ നികത്തുന്നതിനോ അനുയോജ്യമല്ലാത്ത മാലിന്യങ്ങൾ സമതല പ്രദേശങ്ങളിലെ പ്രാദേശിക ലാൻഡ്ഫില്ലിൽ സംസ്കരിക്കണം.

(J) പഴയ മാലിന്യ ഡംപിംഗ് സ്ഥലങ്ങളുടെ അടച്ചുപൂട്ടലും പുനരുദ്ധാരണവും, പൂർണ്ണശേഷി കൈവരിച്ചതോ, പുതിയതും ശരിയായി രൂപകൽപ്പന ചെയ്തതോ ആയ ലാൻഡ്ഫില്ലുകൾ സ്ഥാപിച്ചതിനുശേഷം അധിക മാലിന്യങ്ങൾ ലഭിക്കാത്തതോ ആയ ഖരമാലിന്യ ഡംപിംഗ് സ്ഥലങ്ങൾ ഇനിപ്പറയുന്ന സാധ്യതകൾ പരിശോധിച്ച് അടച്ചുപൂട്ടി പുനരുദ്ധരിക്കേണ്ടതാണ്.

(i) ജൈവികഘനനത്തിലൂടെയും മാലിന്യ സംസ്കരണത്തിലൂടെയും മാലിന്യം കുറയ്ക്കുകയും, തുടർന്ന് പുതിയ ലാൻഡ്ഫില്ലുകളിൽ അവശിഷ്ടങ്ങൾ സ്ഥാപിക്കുകയും ചെയ്യുക

(ii) സ്വീകാര്യമായ തലത്തിലേക്ക് പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള അനുയോജ്യമായ മറ്റേതെങ്കിലും രീതി.

## ഷെഡ്യൂൾ III

**[അദ്ധ്യായം II, ചട്ടം 7(1)(b), അധ്യായം V, ചട്ടം 41(1)(ii), 41(1)(v), 41(1)(xi) എന്നിവ കാണുക]**

## ഖരമാലിന്യ സംസ്കരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും മാനദണ്ഡങ്ങൾ

**A. കമ്പോസ്റ്റിംഗിനുള്ള മാനദണ്ഡങ്ങൾ**.- മാലിന്യ-സംസ്കരണ കേന്ദ്രങ്ങളിൽ ജൈവ-മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതികവിദ്യകളിൽ ഒന്നായി കമ്പോസ്റ്റിംഗ് ഉൾപ്പെടുത്തണം. കമ്പോസ്റ്റ് പ്ലാന്റിൽ നിന്നുള്ള മലിനീകരണം തടയുന്നതിന്, ഇനിപ്പറയുന്നവ പാലിക്കണം:-

(a) കൂടുതൽ സംസ്കരണത്തിനു മുമ്പ് സൈറ്റിൽ വരുന്ന ജൈവ മാലിന്യങ്ങൾ ശരിയായി സംഭരിക്കണം. കഴിയുന്നിടത്തോളം, മാലിന്യ സംഭരണ പ്രദേശം മൂടി സൂക്ഷിക്കണം. അത്തരം സംഭരണം ഒരു തുറന്ന സ്ഥലത്താണ് നടത്തുന്നതെങ്കിൽ, ലീച്ചേറ്റും ഉപരിതല ജലവും ലീച്ചേറ്റ്- സംസ്കരണ നിർമ്മാർജ്ജന സൗകര്യവുമായി ബന്ധപ്പെടുത്തുന്ന പാളികളുള്ള ഓടകളിലേക്ക് ശേഖരിക്കുന്നതിനുള്ള സൗകര്യത്തോടെ അത് വ്യാപനക്ഷമതയുള്ള അരിച്ചിറങ്ങാൻ കഴിയുന്ന തടത്തിലേക്ക് ഒഴുക്കി വിടേണ്ടതാണ്.

(b) ദുർഗന്ധം, ഈച്ചകൾ, എലികൾ, പക്ഷി ഭീഷണി, തീപ്പിടുത്ത അപകടം എന്നിവ നേരിടുന്നതിനുള്ള ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേ ണ്ടതാണ്.

(c) പ്ലാന്റിന് തകരാറുണ്ടാകുകയോ അറ്റകുറ്റപ്പണി വേണ്ടി വരുകയോ ചെയ്താൽ, മാലിന്യം ശേഖരിക്കുന്നത് നിർത്തിവയ്ക്കേണ്ടതും, താൽക്കാലിക സംസ്കരണ സ്ഥലത്തേക്കോ താൽക്കാലിക ലാൻഡ്ഫിൽ സൈറ്റുകളിലേക്കോ മാലിന്യം വഴിതിരിച്ചുവിടുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. പ്ലാന്റ് പ്രവർത്തനക്ഷമമാകുമ്പോൾ, അവ വീണ്ടും സംസ്കരിക്കേണ്ട താണ്.

(d) സംസ്കരണ-പൂർവ, സംസ്കരണാനന്തര നിഷ്ക്രിയ്യ മാലിന്യങ്ങൾ സംസ്കരണകേന്ദ്രത്തിൽനിന്ന് പതിവായി നീക്കം ചെയ്യേണ്ടതും, സൈറ്റിൽ കൂമ്പാരം കൂടാൻ ഇടയാകുന്നത് അനുവദിക്കാൻ പാടില്ലാത്തതുമാണ്. പുന:ചംക്രമണ യോഗ്യമായവ അനുയോജ്യരായ വിൽപ്പനക്കാർ വഴി പുന:ചംക്രമണ യോഗ്യമല്ലാത്ത ഉയർന്ന കലോറി മൂല്യമുള്ള ഘടകങ്ങൾ വേർതിരിച്ച്, മാലിന്യത്തിൽനിന്ന് ഊർജ്ജം, അല്ലെങ്കിൽ മാലിന്യത്തിൽ നിന്ന് ഇന്ധനം എന്നിവയുടെ ഉത്പ്പാദനം, സിമന്റ് പ്ലാന്റുകളിലെ സഹ-സംസ്കരണം എന്നിവയ്ക്കായോ, താപ വൈദ്യുതി നിലയങ്ങളിലേയ്ക്കോ അയയ്ക്കണം. എല്ലാ പ്രക്രിയകളിൽ നിന്നുമുള്ള നിഷ്ക്രിയ്യ മാലിന്യങ്ങൾ മാത്രമേ സാനിറ്ററി ലാൻഡ്ഫിൽ സൈറ്റിലേക്ക് അയയ്ക്കാൻ പാടുള്ളൂ.

(e) മാലിന്യ ഉണക്കുന്ന സ്ഥലത്തിന് ദ്രാവക-പ്രവേശനമില്ലാത്ത ഒരു അടിത്തറ നൽകണം. 10-7cm/സെക്കൻഡിൽ താഴെയുള്ള വ്യാപനത്തോതുള്ള 50cm കട്ടിയുള്ള കോൺക്രീറ്റ്, അല്ലെങ്കിൽ ഒതുക്കിച്ചേർത്ത കളിമണ്ണ് കൊണ്ടാണ് അത്തരമൊരു അടിത്തറ നിർമ്മിക്കേണ്ടത്. അടിത്തറയ്ക്ക് ഒന്ന് മുതൽ രണ്ട് ശതമാനം വരെ ചരിവ് ഉണ്ടായിരിക്കണം, കൂടാതെ, ലീച്ചേറ്റ്, അല്ലെങ്കിൽ ഉപരിതല ജലം ശേഖരിക്കുന്നതിനായി പാളികളുള്ള ഓടകൾ വൃത്താകൃതിയിൽ സ്ഥാപിക്കേണ്ടതാണ് ;

(f) അന്തരീക്ഷ വായുവിന്റെ ഗുണനിലവാര നിരീക്ഷണം പതിവായി നടത്തണം. സംസ്കരണ പ്ലാന്റിന്റെ അതിർത്തിയിൽ കാറ്റിന്റെ ദിശയിലുള്ള ദുർഗന്ധ ശല്യവും പതിവായി പരിശോധിക്കണം.

(g) ഈർപ്പം നിലനിർത്തുന്നതിനായി കമ്പോസ്റ്റ് പ്ലാന്റിൽ ലീച്ചേറ്റ് പുന:ചംക്രമണം ചെയ്യണം.

(h) അന്തിമ ഉത്പന്ന കമ്പോസ്റ്റ് കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന വളം നിയന്ത്രണ ഉത്തരവിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കണം.

(i) കമ്പോസ്റ്റിന്റെ സുരക്ഷിതമായ പ്രയോഗം ഉറപ്പാക്കുന്നതിന്, കമ്പോസ്റ്റ് ഗുണനിലവാരത്തിനായുള്ള ഇനിപ്പറയുന്ന നിർദേശങ്ങൾ പാലിക്കണം, അതായത്:-

| പാരാമീറ്ററുകൾ | ജൈവ കമ്പോസ്റ്റ് (FCO2009) | ഫോസ്ഫേറ്റ്-സമ്പുഷ്ട ജൈവ വളം (FCO 2013) |
|---|---|---|
| (1) | (2) | (3) |
| ആർസെനിക് (mg/Kg) | 10.00 | 10.00 |
| കാഡ്മിയം (mg/Kg) | 5.00 | 5.00 |
| ക്രോമിയം (mg/Kg) | 50.00 | 50.00 |
| ചെമ്പ് (mg/Kg) | 300.00 | 300.00 |
| ഈയം (mg/Kg) | 100.00 | 100.00 |

| | | |
|---|---|---|
| മെർക്കുറി (mg/Kg) | 0.15 | 0.15 |
| നിക്കൽ (mg/Kg) | 50.00 | 50.00 |
| നാകം(mg/Kg) | 1000.00 | 1000.00 |
| C/N അനുപാതം | <20 | അതിൽ കുറവ് 20:1 |
| pH | 6.5-7.5 | (1:5 ലായനി) പരമാവധി 6.7 |
| ഈർപ്പം, ഭാരം അനുസരിച്ചുള്ള ശതമാനം, പരമാവധി | 15.0-25.0 | 25.0 |
| വൻകിട ഡെൻസിറ്റി (ഗ്രാം/സെ.മീ3) | <1.0 | അതിൽ കുറവ് 1.6 |
| ആകെ ജൈവ കാർബൺ, ഭാരം അനുസരിച്ച് ശതമാനം, കുറഞ്ഞത് | 12.0 | 7.9 |
| ആകെ നൈട്രജൻ (N എന്ന നിലയിൽ), ഭാരമനുസരിച്ചുള്ള ശതമാനം, കുറഞ്ഞത് | 0.8 | 0.4 |
| ഭാരം അനുസരിച്ചുള്ള ആകെ ഫോസ്ഫേറ്റ് (P205 എന്ന നിലയിൽ) | 0.4 | 10.4 |

| | | |
|---|---|---|
| ശതമാനം, കുറഞ്ഞത് | | |
| ആകെ പൊട്ടാസ്യം ($K_2O$ എന്ന നിലയിൽ), ഭാരം അനുസരിച്ച് ശതമാനം, കുറഞ്ഞത് | 0.4 | - |
| നിറം | കടും തവിട്ട് മുതൽ കറുപ്പ് വരെ | - |
| ഗന്ധം | ദുർഗന്ധത്തിന്റ അഭാവം ദുർഗന്ധം | - |
| കണിക വലുപ്പം | കുറഞ്ഞത് 90% മെറ്റീരിയൽ 4.0 mm IS അരിപ്പയിലൂടെ കടന്നുപോകണം. | കുറഞ്ഞത് 90% മെറ്റീരിയൽ 4.0 mm IS അരിപ്പയിലൂടെ കടന്നുപോകണം. |
| ചാലകത ($dsm^{-1}$ എന്ന നിലയിൽ), ഇതിൽ കൂടുതലല്ല | 4.0 | 8.2 |

*മേൽപ്പറഞ്ഞ സാന്ദ്രതാ പരിധികൾ കവിയുന്ന കമ്പോസ്റ്റ് (അന്തിമ ഉൽപ്പന്നം), ഭക്ഷ്യവിളകൾക്ക് ഉപയോഗിക്കാൻ പാടില്ല. എന്നിരുന്നാലും, ഭക്ഷ്യവിളകൾ വളർത്തുന്നതിനല്ലാത്ത മറ്റ് ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കാവുന്നതാണ്.

**B. കംപ്രസ്ഡ് ബയോഗ്യാസ് (കംപ്രസ്ഡ് ബയോഗ്യാസ് അല്ലെങ്കിൽ ബയോ-കംപ്രസ്ഡ് പ്രകൃതി വാതകം) പ്ലാന്റുകൾക്കും ഗാർഹിക ജൈവമാലിന്യ-സംസ്കരണ പ്ലാന്റിനുമുള്ള മാനദണ്ഡങ്ങൾ.-**

കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന വിധത്തിൽ, കംപ്രസ്ഡ് ബയോഗ്യാസ് (കംപ്രസ്ഡ് ബയോഗ്യാസ് അല്ലെങ്കിൽ ബയോ-കംപ്രസ്ഡ് പ്രകൃതി വാതകം) പ്ലാന്റിനും ഗാർഹിക ജൈവമാലിന്യ-സംസ്കരണ പ്ലാന്റിനുമുള്ള കേന്ദ്ര മലിനീകരണ-നിയന്ത്രണ ബോർഡിന്റെ പാരിസ്ഥിതിക മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം. പുളിപ്പിച്ച ജൈവ വളത്തിന്റെയും (FOM), ദ്രാവകത്തിൽ പുളിപ്പിച്ച ജൈവവളത്തിന്റെയും (LFOM) ഉത്പാദനം യഥാക്രമം, 14.7.2020 തീയതിയിലെ ഗസറ്റ് വിജ്ഞാപനം നമ്പർ 2051-ലെയും, 01-06-2021-ലെ ഗസറ്റ് വിജ്ഞാപനം, നം. 1972-ലെയും ആവശ്യകതകൾക്ക് അനുസൃതമായിരിക്കണം, അല്ലെങ്കിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട 1985-ലെ വളം നിയന്ത്രണ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള സമ്പുഷ്ഠ വളം ആവശ്യകതകൾ അനുസരിച്ചായിരിക്കണം.

**C. സംസ്കരിച്ച ലീച്ചേറ്റിനുള്ള മാനദണ്ഡങ്ങൾ.** - സംസ്കരിച്ച ലീച്ചേറ്റിന്റെ നിർമ്മാർജ്ജനം ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്, അതായത്: -

| ക്രമ നമ്പർ | അളവു മാനദണ്ഡങ്ങൾ | മാനദണ്ഡങ്ങൾ (നിർമ്മാർജ്ജന രീതി) | | |
|---|---|---|---|---|
| | | ഉൾനാടൻ ഉപരിതല ജലം | പൊതു അഴുക്കുചാലുകൾ | ഭൂമാർഗമുള്ള നിർമ്മാർജ്ജനം |
| (1) | (2) | (3) | (4) | (5) |

| | | | | |
|---|---|---|---|---|
| 1. | തങ്ങിക്കിടക്കുന്ന ഖരവസ്തുക്കൾ, mg/l, പരമാവധി | 100 | 600 | 200 |
| 2. | ലയിച്ച ഖരവസ്തുക്കൾ (അജൈവ) mg/l, പരമാവധി. | 2100 | 2100 | 2100 |
| 3 | pH മൂല്യം | 5.5 to 9.0 | 5.5 to 9.0 | 5.5 to 9.0 |
| 4 | അമോണിയൽ നൈട്രജൻ (asN), mg/l, പരമാവധി. | 50 | 50 | - |
| 5 | ആകെ കെജെൽഡാൽ നൈട്രജൻ (N എന്ന നിലയിൽ), mg/l, പരമാവധി. | 100 | - | - |
| 6 | ബയോകെമിക്കൽ ഓക്സിജന്റെ ആവശ്യകത (270C-യിൽ 3 ദിവ സം) പരമാവധി (mg/l) | 30 | 350 | 100 |
| 7 | കെമിക്കൽ ഓക്സിജൻ ആവശ്യകത, mg/l, പരമാവധി. | 250 | - | - |
| 8 | ആർസെനിക് (ആനുപാതികമായി), mg/l, പരമാവധി | 0.2 | 0.2 | 0.2 |

| | | | | |
|---|---|---|---|---|
| 9 | മെർക്കുറി ($Hg$ എന്ന നിലയിൽ), mg/l, പരമാവധി | 0.01 | 0.01 | - |
| 10 | ലെഡ് ($Pb$ എന്ന നിലയിൽ), mg/l, പരമാവധി | 0.1 | 1.0 | - |
| 11 | കാഡ്മിയം ($Cd$ എന്ന നിലയിൽ), mg/l, പരമാവധി | 2.0 | 1.0 | - |
| 12 | ആകെ ക്രോമിയം ($Cr$ എന്ന നിലയിൽ), mg/l, പരമാവധി. | 2.0 | 2.0 | - |
| 13 | ചെമ്പ് ($Cu$ എന്ന നിലയിൽ), mg/l, പരമാവധി. | 3.0 | 3.0 | - |
| 14 | സിങ്ക് ($Zn$ എന്ന നിലയിൽ), mg/l, പരമാവധി. | 5.0 | 15 | - |
| 15 | നിക്കൽ ($Ni$ എന്ന നിലയിൽ), mg/l, പരമാവധി | 3.0 | 3.0 | - |
| 16 | സയനൈഡ് ($CN$ എന്ന നിലയിൽ), mg/l, പരമാവധി. | 0.2 | 2.0 | 0.2 |
| 17 | ക്ലോറൈഡ് ($Cl$ എന്ന നിലയിൽ), mg/l, പരമാവധി. | 1000 | 1000 | 600 |

| | | | | |
|---|---|---|---|---|
| 18 | ഫ്ലൂറൈഡ് (F എന്ന നിലയിൽ), mg/l, പരമാവധി | 2.0 | 1.5 | - |
| 19 | ഫിനോളിക് സംയുക്തങ്ങൾ (C6H5OH എന്ന നിലയിൽ) mg/l, പരമാവധി. | 1.0 | 5.0 | - |

കുറിപ്പ്: സംസ്കരിച്ച ലീച്ചേറ്റ് ഉൾനാടൻ ഉപരിതല ജലാശയങ്ങളിലേക്ക് പുറന്തള്ളുമ്പോൾ, പുറന്തള്ളുന്ന ലീച്ചേറ്റിന്റെ അളവിനും സ്വീകരിക്കുന്ന ജലാശയത്തിൽ ലഭ്യമായ നേർപ്പിച്ച വെള്ളത്തിന്റെ അളവിനും അർഹമായ പരിഗണന നൽകേണ്ടതാണ്.

**D. ഇൻസിനറേഷനുള്ള മാനദണ്ഡങ്ങൾ**.- ഖരമാലിന്യ സംസ്കരണത്തിലോ നിർമ്മാർജ്ജന സൗകര്യത്തിലോ ഉള്ള ഇൻസിനറേറ്ററുകൾ/താപ സാങ്കേതികവിദ്യകളിൽ നിന്നുള്ള ഉദ്ഗമനം ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കണം, അതായത്:-

| പാരാമീറ്റർ | ഉദ്വമന മാനദണ്ഡങ്ങൾ | |
|---|---|---|
| (1) | (2) | (3) |
| കണികകൾ | 50mg/$Nm^3$ | സ്റ്റാൻഡേർഡ് എന്നത് അരമണിക്കൂർ ശരാശരി മൂല്യം എന്നത് സൂചിപ്പിക്കുന്നു. |
| HCl | 50mg/$Nm^3$ | സ്റ്റാൻഡേർഡ് എന്നാൽ അരമണിക്കൂർ ശരാശരി |

| | | |
|---|---|---|
| | | മൂല്യം എന്നത്  സൂചിപ്പി ക്കുന്നു |
| SO2 | 200mg/Nm$^3$ | സ്റ്റാൻഡേർഡ് എന്നത്, അരമണിക്കൂർ ശരാശരി മൂല്യം എന്ന് സൂചിപ്പിക്കുന്നു. |
| CO | 100mg/Nm$^3$ | സ്റ്റാൻഡേർഡ് എന്നത്, അരമണിക്കൂർ ശരാശരി മൂല്യം എന്ന് സൂചിപ്പിക്കുന്നു. |
| | 50mg/Nm$^3$ | സ്റ്റാൻഡേർഡ് ദൈനംദിന ശരാശരി മൂല്യത്തെ സൂചി പ്പിക്കുന്നു |
| ആകെ ജൈവ കാർബൺ | 20mg/Nm$^3$ | സ്റ്റാൻഡേർഡ് എന്നത് അരമണിക്കൂർ ശരാശരി മൂല്യം എന്ന് സൂചിപ്പിക്കുന്നു |
| HF | 4mg/Nm$^3$ | സ്റ്റാൻഡേർഡ് എന്നത് അരമണിക്കൂർ ശരാശരി മൂല്യം എന്ന് സൂചിപ്പിക്കുന്നു |
| NOx(NO-യും NO2-വും NO2 എന്ന് സൂചിപ്പിച്ചിരിക്കുന്നു.) | 400mg/Nm$^3$ | സ്റ്റാൻഡേർഡ് എന്നത് അരമണിക്കൂർ ശരാശരി മൂല്യം എന്ന് സൂചിപ്പിക്കുന്നു |
| ആകെ ഡയോക്സിനുകളും ഫ്യൂറാനുകളും | 0.1ngTEQ/Nm$^3$ | സ്റ്റാൻഡേർഡ് എന്നത് 6-8 മണിക്കൂർ സാമ്പിളുകൾ |

| | | |
|---|---|---|
| | | എടുക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. മൊത്തം വിഷമൂല്യ തുല്യതയിൽ എത്തിച്ചേരുന്നതിന്, വിഷ മൂല്യ തുല്യതയ്ക്കായി ബന്ധപ്പെട്ട സമാനവർഗ്ഗ (Congeners) 17-നുള്ള മാർഗ്ഗനിർ ദ്ദേശങ്ങൾ ദയവായി പരിശോധി ക്കുക. |
| Cd + Th + അവയുടെ സംയുക്തങ്ങൾ | 0.05mg/$Nm^3$ | സ്റ്റാൻഡേർഡ് എന്നത് 30 മിനിറ്റിനും 8 മണിക്കൂറിനും ഇടയിലുള്ള സാമ്പിളെ ടുക്കൽ സമയത്തെ സൂചിപ്പിക്കുന്നു. |
| Hg-യും അതിന്റെ സംയുക്തങ്ങളും | 0.05mg/$Nm^3$ | സ്റ്റാൻഡേർഡ് എന്നത് 30 മിനിറ്റിനും 8 മണിക്കൂറിനും ഇടയിലുള്ള സാമ്പിളെടു ക്കൽ സമയത്തെ സൂചിപ്പി ക്കുന്നു. |
| Sb + As + Pb + Cr + Co + Cu + Mn + Ni + V + എന്നിവയും അവയുടെ സംയു ക്തങ്ങളും | 0.5mg/$Nm^3$ | സ്റ്റാൻഡേർഡ് എന്നത് 30 മിനിറ്റ് മുതൽ 8 മണിക്കൂർ വരെയുള്ള സാമ്പിളെടുക്കൽ സമയത്തെ സൂചിപ്പിക്കുന്നു |

| |
|---|
| കുറിപ്.-എല്ലാ വാല്യുകളും ഈർപ്പമില്ലാത്ത 11% ഓക്സിജൻ എന്ന തോതിൽ കറക്ട് ചെയ്യപ്പെട്ടിരിക്കുന്നു. |

കുറിപ്പുകൾ:

(a) നിഷ്ക്രിയ്യ മാലിന്യത്തിൽ നിന്ന് ഇന്ധനം നിർമ്മിക്കുന്നതിനുള്ള പ്ലാന്റുകളിൽ 1500 കിലോ കലോറി/കിലോഗ്രാമിൽ താഴെ മാലിന്യം ലഭിക്കുന്ന സാഹചര്യത്തിൽ, അവ വേർതിരിക്കുന്ന തിനുള്ള സൗകര്യം ഉണ്ടായിരിക്കണം. 1500 കിലോ കലോറിയിൽ താഴെയോ, അതിൽ കുറവോ ഉള്ള മാലിന്യം വൈദ്യുതി പ്ലാന്റിലേക്കോ ഇൻസിനറേറ്ററിലേക്കോ മാലിന്യത്തിന്റെ ബോയിലറിലേക്കോ കടത്തിവിടരുത്. മുകളിൽ പറഞ്ഞ ഉദ്വമന പരിധികൾ കൈവരിക്കുന്നതിന് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത മലിനീകരണ-നിയന്ത്രണ ഉപകരണങ്ങൾ, ഇൻസിനറേറ്റർ ഉപയോഗിച്ച് സ്ഥാപിക്കുകയോ നവീകരിക്കു കയോ ചെയ്യേണ്ടതാണ്.

(b) കത്തിക്കാൻ പോകുന്ന മാലിന്യങ്ങൾ ഏതെങ്കിലും ക്ലോറിനേറ്റഡ് അണുനാശിനികൾ ഉപയോഗിച്ച് രാസപരമായി സംസ്കരിക്കരുത്.

(c) ക്ലോറിനേറ്റഡ് പ്ലാസ്റ്റിക്കുകൾ കത്തിക്കാൻ പാടില്ല.

(d) കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന വിധത്തിലുള്ള ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ്, ഹാൻഡ്ലിംഗ് ആന്റ് ട്രാൻസ് ബൗണ്ടറി മൂവ്മെന്റ്) ചട്ടങ്ങൾ, 2016-ൽ വ്യക്തമാക്കിയിട്ടുള്ള പരിധി കവിയുന്നുവെങ്കിൽ, അതിന്റെ ചാരം അപകടകരമായ

മാലിന്യ സംസ്കരണ, സംഭരണ, നിർമ്മാർജ്ജന കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്.

(e) ലൈറ്റ് ഡീസൽ ഓയിൽ, ലോ സൾഫർ ഹെവി സ്റ്റോക്ക് (കുറഞ്ഞ അളവിൽ സൾഫർ അടങ്ങിയ ഘന ഇന്ധനം) ഡീസൽ, ബയോ-മാസ്(ജൈവാംശം), കൽക്കരി, ദ്രവീകൃത പ്രകൃതിവാതകം, കംപ്രസ്ഡ് പ്രകൃതി വാതകം, തിരസ്കൃത മാലിന്യത്തിൽ നിന്നു നിർമ്മിക്കുന്ന ഇന്ധനം, ബയോഗ്യാസ് തുടങ്ങിയ സൾഫറിന്റെ അളവുകുറഞ്ഞ ഇന്ധനങ്ങൾ മാത്രമേ ഇൻസിനറേറ്ററിൽ ഇന്ധനമായി ഉപയോഗിക്കാവൂ.

(f) ടെയിൽ ഗ്യാസിലെ CO2 (മാലിന്യ സസ്കരണാനന്തര അന്തിമ വാതകം) സാന്ദ്രത ഏഴ് ശതമാനത്തിൽ കൂടുതലാകരുത്.

(g) ഇരട്ട അറ സൗകര്യമുള്ള ഇൻസിനറേറ്ററുകളിലെ എല്ലാ സംവിധാനങ്ങളും സെക്കൻഡറി കമ്പഷൻ (Combustion) ചേമ്പറിൽ കുറഞ്ഞത് 950 ഡിഗ്രി സെൽഷ്യസ് താപനില കൈവരിക്കുന്ന തരത്തിലും ദ്വിതീയ ദഹന അറയിൽ കുറഞ്ഞത് 2 (രണ്ട്) സെക്കൻഡ് എന്ന നിരക്കിലും വാതക-വ്യാപരിത സമയം ഉറപ്പാക്കുന്ന തരത്തിലും രൂപകൽപ്പന ചെയ്തിരിക്കണം.

(h) ഉപോൽപ്പന്ന മാലിന്യത്തിലും അടിഭാഗത്തെ ചാരത്തിലുമുള്ള ആകെ ജൈവ കാർബൺ (TOC) ഉള്ളടക്കം മൂന്ന് ശതമാനത്തിൽ താഴെയാക്കുന്നതിനോ, അല്ലെങ്കിൽ ജ്വലന നഷ്ടം ഈർപ്പരഹിതമായ (dry) ഭാരത്തിന്റെ അഞ്ച് ശതമാനത്തിൽ താഴെയാ ക്കുന്നതിനോ, ആവശ്യമായ താപനില, നിലനിർത്തൽ സമയം, നിയന്ത്രണമില്ലാത്ത വായു പ്രവാഹം എന്നിവയോടെ ഇൻസിനറേഷൻ പ്ലാന്റുകൾ (ജ്വലന അറകൾ) പ്രവത്തിപ്പിക്കണം.

## ഷെഡ്യൂൾ IV

**[അദ്ധ്യായം III, ചട്ടം 15(4)(v) കാണുക]**

**മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിൽ തീപിടുത്തപ്രതിരോധത്തിനും അതു കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ**

**(A) ഓൺ-സൈറ്റ് അടിയന്തര പദ്ധതി**

(i) സംസ്ഥാന നഗരവികസന വകുപ്പ് സമഗ്രമായ അപകടസാധ്യത വിലയിരുത്തൽ പഠനങ്ങൾ നടത്തേണ്ടതും, അതിൻ പ്രകാരം ഓരോ ഡംപ്സൈറ്റിനും ഇനിപ്പറയുന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ഓൺ-സൈറ്റ് അടിയന്തര പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

a) തീ, ദുർഗന്ധ പൂരിതവും കത്തിപ്പടരുന്നതുമായ പുറന്തള്ളലുകൾ, ദുർഗന്ധം, കൊതുകുകളും ഈച്ചകളും പരത്തുന്ന രോഗങ്ങൾ, എലികൾ, പക്ഷികൾ, ഋതുഭേദങ്ങൾ മൂലമുണ്ടാകുന്ന മാറ്റങ്ങൾ, ഡംപ്-സൈറ്റുകളിലെ അപകടസാധ്യതകൾ എന്നിവയും, ഡംപ്-സൈറ്റുകൾക്ക് ചുറ്റുമുള്ള ജനങ്ങൾ, സസ്യജന്തുജാലങ്ങൾ എന്നിവയുൾപ്പെടെ ബാധിക്കപ്പെടാൻ സാധ്യതയുള്ള ഭൂപ്രദേശം എന്നിവ മൂലമുണ്ടാകുന്ന അപകട സാധ്യതകളും അടിയന്തര സാഹചര്യങ്ങളും ലഘൂകരിക്കുന്നതിനുള്ള വിശദമായ പരിഹാര നടപടികൾ അത്തരം അടിയന്തര സാഹചര്യങ്ങളിൽ സജ്ജമാക്കപ്പെടുന്ന കൺട്രോൾ റൂമുകൾ നിരീക്ഷിക്കണം

b) സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള ജില്ലാ കളക്ടറോ ജില്ലാ എമർജൻസി അതോറിറ്റിയോ അതത് ജില്ലകളിലെ നിലവിലുള്ള ഓഫ്-സൈറ്റ് ജില്ലാ ദുരന്ത നിവാരണ പദ്ധതികളുമായി ഓൺ-സൈറ്റ് അടിയന്തര പദ്ധതികൾ സംയോജിപ്പിക്കണം.

c) സംസ്ഥാന, അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശ അധികാരികൾ ഈ വിഷയത്തിൽ ഒരു വിദഗ്ദ്ധ ഏജൻസി വഴി ഓൺ-സൈറ്റും ഓഫ്-സൈറ്റും അടിസ്ഥാനത്തിലുള്ള അടിയന്തര മാനേജ്മെന്റ് പദ്ധതികൾ തയ്യാറാക്കണം.

